NOVEMBER 2022
Volume 55
Issue 2

16 വിപണി ലക്ഷ്യമിട്ട് മൂല്യവർധിത കൃഷി മിഷൻ

22 കരടുനയത്തിന്റെ മൂന്നാം പാദത്തിൽ


സംസ്ഥാന വ്യവസായവാണിജ്യ വകുപ്പ് പ്രസിദ്ധീകരണം

# വ്യവസായ കേരളം

## VYAVASAYA KERALAM



# വിദ്യാർത്ഥി സംരംഭകത്വവും ബിസിനസ് പ്ലാനും സർക്കാർ പദ്ധതികളും


MLOUNGE
MEN WOMEN JUNIORS
A STYLE FOR EVERY STORY
LOUIS PHILIPPE
spykar
VOI JEANS
Allen Solly
INDIAN TERRAIN
Crocodile
KILLER
W
aurelia
OXEMBERG
BLACKBERRYS
RARE RABBIT
AND
U.S. POLO ASSN.
Levi's
global desi
FLYING MACHINE
itse
ZOUL
zivana
ZEPA
ESVIKA
MIKIMI
COSH
TOGR
RUQZI
Awella
Camrila
ELEYRA
TRESHLEY
www.mlounge.com
KANNUR | KOTTAKKAL | PERINTHALMANNA | MANJERI | TIRUR
Call : 18001232324

Vyavasaya Keralam
വ്യവസായകേരളം
www.keralaindustry.org

നവംബർ 2022
November 2022

പുസ്തകം 55
Volume 55

ലക്കം 2
Issue 2

# ഉള്ളടക്കം

06 സംരംഭകത്വ വികസനത്തിനാക്കം കൂട്ടി 5 ജി യുടെ വരവ്
ആഷിക്ക്. കെ. പി

12 എന്റർപ്രണർ സപ്പോർട്ട് സ്കീം– സംരംഭകർക്ക് മികച്ച സാമ്പത്തിക സഹായ പദ്ധതി
റ്റി. എസ്. ചന്ദ്രൻ

16 വിപണി ലക്ഷ്യമിട്ട് മൂല്യവർധിത കൃഷി മിഷൻ
സൗമ്യ ബേബി

22 കരടുനയത്തിന്റെ മൂന്നാം പാദത്തിൽ
എഴുമാവിൽ രവീന്ദ്രനാഥ്

26 മത്സ്യകൃഷിയിലെ സംരംഭകത്വ സാധ്യതകൾ
ഇന്ദു കെ പി

30 വിദ്യാർത്ഥി സംരംഭകത്വവും ബിസിനസ് പ്ലാനും സർക്കാർ പദ്ധതികളും
ജി. കൃഷ്ണപിള്ള

36 ക്ലൗഡ് ക്യാമ്പസ് മാറുന്ന വിദ്യാഭ്യാസ മേഖല
ലോറൻസ് മാത്യു

42 റെസ്പോൺസിബിൾ ടൂറിസത്തിന്റെ പതിനഞ്ച് വർഷങ്ങൾ
മനോജ് മാതിരപ്പള്ളി

48 നല്ലൊരു വിൽപനക്കാരനായി മാറാൻ നിങ്ങൾ അറിയേണ്ടത്
ഡോ. സുധീർ ബാബു








# വ്യവസായ കേരളം

**ചീഫ് എഡിറ്റർ**
**ശ്രീ. ഹരികിഷോർ** ഐ.എ.എസ്
ഡയറക്ടർ, വ്യവസായ വാണിജ്യ വകുപ്പ്

**എഡിറ്റർ**
ബൈജു ആർ.എസ്.

**കവർ, ഡിസൈൻ & ലേഔട്ട്**
ദീപക് മൗത്താട്ടിൽ

**ടൈപ്പ് സെറ്റിംഗ്**
വി. അഭിലാഷ്

**എഡിറ്റോറിയൽ ഓഫീസ്**
വ്യവസായകേരളം
ഡോക്യുമെന്റേഷൻ സെന്റർ
ഡി.ഐ.സി. ബിൽഡിങ്
വെള്ളയമ്പലം
തിരുവനന്തപുരം - 695 033

**ഫോൺ: 6238302158**
**ഇമെയിൽ-**
vyavasayakeralam@gmail.com
**വെബ്സൈറ്റ്-**
www.keralaindustry.org
www.industry.kerala.gov.in

**പ്രതിനിധികൾ-**
- **തിരുവനന്തപുരം** : കാഞ്ചന എം.
- **കൊല്ലം** : സജീവ്കുമാർ കെ.എ.
- **പത്തനംതിട്ട**: അനൂപ് ഷിനു കെ.
- **ആലപ്പുഴ** : സുരേഷ്ബാബു ആർ.
- **കോട്ടയം** : ലോറൻസ് മാത്യു
- **ഇടുക്കി** : പ്രേംജിത്ത് പി.
- **എറണാകുളം** : കെ.പി. അജിത്കുമാർ
- **തൃശൂർ** : അനിൽകുമാർ കെ.പി.
- **പാലക്കാട്** : തോമസ് ചാക്കോ
- **മലപ്പുറം** : ശ്രീരാജ് എം.
- **കോഴിക്കോട്** : നിധിൻ കെ.
- **വയനാട്** : അനിൽകുമാർ
- **കണ്ണൂർ** : മനോജ് പി.കെ.
- **കാസർഗോഡ്** : അഷ്കർ

**അഡ്മിനിസ്ട്രേറ്റീവ് സപ്പോർട്ട്**
സിമിചന്ദ്രൻ വി.ആർ.,
സിന്ധു എസ്.,
ക്ലാരമ്മ ജെയിംസ്,
അനിത എസ്.,
സംസം എസ്.,
ജെഫേഴ്സൺ സെബാസ്റ്റ്യൻ
ബേബി. വൈ.
രാമകൃഷ്ണൻ എഴുത്തച്ഛൻ



ലേഖകരുടെ അഭിപ്രായങ്ങൾ
സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ ഉത്തരവാദിത്വം
ലേഖകർക്ക് മാത്രമാണ്.




## മുഖക്കുറിപ്പ്


**ശ്രീ. ഹരികിഷോർ** ഐ.എ.എസ്
ഡയറക്ടർ, വ്യവസായ വാണിജ്യ വകുപ്പ്


# വിദ്യാർത്ഥികളിൽ സംരംഭകത്വം വളർത്തേണ്ടതിന്റെ ആവശ്യകത

സംരംഭകത്വ വിദ്യാഭ്യാസം വിദ്യാർത്ഥികളുടെ ഇടയിൽ നിന്നും സംരംഭകരെ സൃഷ്ടിക്കാനുള്ള ഒരു പ്രചോദന ഘടകമായി മാറിയിട്ടുണ്ട്. സാങ്കേതികമായ മുന്നേറ്റം, ജനസംഖ്യ വളർച്ച എന്നീ കാരണങ്ങൾ കൊണ്ട് തന്നെ അനുയോജ്യമായ ജോലികൾ ലഭിക്കാനുള്ള അവസരങ്ങൾ പരിമിതമാണ്. ഇക്കാരണത്താൽ ഇന്നത്തെ തലമുറ അവരുടെ ജീവിത ഉപാധിയായി സംരംഭകത്വം തെരഞ്ഞെടുത്ത് തുടങ്ങിയിട്ടുണ്ട്. ഒരു രാജ്യത്തിന്റെ സാമ്പത്തിക വികസനത്തിനും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും സംരംഭകത്വം വളരെയേറെ സംഭാവന ചെയ്യുന്നു. സംരംഭകത്വം തികച്ചും സമ്മർദ്ദമേറിയ പ്രവൃത്തിയാണ്. എന്നാൽ സെക്കണ്ടറി തലം (9-ാം ക്ലാസ്) മുതൽ തന്നെ സംരംഭകത്വ ബോധവത്കരണവും പരിശീലനവും നൽകുന്നതിലൂടെ വിദ്യാർത്ഥികൾക്ക് യഥാർത്ഥ ലോകത്തിൽ അവരുടെ ജീവിതത്തിനാവശ്യമായ വൈദഗ്ദ്ധ്യവും ആത്മവിശ്വാസവും (Life Skills and Self-confidence) നേടുന്നതിന് കഴിയുന്നു. വിദ്യാർത്ഥികൾക്ക് അവർ തെരഞ്ഞെടുത്തിരിക്കുന്ന കോഴ്സിന് നിഷ്കർഷിച്ചിരിക്കുന്നതിനേക്കാൾ കൂടുതൽ കാര്യങ്ങൾ സംരംഭകത്വത്തിലൂടെ നേടുവാൻ കഴിയുന്നു. സംരംഭകത്വ വിദ്യാഭ്യാസം നവീനമായ അഭിരുചികൾ വളർത്തുകയും ഭാവി വികസനത്തിന് അത് ചാലകശക്തിയായി മാറുകയും ചെയ്യും. കോഴ്സ് കഴിഞ്ഞ് സ്ഥാപനത്തിൽ നിന്നും പുറത്ത് പോകുമ്പോൾ, വിദ്യാർത്ഥികൾക്ക് പരസ്പര ബന്ധത്തിലൂടെയും സൗഹൃദത്തിലൂടെയും ഒരു ദീർഘമായ വിജയം നേടുന്നതിന് അവർ ആർജ്ജിച്ച സംരംഭകത്വ വിദ്യാഭ്യാസം അവരെ പ്രാപ്തരാക്കുന്നു.

വിദ്യാർത്ഥി സംരംഭകരുടെ വളർച്ച ത്വരിതപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെയാണ് കേരള സർക്കാർ സ്റ്റാർട്ട് അപ്പ് പോളിസി നടപ്പിലാക്കി വരുന്നത്. സ്കൂളുകൾ, കോളേജുകൾ, യുവ സംരംഭകർ എന്നിവയിൽ നിന്നുള്ള എല്ലാ വിശാലമായ മേഖലകളും ഈ പോളിസിയിൽ ഉൾക്കൊള്ളുന്നു. വിദ്യാർത്ഥികളിൽ സംരംഭകത്വ സംസ്കാരം വളർത്തുകയെന്ന ലക്ഷ്യത്തോടെ സ്കൂൾ/ കോളേജ് (ഇ.ഡി. ക്ലബ്) സ്ഥാപിക്കുന്നതിനുവേണ്ടി ഗ്രാന്റ് പോലെയുള്ള സാമ്പത്തിക സഹായങ്ങൾ വ്യവസായ വകുപ്പ് നൽകിവരുന്നുണ്ട്. വിദ്യാർത്ഥികൾക്ക് മോട്ടിവേഷൻ സംരംഭകത്വ ബോധവത്കരണം, ബിസിനസ് പ്ലാൻ തയ്യാറാക്കൽ മുതലായവയിൽ ക്ലാസുകളും പരിശീലന പരിപാടികളും ഇ. ഡി. ക്ലബിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച് വരുന്നു. പുതിയ ആശയങ്ങൾ കണ്ടെത്തുന്നതിനും വികസിപ്പിക്കുന്നതിനും അത് ടെക്നോളജിയുടെ സഹായത്തോട് നടപ്പിലാക്കുന്നതിനും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇൻകുബേഷൻ കേന്ദ്രങ്ങൾ സജ്ജമാക്കുന്ന പ്രവർത്തനങ്ങളും സംസ്ഥാന വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ നടന്നു വരുന്നു. കൂടാതെ സ്കൂൾ/ കോളേജ് വിദ്യാർത്ഥികൾക്കുവേണ്ടി വ്യവസായ വകുപ്പ് സംരംഭകത്വ ബോധവത്കരണ പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പണം സമ്പാദനം മാത്രമല്ല വിദ്യാർത്ഥി സംരംഭകരുടെ പ്രധാന ലക്ഷ്യം. പ്രശ്നങ്ങൾ നിലനിൽക്കുമ്പോൾ അതിന് നൂതനമായ ആശയങ്ങളിലൂടെ പരിഹാരം കണ്ടെത്തുന്നതിനുള്ള പ്രവൃത്തി ഏറ്റെടുക്കുകയെന്നുള്ളതാണ് ഇക്കൂട്ടർ ചെയ്യുന്നത്. സ്കൂൾ/ കോളേജ് തലം മുതൽ തന്നെ സംരംഭകത്വം സിലബസിന്റെ ഭാഗമാക്കുന്നതിലൂടെ ഇപ്പോഴും ഭാവിയിലും ദിശബോധമുള്ള ഒരു "സംരംഭകത്വ സംസ്കാരം" സൃഷ്ടിക്കുവാൻ കഴിയുമെന്ന ശുഭാപ്തി വിശ്വാസമുണ്ട്. ■

ഒപ്പ്
**ചീഫ് എഡിറ്റർ**



**ശ്രീ. പി. രാജീവ്**
വ്യവസായം, വാണിജ്യം, നിയമം, കയർ വകുപ്പ് മന്ത്രി

# സംരംഭക വർഷത്തിൽ ഡിജിറ്റൽ സർവ്വേയ്ക്കും തുടക്കമായി

കേരളത്തിൽ പ്രവർത്തിക്കുന്ന സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിയ്ക്കുന്ന ഡിജിറ്റൽ സർവ്വേയ്ക്ക് തുടക്കമായിരിക്കുകയാണ്. 2022 മാർച്ച് 31 നോ അതിനു മുൻപോ പ്രവർത്തനം ആരംഭിച്ച ഉത്പാദന, സേവന മേഖലയിലെ യൂണിറ്റുകളുടെ വിവരങ്ങൾ പൂർണമായും ശേഖരിക്കും. കുടുംബശ്രീ മുഖേന ലഭ്യമാക്കിയ ആയിരത്തിലധികം എന്യൂമറേറ്റർമാർ മുഖാന്തിരമാണ് വിവരശേഖരണം. നിലവിൽ പ്രവർത്തിക്കുന്ന യൂണിറ്റുകളുടെ കൃത്യവും, പൂർണ്ണവുമായ വിവരങ്ങൾ ലഭ്യമായാൽ മാത്രമേ ഓരോ മേഖലയ്ക്കും ഉതകുന്ന പദ്ധതികൾ ആവിഷ്കരിക്കാൻ കഴിയൂ എന്നതിനാൽ സർവ്വേയ്ക്ക് എല്ലാ സംരംഭകരും, വ്യവസായ അസോസിയേഷനുകളും പിന്തുണയും, സഹകരണവും നൽകേണ്ടതുണ്ട്. ഇതിനായി കൃത്യമായ വിവരങ്ങൾ എന്യൂമറേറ്റർമാരോട് പങ്കുവയ്ക്കണം. 2022-23 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച 92000 സംരംഭങ്ങളുടെയും വിവരങ്ങൾ ഡിജിറ്റലായി തന്നെ ശേഖരിച്ചിട്ടുണ്ട്.

കെൽട്രോണിന്റെ സാങ്കേതിക സഹായത്തോടെ വികസിപ്പിച്ചെടുത്ത 'വ്യവസായ ജാലകം' എന്ന സംവിധാനത്തിലേയ്ക്കാണ് വിവരങ്ങൾ ശേഖരിയ്ക്കുന്നത്. ആൻഡ്രോയിഡ് അധിഷ്ഠിതമായ ആപ്പിലൂടെ യൂണിറ്റുകളുടെ നിക്ഷേപം, തൊഴിൽ, ഉത്പാദന ശേഷി, ഊർജ്ജ- ജല ഉപഭോഗം തുടങ്ങിയവയോടൊപ്പം യൂണിറ്റിന്റെ ഫോട്ടോ, ഭൗമ സ്ഥാനം എന്നിവയും ശേഖരിയ്ക്കും. അഞ്ചുവർഷം മുൻപ് നടത്തിയ സർവേ അനുസരിച്ച് ഒന്നര ലക്ഷത്തോളം ഉത്പാദന- സേവന യൂണിറ്റുകളാണ് സംസ്ഥാനത്തുള്ളത്. ഈ യൂണിറ്റുകളുടെ നിലവിലെ സ്ഥിതിയും, ഇതിൽ ഉൾപ്പെടാത്ത യൂണിറ്റുകളുടെ വിവരങ്ങളും നിലവിലെ സർവേയിലൂടെ ശേഖരിക്കും. രണ്ടു മാസം കൊണ്ട് സർവേ പൂർത്തിയാക്കാനാണ് വകുപ്പ് ലക്ഷ്യമിടുന്നത്.

സംരംഭക വർഷം പദ്ധതിയെക്കുറിച്ചും രണ്ടു വാക്ക്. കേവലം 8 മാസങ്ങൾക്കുള്ളിൽ സംരംഭക വർഷം പദ്ധതി തകർത്ത റെക്കോർഡുകൾ നിരവധിയാണ്. സംരംഭങ്ങളുടെ എണ്ണത്തിലും നിക്ഷേപത്തിന്റെ കാര്യത്തിലും തൊഴിലവസരങ്ങളുടെ കാര്യത്തിലുമെല്ലാം സമാനതകളില്ലാത്ത നേട്ടമാണ് പദ്ധതി കൈവരിച്ചിരിക്കുന്നത്. പദ്ധതി ആരംഭിച്ച് 235 ദിവസമാകുമ്പോൾ 2 ലക്ഷത്തിലധികമാളുകൾക്ക് തൊഴിൽ നൽകാൻ സാധിച്ചത് ഉജ്വലമായ നേട്ടമാണ്. 5655.69 കോടി രൂപയുടെ നിക്ഷേപം കേരളത്തിലേക്ക് കടന്നുവന്നതിനൊപ്പം 92000 സംരംഭങ്ങളും പദ്ധതിയുടെ ഭാഗമായി ആരംഭിച്ചിട്ടുണ്ട്.

ഒരു വർഷം കൊണ്ട് ഒരുലക്ഷം സംരംഭങ്ങൾ ആരംഭിക്കാനാണ് പദ്ധതി ലക്ഷ്യമിട്ടതെങ്കിലും അതിനേക്കാൾ ഉയർന്ന നേട്ടം കൈവരിക്കാൻ നമുക്ക് സാധിക്കുമെന്നാണ് ഇപ്പോഴത്തെ കണക്കുകൾ വ്യക്തമാക്കുന്നത്. നിക്ഷേപ സൗഹൃദമായ കേരളം പുതുചരിത്രം രചിക്കുകയാണ് സംരംഭക വർഷം പദ്ധതിയിലൂടെ. ഈ കാലയളവിനുള്ളിൽ മലപ്പുറം, എറണാകുളം, തൃശ്ശൂർ ജില്ലകളിൽ ഒൻപതിനായിരത്തിലധികം സംരംഭങ്ങൾ ആരംഭിക്കാൻ സാധിച്ചിട്ടുണ്ട്. ഈ മൂന്ന് ജില്ലകളിലും ഇരുപതിനായിരം വീതം തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. മറ്റ് ജില്ലകളിലും മികച്ച മുന്നേറ്റമാണ് പദ്ധതിയിലൂടെ ഉണ്ടായിട്ടുള്ളത്. സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായിട്ടുള്ള നിക്ഷേപസൗഹൃദ നടപടികൾ സംരംഭകത്വത്തിലേക്ക് കാലെടുത്തു വെക്കുന്നതിന് ശങ്കിച്ചുനിന്നവരെയും പദ്ധതിയുടെ ഭാഗമാക്കാൻ സഹായിച്ചിട്ടുണ്ട്. കേവലം 235 ദിവസം കൊണ്ട് 2 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിച്ചെങ്കിൽ അവശേഷിക്കുന്ന 130 ദിവസങ്ങൾക്കുള്ളിൽ കേരളത്തിന്റെ വ്യാവസായിക ചരിത്രത്തിൽ സമാനതകളില്ലാത്ത നേട്ടം സംരംഭക വർഷം കൈവരിക്കുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. ■




ആഷിക്ക്. കെ. പി

# സംരംഭകത്വ വികസനത്തിനാക്കം കൂട്ടി 5 ജി യുടെ വരവ്

ഡൽഹിയിലെ ആറാമത് ഇന്ത്യൻ മൊബൈൽ കോൺഗ്രസ് വേദിയിൽ പ്രധാനമന്ത്രി 5 ജി സേവനങ്ങൾക്ക് തുടക്കം കുറിച്ചിരിക്കുകയാണ്. വീടും അവസരങ്ങളും തമ്മിലുള്ള അകലം കുറയ്ക്കുക എന്നതാണ് സമ്മേളനത്തിന്റെ മുദ്രാവാക്യം. 5 ജിയിലേക്കുള്ള ഇന്ത്യയുടെ ചുവടു വയ്പിനാധാരവും അതു തന്നെ. 140 കോടിയിൽ പരം ജനങ്ങളുള്ള, ഇപ്പോഴും ഗ്രാമങ്ങളിൽ നിലകൊള്ളുന്ന, തൊഴിലില്ലായ്മ വരിഞ്ഞു മുറുക്കുന്ന നമ്മുടെ രാഷ്ട്രത്തിന്റെ വികസനത്തിനും മുന്നേറ്റത്തിനും സാങ്കേതിക മുന്നേറ്റങ്ങളെ വേഗത്തിൽ സമസ്ത മേഖലകളിലും ഗ്രാമ നഗര വ്യത്യാസമില്ലാതെ എത്തിക്കുക എന്നതാണ് പ്രാധാനമാർഗ്ഗം.

കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ ഡിജിറ്റൽ മേഖലയിൽ ഏറ്റവും വലിയ നേട്ടം കൈവരിച്ച രാഷ്ട്രമാണ് ഇന്ത്യ. ഡിജിറ്റൽ സാമ്പത്തിക ഇടപാടിൽ 2021–22 ൽ നമ്മുടെ രാഷ്ട്രം വികസിത രാഷ്ട്രങ്ങളെപ്പോലും കടത്തി വെട്ടി ഒന്നാം സ്ഥാനത്താണുള്ളത്. ഗ്രാമമെന്നോ നഗരമെന്നോ ഉള്ള വ്യത്യാസമില്ലാതെ നമ്മുടെ സാമ്പത്തിക ഇടപാടുകൾ

അതിവേഗം ഡിജിറ്റൽ ഇടപാടുകളിലേക്ക് മാറി. നിരക്ഷരത എന്നത് അപ്രസക്തമാക്കി ഡിജിറ്റൽ സാമ്പത്തിക സാക്ഷരത കൈവരിക്കാൻ കഴിഞ്ഞു എന്നതാണ് വാസ്തവം. ഏതു തരം ഇടപാടുകളും ഓൺലൈനായി നൽകാനും സ്വീകരിക്കാനും തട്ടുകടകൾ മുതൽ മാളുകൾ വരെ സജ്ജമായി എന്നതാണ് അൽഭുതകരം. ലോകത്തിലെ വൻ സിറ്റികൾ പോലും പൂർണ്ണതോതിൽ ഡിജിറ്റൽ ഇടപാടുകൾ നടത്താതിരിക്കുമ്പോഴാണ് ഗ്രാമങ്ങളിൽ പോലും നമ്മുടെ ക്രയവിക്രയം ഓൺലൈനായി മാറിയത്.

പലപ്പോഴും എല്ലാ സാങ്കേതിക മുന്നേറ്റങ്ങളിലും നാം മെല്ലെ കടന്നുകയറുന്നതായിരുന്നു പതിവെങ്കിൽ ഇപ്പോൾ അത് ഏറ്റവും വേഗത്തിൽ സ്വീകരിക്കാൻ ആ ബാലവൃദ്ധം ജനങ്ങളും തയ്യാറായി എന്നതാണ് യാഥാർത്ഥ്യം. സുതാര്യതയും തുല്യതയും സേവന വിതരണ പദ്ധതിയിലെ അഴിമതി രഹിതവും വേഗതയേറിയ നടപടികളുമാണ് ഇതിന് ഇത്രയേറെ സ്വീകാര്യത വന്നത് .

ഇന്റർനെറ്റില്ലാത്ത ഒരു ദിവസം ഇന്ന് ഇന്ത്യക്ക് ചിന്തിക്കാൻ കഴിയില്ല. ഒറ്റ വിരൽ തുമ്പിൽ എല്ലാ സേവനങ്ങളും ഇടപാടുകളും നടക്കുക എന്നത് അത്യന്താപേക്ഷിതമാണ്. ഇ സർക്കാർ, ഇ ബാങ്കുകൾ, ഇ ഓഫീസുകൾ ഇ സിനിമ തുടങ്ങിയ സംവിധാനങ്ങൾ ഇന്നും പൂർണ്ണമായി നടപ്പിലാക്കാൻ കഴിയാത്തത് ഇന്റർനെറ്റ് വേഗത കൂട്ടാൻ ആവാത്തതു കൊണ്ടായിരുന്നു. 5 ജി സംവിധാനം ഏറെക്കുറെ ഇതിനൊരു പരിഹാരമാവും.

2014 ൽ ഒരു ജിബി ഡേറ്റയ്ക്ക് 300 രൂപയായിരു

**ഇന്റർനെറ്റില്ലാത്ത ഒരു ദിവസം ഇന്ന് ഇന്ത്യക്ക് ചിന്തിക്കാൻ കഴിയില്ല. ഒറ്റ വിരൽ തുമ്പിൽ എല്ലാ സേവനങ്ങളും ഇടപാടുകളും നടക്കുക എന്നത് അത്യന്താപേക്ഷിതമാണ്. ഇ സർക്കാർ, ഇ ബാങ്കുകൾ, ഇ ഓഫീസുകൾ ഇ സിനിമ തുടങ്ങിയ സംവിധാനങ്ങൾ ഇന്നും പൂർണ്ണമായി നടപ്പിലാക്കാൻ കഴിയാത്തത് ഇന്റർനെറ്റ് വേഗത കൂട്ടാൻ ആവാത്തതു കൊണ്ടായിരുന്നു.**






ന്നെങ്കിൽ ഇന്ന് 10 രൂപ യാണെന്നും മാസം 14 ജി ബി ഉപയോഗിക്കുന്നയാൾക്ക് 4200 രൂപ യിൽ നിന്ന് 125 രൂപയാക്കി കുറയ്ക്കാൻ കഴിയും എന്നതാണ് 5 ജി യുടെ നേട്ടങ്ങളിലൊന്നായി കാണുന്നത്. . 4 ജി യുടെ പത്ത് മടങ്ങ് വേഗതയാണ് 5 ജിയിൽ പ്രതീക്ഷിക്കുന്നത്. അതിവേഗ ഇന്റർനെറ്റ് നമ്മുടെ നാട്ടിലെ ഉൽപാദന - സേവന വിതരണ വിനിമയത്തിൽ വലിയ മാറ്റങ്ങൾഉണ്ടാക്കും എന്നത് ഉറപ്പാണ്. 5 ഏ യുടെ ഏറ്റവും വലിയ പ്രത്യേകത അത് നാലാം വ്യാവസായിക വിപ്ലവത്തിന് കളമൊരുക്കുന്ന മറ്റു സാങ്കേതിക വിദ്യകളായ മെറ്റാ വേഴ്സും ഐ.ഒ.ടി സാങ്കേതികതയും നിർമ്മിത ബുദ്ധിയും ബ്ലോക് ചെയിൻ ടെക്നോളജിയും ഉണ്ടാക്കുന്ന മാറ്റങ്ങളുടെ ആക്കം കൂട്ടുമെന്നാണ്. നമ്മുടെ ജനസംഖ്യാ വളർച്ചയെയും സാങ്കേതിക മുന്നേറ്റങ്ങളെയും ഒരുമിപ്പിച്ചാൽ സാമ്പത്തിക വളർച്ചയും വികസനവുമെന്ന ലക്ഷ്യം എളുപ്പമാക്കാർ 5 ജിയിലൂടെ സാധിക്കും. 2040 എത്തുമ്പോഴേക്കും ഇന്നുള്ള 3 ട്രില്ല്യൺ ൽ നിന്ന് 40000 ട്രില്യൻ സാമ്പത്തിക വളർച്ച നേടിയാൽ മാത്രമേ രാഷ്ട്രം സാമ്പത്തിക ശക്തിയായി മാറു. അതേ പോലെ വികസനം എന്നത് ഇന്നത്തെ പ്രതിശീർഷ വരുമാനമായ പന്ത്രണ്ടായിരം രൂപയിൽ നിന്ന് 120000 രൂപ യായി മാറണം. അതിവേഗ ഡിജിറ്റൽ സാങ്കേതിക വിദ്യയും അനുബന്ധ പ്രവർത്തനങ്ങളിലൂടെ യുള്ള വ്യാവസായിക, സംരംഭകത്വ വികസനത്തിലൂടെയുമേ ഇത് സാക്ഷാത്കരിക്കാൻ കഴിയൂ. 5 ജി യും അനുബന്ധ സേവനങ്ങളും ശാസ്ത്രീയമായി ദീർഘവീക്ഷണത്തോടെ ഉപയോഗിച്ചാൽ നമ്മുടെവിദ്യാഭ്യാസത്തിന്റെയും നൈപുണീ വികസനത്തിന്റെയും ഗുണമേൻമ ഉറപ്പാക്കാൻ കഴിയും. 2025-30 ആവുമ്പോഴേക്ക് യുവത്വത്തിന്റെ നാടായി മാറുന്ന ഇന്ത്യയ്ക്ക് കൂടുതൽ കരുത്തും മൽസര ബുദ്ധികളായ ജനതയും ഉണ്ടാകേണ്ടതുണ്ട്. അതിന് ലോകോത്തര

**2014 ൽ ഒരു ജിബി ഡേറ്റയ്ക്ക് 300 രൂപയായിരുന്നെങ്കിൽ ഇന്ന് 10 രൂപ യാണെന്നും മാസം 14 ജി ബി ഉപയോഗിക്കുന്നയാൾക്ക് 4200 രൂപ യിൽ നിന്ന് 125 രൂപ യാക്കി കുറയ്ക്കാൻ കഴിയും എന്നതാണ് 5 ജി യുടെ നേട്ടങ്ങളിലൊന്നായി കാണുന്നത്. . 4 ജി യുടെ പത്ത് മടങ്ങ് വേഗതയാണ് 5 ജിയിൽ പ്രതീക്ഷിക്കുന്നത്.**

നിലവാരത്തിലുള്ള വിദ്യാഭ്യാസം ലഭിക്കേണ്ടതുണ്ട്. വിദ്യാഭ്യാസത്തിന്റെ ഗുണമേൻമയ്ക്ക് 5 ജി യുടെ വേഗതയും അനുബന്ധ സങ്കേതിക വിദ്യകളും ഉപയോഗിക്കാൻ കഴിയേണ്ടതുണ്ട്. എന്നാൽ നമ്മുടെ യൂനിവേഴ്സിറ്റികളും ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങളും ഇപ്പോഴും പരമ്പരാഗത ഡിഗ്രി, ഡിപ്ളോമ വിതരണ കേന്ദ്രമെന്നതിൽ നിന്ന് ഇപ്പോഴും മാറിയിട്ടില്ല. ഇരുപത്തിഒന്നാം നൂറ്റാണ്ടിലെ സാങ്കേതിക വിദ്യകളെ നമ്മുടെ വിദ്യാഭ്യാസത്തിലേക്ക് സന്നിവേശിപ്പിച്ച് മുന്നേറാൻ അതിവേഗ ഇന്റർനെറ്റിലൂടെ സാധ്യമാക്കിയേ തീരൂ.

അതേ പോലെ തന്നെ ആരോഗ്യ രംഗത്ത് വമ്പിച്ച മുന്നേറ്റമുണ്ടാക്കാൻ 5ജിക്ക് കഴിയും. ഗ്രാമപ്രദേശങ്ങളിലുള്ള പ്രാഥമിക - താലൂക്ക് ആശുപത്രികളെ നഗരങ്ങളിലെ വലിയ ആശുപത്രികളുമായും മെഡിക്കൽ കോളേജുകളുമായും ബന്ധിപ്പിക്കാനും വികസിപ്പിക്കാനും അധിക സാമ്പത്തിക നിക്ഷേപങ്ങളില്ലാതെ സാധിക്കും. പ്രഗൽഭരായ ഡോക്ടർമാരുടെ നിരീക്ഷണവും മേൽനോട്ടവും പ്രശ്നപരിഹാര മാർഗ്ഗ നിർദ്ദേശങ്ങളും ആരോഗ്യ രംഗത്ത് പ്രത്യേകിച്ച് ഗ്രാമീണ ആരോഗ്യ മേഖലയിൽ വൻ മുന്നേറ്റമാണ് സാധ്യമാക്കുക.

**ആരോഗ്യ രംഗത്ത് വമ്പിച്ച മുന്നേറ്റമുണ്ടാക്കാൻ 5ജിക്ക് കഴിയും. ഗ്രാമപ്രദേശങ്ങളിലുള്ള പ്രാഥമിക – താലൂക്ക് ആശുപത്രികളെ നഗരങ്ങളിലെ വലിയ ആശുപത്രികളുമായും മെഡിക്കൽ കോളേജുകളുമായും ബന്ധിപ്പിക്കാനും വികസിപ്പിക്കാനും അധിക സാമ്പത്തിക നിക്ഷേപങ്ങളില്ലാതെ സാധിക്കും.**

## ഇതിനേക്കാളൊക്കെ വലിയ പ്രാധാന്യമാണ്

സൂക്ഷ്മ ചെറുകിട വ്യവസായ വികസനവും സംരംഭകത്വവികസനവുമെന്നത്. രാഷ്ട്ര പുരോഗതിക്കുള്ള ഏക മരുന്നാണിത്. തൊഴിലില്ലായ്മയും ദാരിദ്ര്യവും പരിഹരിക്കാൻ ഉള്ള പോംവഴിയാണിത്. വൻകിട വ്യവസായങ്ങളും കോർപ്പറേറ്റുകളും നിലനിൽപ്പിനായി ആശ്രയിക്കുന്ന സാങ്കേതിക വിദ്യകളെ അതേ രൂപത്തിൽ ഇവർക്കും ലഭിച്ചാൽ ലോക വിപണി ഇന്ത്യൻ ഗ്രാമീണ സംരംഭകത്വത്തിലേക്ക് വരും. ഇത് ഗ്രാമ നഗര വ്യത്യാസമില്ലാതെ നമ്മുടെ പുരോഗതിയെ കുതിച്ചു മുന്നോട്ട് എത്തിക്കും. വേഗതയും കൃത്യതയും ലളിതമായ ഉൽപാദന വിതരണ നിയന്ത്രണങ്ങളും സംരംഭകരെ വളരെയേറെ മുന്നിലെത്തിക്കും. ഗ്രാമീണ ഉൽപന്നങ്ങളുടെ വിപണന സാധ്യത ഇപ്പോൾ തന്നെ വളരെ കൂടുതലാണ്. എന്നാൽ സാങ്കേതികമായ അടിസ്ഥാനസൗകര്യങ്ങളുടെ അഭാവം ഇപ്പോഴുണ്ട്. ഇത് പരിഹരിക്കാൻ പ്രത്യേകിച്ച് സംരംഭങ്ങളുടെ നടത്തിപ്പിൽ ഏറെ പ്രാധാന്യമുള്ള നിയന്ത്രണം, വിപണനം, വിതരണം എന്നിവ 5 ജി വേഗതയും മെറ്റാ വേഴ്സ് സാധ്യതകളും ഉപയോഗിച്ചാൽ ബഹുദൂരം മുന്നോട്ടു കൊണ്ടുപോവാൻ കഴിയും. വലിയ ചിലവില്ലാതെ അതിവേഗതയിൽ ലോകം മുഴുവൻ നേരിട്ടു തന്നെ വിപണനം ചെയ്യാൻ സാധിക്കുമ്പോൾ അത് സംരംഭകത്വ സാധ്യതകളുടെ വലിയ ലോകമാണ് സൃഷ്ടിക്കുക.

നേട്ടങ്ങളെ പൂർണ്ണമായി അംഗീകരിക്കുമ്പോഴും അത് നമ്മുടെ നാട്ടിന്റെ തൊഴിലിനെയും പരമ്പരാഗത മാർഗ്ഗങ്ങളെയും എങ്ങിനെ ബാധിക്കുമെന്നും ഇതു മൂലമുണ്ടാകുന്ന പ്രശ്നങ്ങളെ അതിജീവിക്കാൻ നാം എന്തു തയ്യാറെടുപ്പുകൾ നടത്തേണ്ടതുണ്ട് എന്നും അറിയേണ്ടതാണ്. വിദ്യാഭ്യാസത്തിലും നൈപുണി പരിശീലനത്തിലും പരമ്പരാഗത രീതി പിന്തുടരുകയും സാങ്കേതിക മാറ്റങ്ങൾ ത്വരിത ഗതിയിൽ നടപ്പിലാവുകയും ചെയ്യുമ്പോൾ അത് രൂക്ഷമായ തൊഴിലില്ലായ്മയിലേക്കും സാമൂഹ്യ വിപത്തുകളിലേക്കും എത്തിക്കാനിടയുണ്ട്. ഇവിടെ സംരംഭകത്വ വികസനത്തിനും തടസ്സങ്ങൾ നേരിട്ടേക്കാം. അതുകൊണ്ടു തന്നെ ഇത്തരം പ്രശ്നങ്ങളെശാസ്ത്രീയമായി സമീപിച്ച് വേണ്ട പരിഹാരങ്ങൾ ആസൂത്രണം ചെയ്ത് ത്വരിതഗതിയിൽ നടപ്പിലാക്കാൻ ശ്രമിക്കേണ്ടതാണ്. സംരംഭകത്വ വികസന പരിപാടികൾ ഊർജ്ജിതമാക്കാതെ ഇനിയൊരു അടി മുന്നോട്ടു കൊണ്ടുപോകാൻ കഴിയില്ലെന്നുള്ള യാഥാർത്ഥ്യം നാം മനസ്സിലാക്കുകയും അത് എളുപ്പത്തിൽ പ്രാവർത്തികമാക്കാൻ ഫൈവ് ജിയോടൊപ്പംമറ്റു സാങ്കേതിക വിദ്യകളും സംയോജിപ്പിച്ച് സംരംഭകത്വത്തിന് ആക്കം കൂട്ടുന്ന തരത്തിലേക്ക് നിലവിലെ സംരംഭകർക്കും പുതുതായി സംരംഭകത്വ മേഖലയിലേക്ക് കടന്നു വരുന്നവർക്കും

പരിശീലനങ്ങളും സാങ്കേതിക സഹായങ്ങളും ന ൽകേണ്ടതുണ്ട്.

നമ്മുടെ കലാലയങ്ങൾ അല്ലെങ്കിൽ വിദ്യാഭ്യാസം ഇപ്പോഴും ഊന്നൽ നൽകുന്നത് ഉൽപാദന വിതരണ മേഖലകളിലെ ജോലി സാധ്യതകൾ കേന്ദ്രീകരി ച്ചാണ്. ഈയടുത്തുവരെ ഡിസൈൻ, പ്രൊഡക്ഷൻ, ഡിസ്ട്രിബൂഷൻ എന്നീ മൂന്നു മേഖലകളിലും നമുക്ക് സാധ്യമാവുമായിരുന്ന തൊഴിൽ അവസരങ്ങൾ ഇനി ഡിസൈനിലേക്കു മാത്രം ചുരുങ്ങി ഉല്പാദനവും വിതരണവും റോബോർട്ടുകൾ ഏറ്റെടുത്തുകൊ ണ്ടിരിക്കുകയാണെന്നു ഏറെക്കുറെ വ്യക്തമായി ക്കഴിഞ്ഞു. നിർമിതബുദ്ധി ഓരോ രാഷ്ട്രത്തെയും ഒരു ഡിജിറ്റൽ കോളനി ആക്കുന്ന കാലം അതിവിദൂരമല്ല. മനുഷ്യന്റെ തലച്ചോറിനെക്കാൾ അതിവേഗ സാങ്കേതിക വിദ്യകൾ വരുമ്പോൾ നാം നിലവിലെ വിദ്യാഭ്യാസ രീതി തുടർന്നാൽ എങ്ങുമെ ത്താതെ പോകും. നാലാം വ്യവസായികവിപ്ല വത്തിലേക്കു കടക്കാൻ അഞ്ചാം വിദ്യാഭ്യാസവിപ്ല വമെന്ന ആശയം എവിടെയും ചർച്ചയ്ക്കു പോലും ഉരുത്തിരിഞ്ഞിട്ടില്ല എന്നത് സങ്കടകരമായ വസ്തുതയാണ്. മനുഷ്യ ചിന്തയേക്കാൾ സാങ്കേതിക ചിന്തകൾ മുന്നേറുകയും മനുഷ്യന്റെ നിയന്ത്രണങ്ങൾ ഒന്നും പ്രസക്തമാവാതിരിക്കുകയും ചെയ്യുന്ന ഒരു ഘട്ടം, ഭീകരമായ അവസ്ഥയാവും അത് സൃഷ്ടിക്കുക. നമ്മുടെ സാമ്പത്തിക സാമൂഹ്യ മേഖലകളെ അത് പ്രതിക്കൂലമാക്കിമാറ്റും. ദേശീയ വിദ്യാഭ്യാസ നയം 2020 പോലും ഇത്തരം സാങ്കേതിക മുന്നേറ്റങ്ങളെ മുന്നിൽ കണ്ടിട്ടുണ്ടോ എന്ന കാര്യം സംശയമാണ്.

അതുകൊണ്ടുതന്നെ നമ്മുടെ നൈപുണീ വികസനത്തിൽ ഉടൻ മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. തലച്ചോറിന്റെ ചിന്തയുടെ ഫ്രീക്വൻസി ശരാശരി 200 ഹേർട്സ് ആണെങ്കിൽ റോബോട്ടിന്റെതു 200 ജിഗാ ഹേർട്സ് ആണ്. മനുഷ്യന്റെ പ്രവർത്തന വേഗത തലച്ചോറിന്റേതു 200 മീറ്റർ പെർ സെക്കൻഡ് ആണെങ്കിൽ 3 million persecond ആണ് ഒരു റോബോർട്ടി നുള്ളത്. പ്രവർത്തന ഊർജ്ജം 20 വാട്സ് ആണെങ്കിൽ 400 വാട്സ് ആണ് റോബോട്ടിന്. 2000 വർഷത്തെ ഗവേഷണ ബുദ്ധിയാണ് ഒരു നിർമിത ബുദ്ധി അധിഷ്ഠിതമായ റോബോട്ടിന്. എങ്കിൽ നിലവിൽ നമ്മുടെ നൈപുണ്യ വികസന പദ്ധതികൾ, പഠനങ്ങൾ എത്രമാത്രം മാറ്റേണ്ടതുണ്ടെന്ന് ആലോചിക്കേണ്ടതുണ്ട്.

അടുത്തുവരെ ഡിസൈൻ പ്രൊഡക്ഷൻ ഡിസ്ട്രിബൂഷൻ എന്നീ മൂന്ന് മേഖലകളിലും മനു ഷ്യന്റെ ഉപജീവനമാർഗ്ഗമായി ബന്ധപ്പെട്ടിരുന്നുവെന്ന് നമുക്കറിയാം. എന്നാൽ നിർമിത ബുദ്ധിയുടെ വരവോടെ നമ്മുടെ ആവശ്യം ഡിസൈനിൽ മാത്രം ഒതുങ്ങിക്കഴിഞ്ഞു. അതായത്, വണ്ടി ഓടിക്കാൻ പ ഠിച്ചാൽ മതി എഞ്ചിൻ എങ്ങിനെ പ്രവർത്തിക്കുന്നു എന്ന് പഠിക്കേണ്ട എന്ന് സാരം.

ഡാറ്റാ സമ്പാദനവും വിതരണവുമെന്ന ഏകമാനക പ്രക്രിയയിൽ ലോകം മാറുമ്പോൾ, ന ഗരങ്ങളുടെ ശോഷണവും ഇതിന്റെ അനന്തര ഫലങ്ങളായി സമീപ ഭാവിയിൽ മാറിക്കൂടായ്കയില്ല. വൻ നഗരങ്ങളൊക്കെ പടുത്തുയർത്തുന്ന IT അടിസ്ഥാന സാമ്പത്തിക പ്രവർത്തനങ്ങൾ ഗ്രാമങ്ങളിലേക്ക് പറിച്ചു നടുമ്പോൾ, നഗരങ്ങളുടെ അവസ്ഥ എങ്ങിനെയായി മാറും, മാളുകളും കഫേകളും സൈബർ പാർക്കുകളും ആളൊഴിയു മ്പോൾ നമ്മുടെ പട്ടണങ്ങൾ വികാസത്തെക്കാൾ ശോഷണമെന്ന അവസ്ഥ നേരിട്ടേക്കാം . അത്തരം വികസന മാർഗ്ഗങ്ങളെ ഉൾക്കൊള്ളാനും സ്വീകരി ക്കാനും ഗ്രാമീണ മേഖലയെ ശക്തിപ്പെടുത്തേണ്ടതുണ്ട്. നഗരവികസന ആസൂത്രണത്തേക്കാൾ ഗ്രാമവികസന പദ്ധതികൾ പ്രത്യേകിച്ച് സാങ്കേതിക മുന്നേറ്റ ങ്ങളിലൂടെ എങ്ങിനെ ആവിഷ്കരിക്കാം എന്നും അതോടൊപ്പം പാരിസ്ഥിതിക സംതുലനം എങ്ങിനെ നിലനിർത്താമെന്നും ചിന്തിക്കേണ്ടതുണ്ട്.

അതിജീവനത്തിന്റെ മുങ്ങിത്താഴ്ച്ചക്കിടയിലും ആത്മവിശ്വാസത്തോടെയും പ്രതീക്ഷയോടെയും നാം നോക്കിയാൽ ഇത്തരം മാറ്റങ്ങൾ ക്കിടയിലും ഒട്ടനവധി അവസരങ്ങൾ നമ്മുടെ മുന്നിലുണ്ടെന്ന് കാണാം. സംരംഭകത്വത്തിന്റെ വിശാലമായ ഒരു ലോകം തന്നെയാണത്. നാം ഇപ്പോഴും അസ്വസ്ഥരാകുന്നത് സാങ്കേതിക മുന്നേറ്റം മൂലം

**അതിജീവനത്തിന്റെ മുങ്ങിത്താഴ്ച്ചക്കിടയിലും ആത്മവിശ്വാസത്തോടെയും പ്രതീക്ഷയോടെയും നാം നോക്കിയാൽ ഇത്തരം മാറ്റങ്ങൾ ക്കിടയിലും ഒട്ടനവധി അവസരങ്ങൾ നമ്മുടെ മുന്നിലുണ്ടെന്ന് കാണാം. സംരംഭകത്വത്തിന്റെ വിശാലമായ ഒരു ലോകം തന്നെയാണത്.**



സംഭവിക്കാവുന്ന തൊഴിലില്ലായ്മയെക്കുറിച്ചും അതിന്റെ അനന്തരഫലങ്ങളെക്കുറിച്ചുമാണ്. എന്നാൽ പരിഹാരം എന്തെന്നത് ഒരിടത്തും ചർച്ചയാവുന്നില്ല. എന്നാൽ ഇത്തരം അവസ്ഥയിലും നമ്മുടെ മുന്നിൽ അനന്തമായ സംരംഭകത്വ സാധ്യതകൾ ഉണ്ടെന്ന് നാം തിരിച്ചറിയേണ്ടതുണ്ട്. 140 കോടി ജനങ്ങളുള്ള ഒരു നാട്ടിൽ ശരാശരി ഒരു വ്യക്തി ഏറ്റവും കുറഞ്ഞത് 30/ 40 സാധനങ്ങൾ എങ്കിലും ദിവസേന ഉപ യോഗിക്കുന്നു എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. അങ്ങനെയെങ്കിൽ 140 കോടി x 30 എത്ര എന്ന ഒരു ചെറിയ ചോദ്യം മതി നമ്മുടെ സംരംഭകത്വത്തിന്റെ അനന്തമായ സാധ്യതകൾ അറിയാൻ. ഇത്രയും ഉൽപന്നങ്ങൾ ഉണ്ടാക്കുന്ന വ്യവസായികൾ ഇന്നും വിരലിലെണ്ണാവുന്നവരാണ്. നാം കുത്തകകൾ അഥവാ ബഹുരാഷ്ട്ര ഭീമൻമാർ എന്നു വിളിക്കുന്നവർ, അവരുടെ വ്യത്യസ്ഥ ബ്രാൻഡുകൾ നഗരങ്ങളിലും ഗ്രാമങ്ങളിലും മാളുകളിലും പെട്ടിക്കടകളിലും നിറയുന്നു. അവർ വീണ്ടും വീണ്ടും കുത്തകകളായി മാറുന്നു. പകരം നമ്മുടെ യുവത്വം തന്റെ ഗ്രാമത്തിൽ മാത്രം തനതു നൈപുണിയിലൂടെ സാധാരണക്കാരനാവശ്യമായ ഇത്തരം ദൈനം ദിന ഉൽപന്നങ്ങൾ നമ്മുടെ ഗ്രാമീണ വിഭവങ്ങൾ ഉപയോഗിച്ച് നിർമ്മിച്ച് വിതരണം ചെയ്താൽ തൊഴിലില്ലായ്മ ദൂരികരിക്കാനും സാമ്പത്തിക സമത്വം സാധ്യമാക്കാനും കഴിയും. സാങ്കേതിക വിദ്യകൾ സംരംഭകത്വവുമായി കൂട്ടിയോജിപ്പിക്കാൻ കഴിയണം. അത് അനന്തമായ സാധ്യതകളായിരിക്കും നമുക്ക് നൽകുക. തദ്ദേശീയ ഉൽപന്നങ്ങൾ ലോകം മുഴുവൻ ചുരുങ്ങിയ ചിലവിൽ അതിവേഗതയിൽ ലളിതമായി വിപണനം ചെയ്യാൻ സാധിച്ചാൽ സംരംഭകത്വമെന്ന ഒരു മരുന്നു കൊണ്ടു തന്നെ നാം നേരിടുന്ന അനേക പ്രശ്നങ്ങൾ ഒറ്റയടിക്ക് പരിഹരിക്കാൻ കഴിയും. സംരംഭകത്വം സംരംഭകത്വ നൈപുണികൾ, സംരംഭകത്വ സാധ്യതകൾ തുടങ്ങിയവ സ്കൂൾ തലത്തിലേ തുടങ്ങണം. പഠനം കഴിയുമ്പോൾ തന്നെ അവസരങ്ങളുടെ വിശാലമായ ലോകമായിരിക്കണം കുട്ടികളുടെ മുന്നിൽ ഉണ്ടാവേണ്ടത്. സാങ്കേതിക വിദ്യാഭ്യാസം, തൊഴിലധിഷ്ഠിത വിദ്യാഭ്യാസം സംരംഭകത്വ വിദ്യാഭ്യാസം എന്നിവ ഉൾച്ചേർന്നുകൊണ്ട് വിദ്യാഭ്യാസ മേഖലയിൽ നവീന മായ കാഴ്ചപ്പാട് ഉണ്ടാവേണ്ടതുണ്ട്. പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കുമ്പോഴേക്കും സംരംഭകരായി അവർക്ക് മാറാനുള്ള സാധ്യതകൾ മുന്നിലുണ്ടാവേണ്ടതുണ്ട്. സാങ്കേതിക വിദ്യകളോടൊപ്പം ഉൽപാദനം വിതരണം വിനിമയം എന്നിവ ലളിതമായി ചിലവ് കുറഞ്ഞ രീതിയിൽ ചെയ്യാൻ കഴിയുമ്പോൾ ഓരോ ആളുകളും തനിച്ചോ കൂട്ടായോ സംരംഭങ്ങൾ ആരംഭിക്കുകയും അതിനെ വിപുലീകരിക്കുകയും ചെയ്യും. സാങ്കേതിക വിദ്യകളിലൂന്നിയുള്ള സംരംഭകത്വം കൃഷി, ഭക്ഷ്യം , തുടങ്ങി എല്ലാ മേഖലകളിലും സാധ്യമാകുന്നതാണ്. ഫൈവ് ജി അതിന് തുടക്കം കുറിക്കും എന്നുള്ളതിൽ യാതൊരു സംശയവുമില്ല. ■

(സംരംഭകത്വ വികസന പരിശീലകനും
എഴുത്തുകാരനുമാണ് ലേഖകൻ )

# 12

പടവുകൾ



റ്റി. എസ്. ചന്ദ്രൻ

# എന്റർപ്രണർ സപ്പോർട്ട് സ്കീം-

## സംരംഭകർക്ക് മികച്ച സാമ്പത്തിക സഹായ പദ്ധതി

പുതു സംരംഭകർക്കും നിലവിലുള്ള സംരംഭകർക്കും ഒരുപോലെ ഉപയോഗപ്പെടുത്താവുന്ന മികച്ച ഒരു സാമ്പത്തിക സഹായ പദ്ധതിയാണ് എന്റർപ്രണർ സപ്പോർട്ട് സ്കീം അഥവാ ഇ എസ് എസ് . നിർമ്മാണ സംരംഭങ്ങൾക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുക. സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങളിലെ നിർമ്മാണ യൂണിറ്റുകൾക്ക് സബ്സിഡിക്ക് അർഹതയുണ്ട്. ഒരു സംരംഭത്തിൽ നടത്തിയിട്ടുള്ള സ്ഥിര നിക്ഷേപത്തെ അടിസ്ഥാനപ്പെടുത്തിയാണ് സബ്സിഡി നൽകുന്നത്. ഭൂമി, കെട്ടിടം, മെഷിനറികൾ, ഉപകരണങ്ങൾ, ഇലക്ട്രിഫിക്കേഷൻ, ജനറേറ്റർ, ഫർണിച്ചറുകൾ, മലിനീകരണ നിയന്ത്രണ സാമഗ്രികൾ, തുടങ്ങിയ ഇനങ്ങളിൽ വന്നിട്ടുള്ള സ്ഥിരനിക്ഷേപത്തെ അടിസ്ഥാനമാക്കിയാണ് ഈ ആനുകൂല്യം നൽകുന്നത്. 2021 – 22 കാലഘട്ടത്തിൽ മൗലികമായ പല മാറ്റങ്ങളും ഈ പദ്ധതിയിൽ സംസ്ഥാന സർക്കാർ കൊണ്ടുവന്നു. അതു പ്രകാരമുള്ള ആനുകൂല്യങ്ങൾ ഇങ്ങനെ.

**പൊതു വിഭാഗം :** സ്ഥിര നിക്ഷേപത്തിന്റെ 15 ശതമാനം പരമാവധി 30 ലക്ഷം രൂപ വരെ സബ്സിഡിയായി അനുവദിക്കുന്നു.

**പ്രത്യേക വിഭാഗം :** സ്ഥിരനിക്ഷേപത്തിന്റെ 25% പരമാവധി 40 ലക്ഷം രൂപ വരെ സബ്സിഡിയായി അനുവദിക്കുന്നു. പ്രത്യേക വിഭാഗം എന്നാൽ വനിതകൾ,എസ് സി / എസ് ടി വിഭാഗക്കാർ , 45 വയസ്സിൽ താഴെ വരുന്ന യുവതി യുവാക്കൾ, പ്രവാസി മലയാളികൾ എന്നിവരാണ് .

**മുൻഗണന മേഖലകൾ :** ഏതാനും സംരംഭങ്ങളെ മുൻഗണന മേഖലയിൽ



ഉൾപ്പെടുത്തിയിട്ടുണ്ട്. 10% അധിക സബ്സിഡി ഈ മേഖലക്ക് അനുവദിക്കുന്നു. ഭക്ഷ്യ സംസ്കരണം, ഗാർമെന്റ് മേക്കിങ് , ബയോ ടെക്നോളജി, 100% കയറ്റുമതി ചെയ്യുന്ന സ്ഥാപനങ്ങൾ, പഴയ പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള ഉൽപ്പന്നങ്ങൾ, പാരമ്പര്യേതര ഊർജ്ജ ഉപകരണങ്ങൾ, കാർഷിക മൂല്യ വർദ്ധക ഉൽപ്പന്നങ്ങൾ, റബർ ഉൽപ്പന്നങ്ങൾ, ജൈവവളം, മണ്ണിൽ ലയിക്കുന്ന പ്ലാസ്റ്റിക് സബ്സ്റ്റിറ്റ്യൂട്ടുകൾ, സാനിറ്ററി – ഹൈജീൻ ഉൽപ്പന്നങ്ങൾ, മെഡിക്കൽ ഓക്സിജൻ, മാസ്ക് എന്നിവയാണ് മുൻഗണനന വിഭാഗത്തിൽ വരുന്നത്.

**പിന്നോക്ക ജില്ലകൾ:** കേരളത്തിലെ നാല് പിന്നോക്ക ജില്ലകൾക്ക് 10% അധിക സബ്സിഡി ന ൽകിവരുന്നു. ഇടുക്കി, പത്തനംതിട്ട ,വയനാട്, കാസർകോട് എന്നീ ജില്ലകളിൽ തുടങ്ങുന്ന സംരംഭങ്ങൾക്കാണ് ഈ അധിക സബ്സിഡി ലഭിക്കുക.

**പരമാവധി സബ്സിഡി:** ഏതൊരു സാഹചര്യത്തിലും ഒരു യൂണിറ്റിന് അനുവദിക്കാവുന്ന പരമാവധി സബ്സിഡി പുതിയ ഭേദഗതി പ്രകാരം 40 ലക്ഷം രൂപ വരെ ആയിരിക്കും.

3 ഘട്ടങ്ങളിലായി സബ്സിഡി സപ്പോർട്ടിന് അപേക്ഷിക്കാവുന്നതാണ്

1. സ്റ്റാർട്ടപ്പ് സപ്പോർട്ട് :

വ്യവസായവകുപ്പിന്റെ ഓഫീസുകളിൽ നിന്നും അയക്കുന്ന ശുപാർശയുടെ അടിസ്ഥാനത്തിൽ ബാങ്ക് വായ്പ അനുവദിച്ചു കഴിഞ്ഞാൽ ഈ ആനുകൂല്യം ലഭിക്കും. അർഹതയുള്ള സ്ഥിര നിക്ഷേപ സബ്സിഡിയുടെ 50% തുക പരമാവധി 3 ലക്ഷം രൂപ വരെയാണ് സ്റ്റാർട്ടപ്പ് സപ്പോർട്ട് ആയി ലഭിക്കുക. വായ്പ കൈപ്പറ്റി കഴിഞ്ഞാൽ മാത്രമേ ഈ ആനുകൂല്യത്തിന് അർഹതയുള്ളൂ.

2. ഇൻവെസ്റ്റ്മെൻറ് സപ്പോർട്ട് :

ഈ ആനുകൂല്യമാണ് കൂടുതൽ സംരംഭകർ ഉപയോഗപ്പെടുത്തി വരുന്നത്. ഉൽപാദനം ആരംഭിച്ച ഒരു വർഷത്തിനുള്ളിൽ അപേക്ഷിക്കണം. മതിയായ കാരണം ഉണ്ടെങ്കിൽ രണ്ടുവർഷം വരെ ഇളവ് ലഭിക്കും. വായ്പ എടുക്കാത്ത സ്ഥാപനങ്ങൾക്കും ഈ ആനുകൂല്യത്തിന് അർഹതയുണ്ട്.

നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ആധുനികവൽക്കരണം, വിപുലീകരണം, വൈവിധ്യവൽക്കരണം, എന്നിവ നടത്തിയാൽ ഇതിനു വരുന്ന സ്ഥിരനിക്ഷേപം കണക്കാക്കിയും ഇ എസ് എസ് ലഭിക്കും. ഇങ്ങനെയുള്ള സ്ഥാപനങ്ങൾ മെഷിനറി നിക്ഷേപത്തിന്റെ 25 ശതമാനവും വിപുലീകരണവുമായി ബന്ധപ്പെട്ട ആനുകൂല്യത്തിന് ഉൽപാദനത്തിൽ 25% വർദ്ധന ഉണ്ടായിരിക്കണം. എന്ന് നിബന്ധനയുണ്ട്. ഇവ പൂർത്തീകരിച്ച് ഉൽപാദനം പുനരാരംഭിച്ച ഒരു വർഷത്തിനുള്ളിൽ സബ്സിഡിക്ക് അപേക്ഷ സമർപ്പിക്കണം എന്നാണ് നിയമം.

3. ടെക്കനോളജി സപ്പോർട്ട് :

സർക്കാർ അംഗീകരിച്ച റിസർച്ച് സ്ഥാപനങ്ങളിൽ നിന്നും ടെക്നോളജി വാങ്ങുന്നതിന് ചെലവായ തുക കണക്കാക്കിയാണ് സബ്സിഡി നൽകുക. ഇതിന് വരുന്ന നിക്ഷേപത്തിന്റെ 10% പരമാവധി.10 ലക്ഷം രൂപ വരെയാണ് അധിക സബ്സിഡിയായി ലഭിക്കുക.പുതിയ ടെക്നോളജി വാങ്ങി സ്ഥാപിച്ച ആറുമാസത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കണം. വ്യവസായ വികസനത്തിന് ഉതകുന്ന സാങ്കേതികവിദ്യകൾ നൽകുന്ന സ്ഥാപനങ്ങൾക്കും ഈ ആനുകൂല്യം ലഭിക്കും. പുതിയ പാക്കേജിങ് സംവിധാനങ്ങൾക്കും ഇത് പ്രകാരമുള്ള സബ്സിഡി ലഭിക്കും.


## അപേക്ഷയിലെ നടപടികൾ :

മേൽ ആനുകൂല്യങ്ങൾക്കെല്ലാം പ്രത്യേകം അപേക്ഷ ഫോമുകൾ ഉണ്ട് . അതിൽ വേണം അപേക്ഷ അയക്കുവാൻ അപേക്ഷയോടൊപ്പം ഒരു ചെക്ക് ലിസ്റ്റ് നൽകിയിട്ടുണ്ട് അത്രയും രേഖകൾ സമർപ്പിക്കണം. ഇപ്പോൾ ഓൺലൈനായി വേണം അപേക്ഷ സമർപ്പിക്കുവാൻ . site WWW.dic.kerala.gov.in. ജില്ലാ വ്യവസായ കേന്ദ്രം, താലൂക്ക് വ്യവസായ ഓഫീസുകൾ, ബ്ലോക്ക് പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ എന്നിവിടങ്ങളിലെ വ്യവസായ വികസന ഓഫീസർമാർ വഴി അപേക്ഷ സമർപ്പിക്കാവുന്നതാണ്. ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ആണ് സ്റ്റാർട്ടപ്പ് സപ്പോർട്ട് അപേക്ഷകൾ അനുവദിക്കുന്നത്. ജില്ലാ കളക്ടർ ചെയർമാനായ ജില്ലാതല സബ്സിഡി കമ്മിറ്റിയാണ് ഇൻവെസ്റ്റ്മെന്റ് സപ്പോർട്ട് പാസാക്കുന്നത്. എസ് സി എസ് ടി വിഭാഗക്കാർ 525 രൂപയും മറ്റു സംരംഭകർ1050 രൂപയും അപേക്ഷ ഫീസ് ആയി നൽകണം.

ഈ പദ്ധതി പ്രകാരം അപേക്ഷാ സമർപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട പ്രധാന കാര്യങ്ങൾ:

- നിർമ്മാണ യൂണിറ്റുകൾക്ക് മാത്രമാണ് ആനുകൂല്യം. സേവന– വ്യാപാര സ്ഥാപനങ്ങൾക്കും ഫാമുകൾക്കും ലഭിക്കില്ല.
- ഒരു വർഷത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കണമെന്നാണ് നിയമമെങ്കിലും മതിയായ കാരണങ്ങൾ ഉണ്ടെങ്കിൽ മൂന്നുവർഷം വരെ മാപ്പാക്കിയുള്ള അപേക്ഷകളും പരിഗണിക്കാം
- ആധാരത്തിലെ വിലകൂടി പരിഗണിച്ചു മാത്രമേ ഭൂമിയുടെ വില സബ്സിഡിക്ക് പരിഗണിക്കുകയുള്ളൂ. കാര്യമായ ഒരു ഗുണം ഈ കാരണത്താൽ വ്യവസായികൾക്ക് ലഭിക്കാറില്ല. അതിനാൽ ഭൂമി വില ഒഴിവാക്കുന്നതായിരിക്കും ഉചിതം.
- കെട്ടിടത്തിന് വൻ തുകകൾ ക്ലയുംചെയ്തിട്ട്





കാര്യമില്ല. സാധാരണ കെട്ടിടത്തിന് ചതുരശ്ര അടിക്ക് 2000 രൂപ വെച്ച് മാത്രമേ പരിഗണിക്കൂ. അടച്ചുറപ്പുള്ള കോൺക്രീറ്റ് കെട്ടിടം ആണെങ്കിൽ 5000 രൂപ വരെ പരിഗണിക്കും. ഇത് ലഭിക്കുന്നതിന് പ്രത്യേകമായിട്ടുള്ള ബില്ലുകളോ ആവശ്യമില്ല. എൻജിനീയറുടെ പ്ലാനും എസ്റ്റിമേറ്റും നിശ്ചിത ഫോമിലുള്ള സർട്ടിഫിക്കറ്റും മാത്രം മതിയാകും.

- മെഷിനറി സപ്പോർട്ടാണ് പ്രധാനമായും സംരംഭകർ ക്ലെയിം ചെയ്യുന്നത്. മെഷിനറിയുടെ സ്ഥിരനിക്ഷേപത്തിന് ഇൻവോയ്സുകളും ബാങ്ക് പെയ്മെൻറ് സർട്ടിഫിക്കറ്റുകളും ഹാജരാക്കണം. വിദേശത്തുനിന്നും കൊണ്ടുവന്ന മെഷിനറി ആണെങ്കിൽ ഇന്ത്യൻ രൂപയുമായി കൺവേർട്ട് ചെയ്തുകൊണ്ടുള്ള ബാങ്കിൻറെ സർട്ടിഫിക്കറ്റും ഹാജരാക്കണം. എല്ലാം പെയ്മെൻറും ബാങ്ക് വഴി നൽകിയിരിക്കണം. ബാധകമായ കാര്യങ്ങളിൽ ഇവെബിൽ ഹാജരാക്കണം.
- പഴയ മെഷിനറികൾക്ക് സബ്സിഡി ലഭിക്കില്ല.
- സ്ഥാപനത്തിൻറെ ഉടമ ഒറ്റയ്ക്കോ കൂട്ടായോ അപേക്ഷ സമർപ്പിക്കാവുന്നതാണ്. എന്നാൽ സ്ഥാപനത്തിലെ ജീവനക്കാരന് അപേക്ഷിക്കാൻ കഴിയില്ല.
- ജനറേറ്റർ സെറ്റിന് സബ്സിഡി ലഭിക്കണമെങ്കിൽ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ അനുമതിപത്രം ആവശ്യമാണ്.
- വനിതാ യൂണിറ്റിന്റെ ആനുകൂല്യത്തിന് ഉടമസ്ഥരിൽ 50% പേർ വനിതകൾ ആയിരുന്നാൽ മതി. എസ് സി /എസ് ടി വിഭാഗത്തിന്റെ ആനുകൂല്യത്തിനും അതേ നിരക്ക് മതിയാകും. എന്നാൽ യുവ സംരംഭകരുടെ ആനുകൂല്യത്തിന് എല്ലാവരും 45 വയസ്സിൽ താഴെ ഉള്ളവർ ആയിരിക്കണം. പ്രായം കണക്കാക്കുന്നത് ഏപ്രിൽ 1 എന്ന തീയതി വച്ചിട്ടാണ്.
- മെച്ചപ്പെട്ട ഒരു പാക്കിംഗ് മെഷീൻ വാങ്ങി സ്ഥാപിച്ചാൽ പോലും ടെക്നോളജി സപ്പോർട്ട് പ്രകാരമുള്ള ആനുകൂല്യം കിട്ടും

കേരളത്തിലെ സംരംഭകർ മികച്ച രീതിയിൽ ഉപയോഗപ്പെടുത്തി വരുന്ന ഒരു പദ്ധതിയാണ് ഇത്.60 കോടിയോളം രൂപയാണ് ഈ പദ്ധതി പ്രകാരം വർഷംതോറും കേരളത്തിൽ വിതരണം ചെയ്യുന്നത്.

പിന്നോക്ക ജില്ലകളിലെ ഒരു വനിത സംരംഭക പത്തുലക്ഷം രൂപ മുടക്കി തയ്യിൽ മെഷീനുകൾ വാങ്ങി ഒരു ഗവർമെന്റ് യൂണിറ്റ് നടത്തുകയാണ് എങ്കിൽ ഈ പദ്ധതി പ്രകാരം അവർക്ക് നാലരലക്ഷം രൂപ വരെ സബ്സിഡിയായി ലഭിക്കും എന്ന് ചുരുക്കം. വ്യവസായ വകുപ്പിന്റെ ഓഫീസുകളുമായി ബന്ധപ്പെട്ട് അപേക്ഷ സമർപ്പിച്ചാൽ എളുപ്പത്തിൽ തന്നെ ഈ ആനുകൂല്യം ലഭ്യമാകും ■

(സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് മുൻ ഡെപ്യൂട്ടി ഡയറക്ടറാണ് ലേഖകൻ)

Mail id.chandransreedaran@gmail.com




# വിപണി ലക്ഷ്യമിട്ട് മൂല്യവർധിത കൃഷി മിഷൻ

സൗമ്യ ബേബി

കാർഷികമേഖലയിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് വാല്യു ആഡഡ് അഗ്രികൾച്ചർ മിഷൻ (വാം) അഥവാ മൂല്യവർധിത കൃഷി മിഷൻ വരുന്നു. വിവിധയിനം കാർഷികവിളകളുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുകയും മൂല്യവർധിത ഉത്പന്നനിർമ്മാണം വ്യാപകമാക്കുകയും അവയുടെ ആഭ്യന്തര-രാജ്യാന്തരവിപണനം മെച്ചപ്പെടുത്തുകയുമാണ് മിഷന്റെ മുഖ്യലക്ഷ്യം. ഈ മേഖലയുടെ ആധുനികവത്കരണത്തിനായി ലോകബാങ്ക് നൽകുന്ന 1400 കോടിരൂപയുടെ വായ്പ ഉപയോഗിച്ചാവും മിഷന്റെ പ്രവർത്തനങ്ങൾ. കേന്ദ്ര ധനമന്ത്രാലയത്തിന്റെ സാമ്പത്തികകാര്യവകുപ്പും പദ്ധതിക്ക് അനുമതി നൽകിക്കഴിഞ്ഞു. തുടർചർച്ചകൾക്കായി ലോകബാങ്ക് പ്രതിനിധികൾ കേരളത്തിലെത്തും. അതിനുശേഷം കേന്ദ്ര-സംസ്ഥാന സർക്കാരുകളും ലോകബാങ്കും തമ്മിൽ ധാരണാപത്രം ഒപ്പുവെക്കും.



**കാർഷികോത്പന്നങ്ങളിൽ നിന്നുള്ള മൂല്യവർധിത ഉത്പന്നങ്ങളുടെ നിർമ്മാണത്തിന് ആവശ്യമായ സാങ്കേതികവിദ്യ നൽകുന്നതിനും കാർഷികോത്പന്നങ്ങൾക്കും മൂല്യവർധിത ഉത്പന്നങ്ങൾക്കും തദ്ദേശീയമായും ദേശീയമായും അന്തർദ്ദേശീയമായും വിപണനശൃംഖല സൃഷ്ടിച്ചെടുക്കാൻ വേണ്ട സാമ്പത്തികസഹായം ലഭ്യമാക്കുന്നതിനും വാം നടപടി സ്വീകരിക്കും**

ആറുമാസത്തിനുള്ളിൽ ഇതുസംബന്ധിച്ച നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ കഴിയുമെന്നാണ് വിലയിരുത്തൽ.

കേരളത്തിന്റെ കാർഷികമേഖല നേരിടുന്ന പ്രതിസന്ധിക്കുള്ള മുഖ്യകാരണം ഉത്പന്നങ്ങളുടെ നേരിട്ടുള്ള വിപണനമാണ്. സുഗന്ധവിളയായാലും നാണ്യവിളയായാലും ഭക്ഷ്യവിളയായാലും വിളവെടുപ്പ് കഴിഞ്ഞാൽ അത് ഉണക്കിയും ഉണക്കാതെയും നേരിട്ട് വിൽപ്പന നടത്തുന്ന രീതിയാണ് മഹാഭൂരിപക്ഷം കർഷകരും സ്വീകരിച്ചിട്ടുള്ളത്. എന്നാൽ, അവ മൂല്യവർധിത ഉത്പന്നങ്ങളാക്കി മാറ്റിയശേഷം വിപണനം നടത്തുന്ന കർഷകർക്കും കൂട്ടായ്മകൾക്കും മികച്ച നേട്ടമുണ്ടാകുകയും ചെയ്യുന്നു. കാർഷികവിളകളിൽ നിന്നുള്ള മൂല്യവർധിത ഉത്പന്നനിർമ്മാണത്തിന് നിലവിലുള്ള വമ്പൻ വികസന സാധ്യതകളിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. പല വിദേശരാജ്യങ്ങളും ഈ രംഗത്ത് കൈവരിച്ചിട്ടുള്ള കുതിച്ചുചാട്ടവുമായി താരതമ്യപ്പെടുത്തുമ്പോൾ ദേശീയ-സംസ്ഥാനതലങ്ങളിലുള്ള അവസ്ഥ ബഹുദൂരം പിന്നിലാണ്. ഇത്തരമൊരു പശ്ചാത്തലത്തിലാണ് കാർഷികോത്പന്നങ്ങളുടെ മൂല്യവർധിത ഉത്പന്നനിർമ്മാണം ലക്ഷ്യമിട്ട് പുതിയ മിഷൻ വരുന്നത്.

## വാം – ദീർഘവീക്ഷണത്തോടെയുള്ള ദൗത്യം


കാർഷികോത്പന്നങ്ങളിൽ നിന്നുള്ള മൂല്യവർധിത ഉത്പന്നങ്ങളുടെ നിർമ്മാണത്തിന് ആവശ്യമായ സാങ്കേതികവിദ്യ നൽകുന്നതിനും കാർഷികോത്പന്നങ്ങൾക്കും മൂല്യവർധിത ഉത്പന്നങ്ങൾക്കും തദ്ദേശീയമായും ദേശീയമായും അന്തർദ്ദേശീയമായും വിപണനശൃംഖല സൃഷ്ടിച്ചെടുക്കാൻ വേണ്ട സാമ്പ

**മൂല്യവർധിത കൃഷിമിഷന്റെ ദീർഘ വീക്ഷണത്തോടെയുള്ള പ്ര വർത്തനങ്ങൾ യാഥാർത്ഥ്യമാക്കു ന്നതിനായി പ്രത്യേകമായ വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരി ക്കും. കാർഷികവ്യവസായം, സാങ്കേതികവിദ്യ, വിജ്ഞാനശേഖ രണം, അവയുടെ ഉപയോഗം, വിപണനം, ധനകാര്യം തുടങ്ങിയ മേഖലകൾക്ക് സവിശേഷപ്രാ ധാന്യം നൽകിക്കൊണ്ടുള്ള പ്ര വർത്തനങ്ങളാവും വർക്കിംഗ് ഗ്രൂപ്പുകൾ സ്വീകരിക്കുക.**

ത്തികസഹായം ലഭ്യമാക്കുന്നതിനും വാം നടപടി സ്വീകരിക്കും. ഓരോ വിളയുടെയും ഉത്പാദനവും കമ്പോളത്തിലുള്ള വിപണനസാധ്യതയുമെല്ലാം വില യിരുത്തിയ ശേഷം മൂല്യവർധിത ഉത്പന്നനിർമ്മാ ണത്തിന് ആവശ്യമായ ഇടപെടൽ മിഷന്റെ ഭാഗത്തു നിന്നുണ്ടാവും. ഇതിനായി, കാർഷികമേഖലയിലെ പ്രധാന നേട്ടങ്ങളും നിലവിലെ അവസരങ്ങളും നയവും സാങ്കേതികവശവുമെല്ലാം വിശദമായി വില യിരുത്തും.

ഉത്പന്നങ്ങളുടെ ഗുണനിലവാര നിയന്ത്രണം, ബ്രാൻഡിംഗ്, ലേബലിംഗ് തുടങ്ങിയവ ഉറപ്പുവരുത്തി ആഭ്യന്തരവിപണിക്കും വിദേശകമ്പോളത്തിനും വേണ്ടിയുള്ള മികച്ച ആസൂത്രണം, വിജ്ഞാനപ്രദ മായ സാങ്കേതികവിദ്യകളുടെ വിന്യാസം, ട്രേസബി ലിറ്റി, മെക്കാനിസത്തിന്റെ വികസനം, ബ്ലോക്ക് ചെയിൻ ഉപയോഗിച്ചുള്ള സ്മാർട്ട് ക്രോപ്പ് ഇൻഷൂ റൻസ്, അനുയോജ്യമായ യന്ത്രങ്ങളുടെ പ്രചാരണം, നൂതനസ്വഭാവത്തോടെയുള്ള യന്ത്രവത്കരണം, ബഹിരാകാശ അധിഷ്ഠിത സാങ്കേതികവിദ്യകളുടെ ഉപയോഗം തുടങ്ങിയ മേഖലകളിലെല്ലാം വാമിന്റെ ഇടപെടലുണ്ടാകും. ഇതിന്റെ ഭാഗമായി അതിവേഗ ത്തിലുള്ള വിജ്ഞാനവ്യാപനവും ഈ രംഗത്തെ പ്ര ശ്നങ്ങളുടെ പരിഹാരവും ഉറപ്പാക്കുന്ന നൂതന ഗവേ ഷണപ്രവർത്തനങ്ങൾക്കായി കോമൺ നോളഡ്ജ് പ്ലാറ്റ്ഫോമിനും രൂപം നൽകും.

മൂല്യവർധിത കൃഷിമിഷന്റെ ദീർഘവീക്ഷണ ത്തോടെയുള്ള പ്രവർത്തനങ്ങൾ യാഥാർത്ഥ്യമാക്കു ന്നതിനായി പ്രത്യേകമായ വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കും. കാർഷികവ്യവസായം, സാങ്കേതിക





ശ്ചാത്തലത്തിൽ കേരളത്തെ ഗൾഫിന്റെ അടുക്കളയായും മിഡിൽ ഈസ്റ്റ് രാജ്യങ്ങളുടെ ഫ്രൂട്ട് പ്ലേറ്റായും വിഭാവനം ചെയ്തുകൊണ്ടുള്ള പ്രവർത്തനങ്ങൾക്കും വാല്യു ആഡഡ് അഗ്രികൾച്ചർ മിഷൻ നടപടി സ്വീകരിക്കും. കേരളത്തിന്റെ തനതായ ഭക്ഷ്യവിഭവങ്ങൾ അന്തർദ്ദേശീയ അടിസ്ഥാനത്തിൽ ബ്രാൻഡ് ചെയ്ത് വിപണനം ചെയ്യുകയാണ് ലക്ഷ്യം. വ്യവസായവകുപ്പിന്റെയും നോർക്കയുടെയും സഹകരണത്തോടെയാവും ഇത് നടപ്പാക്കുക.

മൂല്യവർധിത കൃഷി മിഷന്റെ ഫലപ്രദമായ പ്രവർത്തനത്തിനും വിജയത്തിനുമായി കൃത്യമായ ചട്ടക്കൂടിലുള്ള ഘടനാസംവിധാനവും ആസൂത്രണം ചെയ്തിട്ടുണ്ട്. കാര്യക്ഷമമായ ഒരു ഗവേണിംഗ് ബോഡി ഇതിന്റെ ഭാഗമാണ്. മുഖ്യമന്ത്രിയായിരിക്കും ഗവേണിംഗ് ബോഡിയുടെ അദ്ധ്യക്ഷൻ. കൂടാതെ കൃഷിവകുപ്പ് മന്ത്രിയും വ്യവസായവകുപ്പ് മന്ത്രിയും ഉപാദ്ധ്യക്ഷന്മാരായിരിക്കും. ധനകാര്യം, തദ്ദേശ സ്വയംഭരണം, സഹകരണം, ജലവിഭവം, മൃഗസംരക്ഷണം, ഫിഷറീസ്, വൈദ്യുതി, ഭക്ഷ്യപൊതുവിതരണം തുടങ്ങിയ വകുപ്പ് മന്ത്രിമാരെല്ലാം ഇതിൽ അംഗങ്ങളായിരിക്കുകയും ചെയ്യും. ഇതിനുപുറമെ ഓരോ മേഖലയ്ക്കുമായി കൃഷിവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായുള്ള വിദഗ്ധസംഘങ്ങളുടെ വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിക്കുന്നതാണ്. മാത്രവുമല്ല, മൂല്യവർധിത കൃഷി മിഷന് സംസ്ഥാനതല വിദ്യ, വിജ്ഞാനശേഖരണം, അവയുടെ ഉപയോഗം, വിപണനം, ധനകാര്യം തുടങ്ങിയ മേഖലകൾക്ക് സവിശേഷപ്രാധാന്യം നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളാവും വർക്കിംഗ് ഗ്രൂപ്പുകൾ സ്വീകരിക്കുക. ഈ രംഗത്ത് ഏതെങ്കിലും തരത്തിലുള്ള ഇടപെടലുകൾ നടത്തുന്ന എല്ലാ മന്ത്രാലയങ്ങളുടെയും പദ്ധതികൾ പുതിയ മിഷന്റെ വിജയത്തിനുവേണ്ടി ഉപയോഗപ്പെടുത്തും. കൃഷി, വ്യവസായം, തദ്ദേശ സ്വയംഭരണം തുടങ്ങിയ വകുപ്പുകൾ നടപ്പാക്കിവരുന്ന വിവിധ പദ്ധതികൾ ഇതിന് ഉദാഹരണമാണ്.

## വിപണി ലക്ഷ്യമിട്ടും പ്രവർത്തനങ്ങൾ

ഇന്നിപ്പോൾ നാമമാത്രമായ രീതിയിലാണെങ്കിൽ പോലും ഇവിടെനിന്നും റെഡി ടു ഈറ്റ് വിഭവങ്ങൾ രാജ്യാന്തരവിപണിയിലേക്ക് കയറ്റുമതി ചെയ്യുന്നുണ്ട്. ഏറെയും മലയാളികൾ ജോലിചെയ്യുന്ന രാജ്യങ്ങളിലേക്കാണ്. ഐടി പോലെയുള്ള മേഖലകളിൽ ജോലിചെയ്യുന്നവരുടെ എണ്ണം വർധിക്കുകയും ഭക്ഷണം വീട്ടിൽ പാകം ചെയ്യുന്നിന് പകരം ഹോട്ടലുകളിൽനിന്നും വാങ്ങിക്കഴിക്കുന്ന സമ്പ്രദായം പ്രചരിക്കുകയും ചെയ്യുന്നത് റെഡി ടു ഈറ്റ് വിഭവങ്ങളുടെ ഡിമാൻഡ് കൂട്ടിയിട്ടുണ്ട്. ഇത്തരമൊരു പ

**ഇന്നിപ്പോൾ നാമമാത്രമായ രീതിയിലാണെങ്കിൽ പോലും ഇവിടെനിന്നും റെഡി ടു ഈറ്റ് വിഭവങ്ങൾ രാജ്യാന്തരവിപണിയിലേക്ക് കയറ്റുമതി ചെയ്യുന്നുണ്ട്. ഏറെയും മലയാളികൾ ജോലിചെയ്യുന്ന രാജ്യങ്ങളിലേക്കാണ്. ഐടി പോലെയുള്ള മേഖലകളിൽ ജോലിചെയ്യുന്നവരുടെ എണ്ണം വർധിക്കുകയും ഭക്ഷണം വീട്ടിൽ പാകം ചെയ്യുന്നിന് പകരം ഹോട്ടലുകളിൽനിന്നും വാങ്ങിക്കഴിക്കുന്ന സമ്പ്രദായം പ്രചരിക്കുകയും ചെയ്യുന്നത് റെഡി ടു ഈറ്റ് വിഭവങ്ങളുടെ ഡിമാൻഡ് കൂട്ടിയിട്ടുണ്ട്.**

ത്തിൽ കോ-ഓർഡിനേറ്ററും ചീഫ് ഓപ്പ റേറ്റിംഗ് ഓഫീസറും ഉണ്ടായിരിക്കും.

പുതിയ പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ കാർഷിക വിപണനമേഖലയിലും മൂല്യവർധിത ഉത്പന്നനിർമ്മാണത്തിലും സുസ്ഥിരമായ സാമ്പത്തികനേട്ടം കൈവരിക്കാൻ സാധിക്കുമെന്നാണ് വിലയിരുത്തപ്പെടുന്നത്. കൃഷിക്കൂട്ടങ്ങളുടെ വരവോടെ വിപണനമേഖലയിലും മൂല്യവർധനരംഗത്തും കൂടുതൽ കർഷകരുടെ പങ്കാളിത്തം ഉണ്ടാകുമെന്നാണ് പ്രതീക്ഷ. ഉത്പന്നങ്ങൾക്ക് വില ലഭ്യമാക്കാൻ അവയുടെ സംഭരണവും അടിസ്ഥാനവിലയും സർക്കാർ ഉറപ്പാക്കുന്നുണ്ടെങ്കിലും ഇങ്ങനെ സംഭരിക്കുന്ന ഉത്പന്നങ്ങൾ പലപ്പോഴും ഫലപ്രദമായ രീതിയിൽ വിനിയോഗിക്കാൻ കഴിയാറില്ല. ഇത്തരമൊരു അവസ്ഥ ഒഴിവാക്കാനും ഇതുവഴി സർക്കാരിന് സാമ്പത്തികനേട്ടം ഉണ്ടാകുന്ന സാഹചര്യം സൃഷ്ടിക്കാനും മിഷന് സാധിക്കുമെന്ന് കണക്കാക്കപ്പെടുന്നു.



## കേരളത്തിന്റെ വമ്പൻ സാധ്യതകൾ

വിവിധയിനം കാർഷികവിളകളിൽനിന്നും മൂല്യവർധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിന് ഇപ്പോഴുള്ള സാധ്യത പോലും കേരളം വിനിയോഗിക്കുന്നില്ല എന്നതാണ് വാസ്തവം. ഇവിടെ യഥേഷ്ടം ലഭ്യമായിട്ടുള്ള ചക്കയുടെ കാര്യം മാത്രം ഉദാഹരണമായെടുത്താൽ നമുക്ക് ഉണ്ടാകുന്ന നഷ്ടം എത്ര വലുതാണെന്ന് ബോധ്യപ്പെടും. സീസണായാൽ ചക്കയൊന്നിന് രണ്ടുരൂപ മുതൽ പത്തുരൂപ വരെ വില വാങ്ങിയാണ് കേരളത്തിലെ കർഷകർ വിറ്റഴിക്കുന്നത്. അപൂർവ്വമായി ഏതാനും ആഴ്ചകളിൽ മാത്രമെ ചക്കയ്ക്ക് പത്തുരൂപ വിലകിട്ടുകയുള്ളൂ. എട്ടും പത്തും കിലോഗ്രാം തൂക്കമുള്ള ഒരു ചക്കയ്ക്ക് ഇവിടുത്തെ കർഷകർക്ക് കിട്ടുന്ന ശരാശരി വില അഞ്ചുരൂപയാണ്. ഈ വിലയ്ക്കു പോലും മുഴുവൻ ചക്കയും വിറ്റഴിക്കാൻ കഴിയുന്നുമില്ല.

കേരളത്തിൽ പ്രതിവർഷം 29 കോടിയോളം ചക്കയാണ് ഉണ്ടാകുന്നത്.

**കേരളത്തിൽ പ്രതിവർഷം 29 കോടിയോളം ചക്കയാണ് ഉണ്ടാകുന്നത്. എന്നാൽ ഇതിന്റെ 20 ശതമാനം പോലും വിനിയോഗിക്കപ്പെടുന്നില്ല. സ്വാഭാവികമായും ബാക്കിയുള്ളവ മുഴുവനും നശിച്ചു പോകുന്നു. ഈ രീതിയിൽ ഓരോ വർഷവും ഇരുപതിനായിരം കോടി രൂപയുടെയെങ്കിലും നഷ്ടം സംഭവിക്കുന്നുവെന്നാണ് വിലയിരുത്തൽ.**

എന്നാൽ ഇതിന്റെ 20 ശതമാനം പോലും വിനിയോഗിക്കപ്പെടുന്നില്ല. സ്വാഭാവികമായും ബാക്കിയുള്ളവ മുഴുവനും നശിച്ചുപോകുന്നു. ഈ രീതിയിൽ ഓരോ വർഷവും ഇരുപതിനായിരം കോടി രൂപയുടെയെങ്കിലും നഷ്ടം സംഭവിക്കുന്നുവെന്നാണ് വിലയിരുത്തൽ. പഴുത്തതും പച്ചയുമായ ചക്കയിൽനിന്നും പായസവും ചിപ്സും പപ്പടവും മുറുക്കും പക്കാവടയും മധുരസേവയുമെല്ലാം ഉണ്ടാക്കികൊടുക്കുന്ന ചില സംരംഭങ്ങൾക്ക് ഓരോ ചക്കയിൽനിന്നും ശരാശരി മൂവായിരം രൂപവരെ കിട്ടുന്നുണ്ടെന്ന കാര്യം കൂടി ഇതോടൊപ്പം ചേർത്തുവായിക്കേണ്ടതാണ്.

വാഴനാരുകൊണ്ടുള്ള ഉത്പന്നനിർമ്മാണമാണ് മറ്റൊരു ഉദാഹരണം. നമ്മുടെ തോട്ടങ്ങളിൽനിന്നും വലുപ്പമുള്ള വാഴക്കുലകൾ വെട്ടിയെടുക്കുകയെന്നത് മാത്രമാണ് ഇപ്പോഴത്തെ ലക്ഷ്യം. എന്നാൽ വാഴനാരുകൊണ്ടുള്ള ഉത്പന്നനിർമ്മാണത്തിന്റെ അനന്തസാധ്യത നമ്മൾ തിരിച്ചറിയാതെ പോകുന്നു. ശാസ്ത്രീയാടിസ്ഥാനത്തിൽ നിർമ്മിക്കുന്ന വാഴനാരുത്പന്നങ്ങൾക്ക് ലോകകമ്പോളത്തിൽ വൻഡിമാൻഡുണ്ട്. വാഴനാര് ഉപയോഗിച്ച് കരകൗശലവസ്തുക്കൾ, ബാഗുകൾ, ആഭരണങ്ങൾ, ചെരുപ്പുകൾ തുടങ്ങിയവയെല്ലാം നിർമ്മിക്കാൻ കഴിഞ്ഞാൽ രാജ്യാന്തരവിപണിയിലും അതിന്റെ നേട്ടമുണ്ടാകും. സംസ്ഥാനത്ത് തിരുവനന്തപുരത്തും തൃശൂരും വയനാട്ടിലുമെല്ലാം വാഴനാരുത്പന്നങ്ങളുടെ നിർമ്മാണത്തിൽ പരിശീലനം നൽകുന്ന മികച്ച സ്ഥാപനങ്ങളുണ്ട്. ഇത്തരം സാധ്യതകൾ വിനിയോഗിക്കുക മാത്രമെ നമ്മൾ ചെയ്യേണ്ടതുള്ളൂ.

**വാഴനാരുകൊണ്ടുള്ള ഉത്പന്നനിർമ്മാണമാണ് മറ്റൊരു ഉദാഹരണം. നമ്മുടെ തോട്ടങ്ങളിൽനിന്നും വലുപ്പമുള്ള വാഴക്കുലകൾ വെട്ടിയെടുക്കുകയെന്നത് മാത്രമാണ് ഇപ്പോഴത്തെ ലക്ഷ്യം. എന്നാൽ വാഴനാരു കൊണ്ടുള്ള ഉത്പന്നനിർമ്മാണത്തിന്റെ അനന്തസാധ്യത നമ്മൾ തിരിച്ചറിയാതെ പോകുന്നു. ശാസ്ത്രീയാടിസ്ഥാനത്തിൽ നിർമ്മിക്കുന്ന വാഴനാരുത്പന്നങ്ങൾക്ക് ലോകകമ്പോളത്തിൽ വൻഡിമാൻഡുണ്ട്.**



ഇങ്ങനെയൊരു സാഹചര്യത്തിലാണ് മൂല്യവർധിത കൃഷി മിഷന്റെ പ്രാധാന്യം വർധിക്കുന്നത്. നിലവിൽ കേരളത്തിലെ കർഷകരിൽ ഏറെപ്പേരും മുൻതൂക്കം നൽകുന്നത് ഉത്പാദനമേഖലയ്ക്ക് മാത്രമാണ്. ഉദാഹരണത്തിന്, 'ഞങ്ങളും കൃഷിയിലേക്ക്' പദ്ധതിയുടെ ഭാഗമായി ഇരുപത്തയ്യായിരത്തിലധികം കൃഷിക്കൂട്ടങ്ങൾ ഉണ്ടായിട്ടുണ്ട്. ഇതിന്റെ 80 ശതമാനവും ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുള്ളത് ഉത്പാദനമേഖലയിലാണ്. 20 ശതമാനം മാത്രമാണ് മൂല്യവർധിത ഉത്പന്നനിർമ്മാണത്തിന് മുൻതൂക്കം നൽകുന്നത്. ഇത്തരമൊരു പശ്ചാത്തലത്തിൽ മൂല്യവർധിത കൃഷി മിഷന്റെ പ്രാധാന്യം വളരെ വലുതാണ്. മൂല്യവർധിത ഉത്പന്നങ്ങൾ അടിസ്ഥാനമാക്കിയ കൃഷിക്ക് മുഖ്യപരിഗണന നൽകാൻ ഇവിടുത്തെ കൃഷിക്കൂട്ടങ്ങളെ പ്രാപ്തമാക്കാനുള്ള ദൗത്യവും മിഷൻ ഏറ്റെടുത്ത് നടപ്പാക്കും. ഇതിന് ആവശ്യമായ എല്ലാ പിന്തുണയും വാല്യു ആഡഡ് അഗ്രികൾച്ചർ മിഷൻ തന്നെ നൽകുന്നതാണ്. ■



എഴുമാവിൽ രവീന്ദ്രനാഥ്

# കരടുനയത്തിന്റെ മൂന്നാം പാദത്തിൽ

സമഗ്ര വ്യവസായ വൽക്കരണം ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ രൂപം കൊടുത്ത വ്യവസായ നയം പൊതുജനാഭിപ്രായമറിയുവാനായി ജനങ്ങളിലേക്കെത്തിച്ചിരുന്നു. ഒരു ജനാധിപത്യ സംവിധാനത്തിൽ ഏറെ അഭികാമ്യമായ നടപടി എന്ന നിലയ്ക്കായിരുന്നു ഈ പബ്ലിക് ഒപ്പീനിയൻ ക്യാമ്പയിൻ. ഇനി ജനഹിതം വിലയിരുത്തിയാവും തുടർനടപടികൾ.

വ്യവസായ സംരംഭങ്ങൾക്കായി കമ്പനിക്ക് 15 ഏക്കറിലേറെ സ്ഥലം വാങ്ങാനാവുമോ എന്നതാണ് ഇവിടുത്തെ ചോദ്യം. ഇതിൽ ഭൂപരിഷ്കരണ നിയമം പറയുന്നതെന്ത്, അപ്രകാരം വേണ്ടിവന്നാൽ വ്യവസ്ഥകളെന്ത് എന്നതൊക്കെ ഇവിടെ സജീവമായി ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്.

38,863 ചതുരശ്ര കിലോമീറ്റർ മാത്രമാണ് നമ്മുടെ ഭൂവിസ്തൃതി. 44 പ്രധാന നദികളും ഇവിടെയുണ്ട്. 11,524 ചതുരശ്ര കിലോമീറ്റർ വനപ്രദേശവും ഇതിൽ ഉൾപ്പെടുന്നു. ആകെ ഭൂവിസ്തൃതിയുടെ 29.65 ശതമാനമാണിത്. 6.25 ലക്ഷം ഹെക്ടർ സ്ഥലത്ത് 30 വർഷം മുമ്പു വരെ നെൽവയൽ ഉണ്ടായിരുന്ന സ്ഥലത്ത് ഇന്ന് അത് 2.05 ആയി ചുരുങ്ങിയിരിയ്ക്കുന്നു. ഭവന നിർമ്മാണം, നഗരവൽക്കരണം തുടങ്ങി നിരവധി പദ്ധതികൾക്കായി വയൽ ക്രമാധികമായി നികത്തപ്പെട്ടതുകൊണ്ടും കേരളീയരുടെ നെൽകൃഷിയോടുള്ള ആഭിമുഖ്യം കുറഞ്ഞതുകൊണ്ടും, അയൽ സംസ്ഥാനങ്ങളിൽ നിന്നു വൻതോതിൽ അരി ഇവിടേയ്ക്കു പ്രവഹിയ്ക്കുന്നതുകൊണ്ടും പൊതുവിതരണ ശൃംഖല ഇവിടെ ശക്തി പ്രാപിച്ചതുകൊണ്ടുമാണ് നെൽവയലുകൾ പരിവർത്തനവിധേയമായത്. പാരിസ്ഥിതിക പ്രശ്നങ്ങൾ ഉയർത്തി


വ്യവസായ കേരളം



നിരവധി സംഘടനകൾ ഇന്ന് രംഗത്തു വന്നിട്ടുണ്ടെങ്കിലും അനധികൃതമായുള്ള ഭൂമിയുടെ തരംമാറ്റൽ വ്യാപകമാണ്.

ഭൂമിയുടെ ലഭ്യതയില്ലായ്മയും അമിതവിലയുമാണ് ഇന്ന് വൻകിട വ്യവസായങ്ങൾക്കു പ്രതിബന്ധമാകുന്നത്. അയൽ സംസ്ഥാനങ്ങൾ വ്യവസായവൽക്കരിയ്ക്കപ്പെട്ടു എന്നു പറയുമ്പോൾ നാം ആദ്യം കാണേണ്ടത് അവിടുത്തെ വിശാലമായ ഭൂപ്രദേശത്തെയാണ് ഉദാഹരണമായി തമിഴ്നാടിന്റെ ഭൂവിസ്തൃതി 1,30,058 ചതുരശ്ര കിലോമീറ്ററും കർണ്ണാടകയുടേത് 1,91,791 ചതുരശ്രകിലോമീറ്ററുമാണ്. ഭൂമിയുടെ ലഭ്യത സംബന്ധിച്ച താരതമ്യപഠനത്തിന് ഇതുമാത്രം മതി സൂചികയാക്കുവാൻ അപ്പോൾ പിന്നെ ഉള്ളതുകൊണ്ട് ഓണം പോലെ എന്ന ഒരു നയമാവണം നാം പിന്തുടരേണ്ടത്.

കുന്നുകൾ ഇടിച്ചു നിരത്താതെയും പാടങ്ങൾ നികത്താതെയും വനങ്ങൾ നശിപ്പിയ്ക്കാതെയും വേണം നമുക്ക് ഭൂമി കണ്ടെത്തേണ്ടത്. ഇത് എപ്രകാരം സാധിതമാകും? ഇവിടെ നമുക്കു മുമ്പിലുള്ളത് രണ്ടു ചോയ്സുകളാണ്.

**ഭൂമിയുടെ ലഭ്യതയില്ലായ്മയും അമിതവിലയുമാണ് ഇന്ന് വൻകിട വ്യവസായങ്ങൾക്കു പ്രതിബന്ധമാകുന്നത്. അയൽ സംസ്ഥാനങ്ങൾ വ്യവസായവൽക്കരിയ്ക്കപ്പെട്ടു എന്നു പറയുമ്പോൾ നാം ആദ്യം കാണേണ്ടത് അവിടുത്തെ വിശാലമായ ഭൂപ്രദേശത്തെയാണ് ഉദാഹരണമായി തമിഴ്നാടിന്റെ ഭൂവിസ്തൃതി 1,30,058 ചതുരശ്ര കിലോമീറ്ററും കർണ്ണാടകയുടേത് 1,91,791 ചതുരശ്രകിലോമീറ്ററുമാണ്.**


വ്യവസായ കേരളം



1. ചതുപ്പു നിലങ്ങളുടെ വികസനം

2. മുരടിച്ച തോട്ടങ്ങളുടെ പരിവർത്തനം

ഇവിടെ 1.6 ലക്ഷം ഹെക്ടർ സ്ഥലത്തോളം ആർദ്ര ഭൂമിയുണ്ട്. നനവേറിയതെന്നോ വെള്ളക്കെട്ടുള്ളതെന്നോ ഒക്കെ ഇതിനെ വിശേഷിപ്പിയ്ക്കാം. ഏതാണ്ട് ആകെ ഭൂവിസ്തൃതിയുടെ 4.13 ശതമാനമാണിത്. റിവർ സ്ട്രീംസ് (65162 ഹെക്ടർ) ലഗൂൺ (38,442 ഹെക്ടർ) റിസർവോയർ ഭൂമി (26,167 ഹെക്ടർ) വാട്ടർ ലോഡ്ജ് പ്രദേശം (20,305 ഹെക്ടർ) എന്നിങ്ങനെ ഈ സ്ഥലങ്ങളെ തിരിയ്ക്കാം. ചില അമൂല്യ സസ്യങ്ങളുടെയും വൃക്ഷങ്ങളുടെയും പക്ഷികളുടെയും ആവാസ വ്യവസ്ഥയും ഇവയിലുണ്ട്. ഉദാഹരണമായി കണ്ടൽക്കാടുകളെയെടുക്കാം. ഇത്തരം പ്രദേശങ്ങളിൽ നിന്നും പരിസ്ഥിതിയ്ക്കു കോട്ടം തട്ടാത്ത വിധമുള്ള സ്ഥലങ്ങൾ കണ്ടെത്തുകയും അവ പുതിയ പ്രോജക്റ്റുകൾക്കായി പ്രയോജനപ്പെടുത്തുകയുമാവാം. ഇതിന് അതതു മേഖലയിലെ (കൺസ്ട്രക്ഷൻ, എക്കോളജി, അഗ്രിക്കൾച്ചർ, ഇൻഡസ്ട്രി) വിദഗ്ദരുടെ ഉപദേശങ്ങൾ മുൻകൂട്ടി തേടി അഭിപ്രായ സമച്ചയം ഉണ്ടാക്കേണ്ടതാണ്.

കേരളത്തിലെ കാർഷിക മേഖലയിലുള്ള ഭൂവിസ്തൃതി കൂടി പരിശോധിയ്ക്കാം. തോട്ടങ്ങൾക്കാണ് ഇതിൽ പ്രാമുഖ്യം. റബ്ബർ, തേയില എന്നിവ ഇതിൽ ഉൾപ്പെടുന്നു. പിന്നാലെ ഫലവർഗ്ഗങ്ങളും സുഗന്ധവിളകളും പച്ചക്കറികൃഷിയും വരുന്നു.

| തരം തിരിവ് | ഹെക്ടർ (ആയിരത്തിൽ) |
|---|---|
| തോട്ടങ്ങൾ | 988.63 |
| ഫലവൃക്ഷങ്ങൾ | 319.95 |
| സുഗന്ധവ്യഞ്ജനങ്ങൾ | 160.47 |
| പച്ചക്കറി വിളകൾ | 119.16 |


വ്യവസായ കേരളം

4,99,127 ഹെക്ടർ സ്ഥലത്ത് റബ്ബറും 31,984 ഹെക്ടർ സ്ഥലത്ത് തേയിലയും 84,016 ഹെക്ടർ സ്ഥലത്ത് കാപ്പിയും ഇവിടെ കൃഷി ചെയ്യുന്നു. ഓരോന്നും വളരുന്നതും വളർത്തുന്നതും പ്രത്യേക കാലാവസ്ഥകളിലാണ്. ഇവയിൽ പ്രത്യേക കാരണങ്ങൾ കൊണ്ട് നിലവിലെ കൃഷി തുടരാനാവാത്ത സ്ഥലങ്ങളോ പ്രവിശ്യകളോ വ്യവസായ സംരംഭങ്ങൾക്കായി പരിഗണിയ്ക്കാവുന്നതാണ്. അതിനു മുമ്പു തന്നെ മേൽപ്പറഞ്ഞ വിദഗ്ദ്ധ സമിതികളുടെ അഭിപ്രായം, പൊതുജനങ്ങളുടെ അഭിപ്രായം ഇവ തേടേണ്ടതുണ്ട്. തുടർന്ന് തൽസംബന്ധിയായ നിയമ നിർമാണങ്ങളും ഉണ്ടാവണം.

ആഗോള കാലാവസ്ഥാ ഉച്ചകോടി അടുത്തിടെ നടന്നു കഴിഞ്ഞതേയുള്ളൂ. ഹരിതകേരളം എന്ന പദ്ധതി വിജയകരമായി നടപ്പാക്കി വരുന്ന ഒരു നാടാണ് നമ്മുടേത്. ആരോഗ്യ മേഖലയിലും വിദ്യാഭ്യാസ മേഖലയിലും ഒന്നാം സ്ഥാനം തന്നെ നേടിയ ഖ്യാതിയും നമുക്കുണ്ട്. ഇവ മനസ്സിൽ വച്ചു കൊണ്ടു മാത്രമാകണം നമ്മുടെ വ്യവസായ വൽക്കരണത്തിനുള്ള ഭൂമി കണ്ടെത്തൽ പ്രക്രിയ ത്വരിതപ്പെടുത്തേണ്ടത്. മണ്ണും, ജലവും വായുവും പരിശുദ്ധമായി നിലനിർത്തിക്കൊണ്ടു മാത്രമേ നമുക്ക് പുതിയ വൻകിട സംരംഭങ്ങളെപ്പറ്റി ചിന്തിയ്ക്കാനാവുകയുള്ളൂ.

വൻകിട തോട്ടമുടമകൾക്കും സംരംഭകരായി മാറാനാവും. ലാഭകരമല്ലാത്തതും മുരടിച്ചതുമായ തോട്ടങ്ങളെ സംയുക്ത സംരംഭങ്ങളുമാക്കി മാറ്റാനാവും. ഭൂമി തോട്ടമുടമ നൽകുമ്പോൾ മറ്റുള്ള സംവിധാനങ്ങൾ സംരംഭകരൊരുക്കുന്ന പദ്ധതിയും പരീക്ഷിക്കാം.

ഉല്പാദനക്ഷമമല്ലാത്ത പ്രദേശങ്ങളെ ഉൽപാദനക്ഷമമായ സംരംഭങ്ങളിലൂടെ നമുക്ക് സമ്പദ്സമൃദ്ധമാക്കാം. കൂടുതൽ തൊഴിലവസരങ്ങളും അതിലൂടെ സാക്ഷാത്കരിക്കാം. ■




വ്യവസായ കേരളം







ഇന്ദു കെ പി


# മത്സ്യകൃഷിയിലെ സംരംഭകത്വ സാധ്യതകൾ

കർഷകരിൽ നിന്നും കാർഷിക സംരംഭകർ എന്ന പരിണാമത്തിന്റെ കാലഘട്ടത്തിൽ മത്സ്യകൃഷി ഏറെ പ്രാധാന്യമർഹിക്കുന്നഒന്നാണ്. ശരിയായ പരിചരണത്തിലൂടെ സ്ഥിരമായ വരുമാനം ഉണ്ടാക്കാൻ സാധിക്കുന്ന ഒരു സംരംഭമാണ് മത്സ്യം വളർത്തൽ. പുതിയ സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് ഹൈടെക് രീതിയിലുള്ള മത്സ്യകൃഷി ഏറെ ലാഭകരമാകുന്നത് കൃത്യമായ പരിചരണവും സൂക്ഷ്മമായ അനുഭവപരിചയവും മൂലമാണ്. ഫിഷറീസ് വകുപ്പിന്റെ കണക്കുപ്രകാരം സംസ്ഥാനത്തെ ആഭ്യന്തര ഉപയോഗത്തിന്റെ 1.5 ലക്ഷം മെട്രിക്ക് ടൺ മത്സ്യം ഇറക്കുമതി ചെയ്യുന്നുണ്ട്. ഇവയിൽ കുറെയെങ്കിലും ആരോഗ്യകരമായ രീതിയിലല്ല സംഭരിച്ച് സൂക്ഷിക്കുന്നത്. പലപ്പോഴും വൻതോതിൽ സംഭരിക്കുന്ന മത്സ്യം സൂക്ഷിക്കുന്നതിന് അവലംബിക്കുന്ന മാർഗങ്ങൾ ഉപയോഗിക്കുന്നവരെ രോഗങ്ങളിലേക്ക് തള്ളിവിടാൻ കാരണമാകുന്നുവെന്ന് ആക്ഷേപമുണ്ട്. ഇത്തരം സാഹചര്യത്തിൽ മത്സ്യകൃഷി ഒരു വരുമാന മാർഗ്ഗം എന്നതിനേക്കാളുപരി ആരോഗ്യ സംരക്ഷണത്തിനുള്ള ഒരു സംരംഭം കൂടിയാണ്.

കരിമീൻ, ഗിഫ്റ്റ്, രോഹു, കട്‌ല, നെക്ടർ എന്നീ ഇനങ്ങളെ കുളങ്ങളിൽ വളർത്താവുന്നതാണ്. കരിമീനിന് 600 രൂപ മുതൽ വില ലഭിക്കാറുണ്ട്. മൂന്ന് മുതൽ ആറു മാസം വരെയുള്ള കാലയളവിൽ വളർച്ചയെത്തുന്ന ഇവ ഏകദേശം 200 –250 ഗ്രാം മുതൽ ഒരു കിലോവരെ തൂക്കം വരും. ഗുണനിലവാരമുള്ള വിത്തും, ശരിയായ പരിചരണവും നൽകുകയാണെങ്കിൽ നല്ല വിളവ് ലഭിക്കുമെന്നാണ് ഈ മേഖലയിൽ വിജയം കൊയ്ത സംരംഭകരുടെ പക്ഷം.

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ മത്സ്യ കൃഷിക്ക് ആവശ്യമായ വിവിധ സബ്സിഡികൾ നൽകി വരുന്നുണ്ട്. കേന്ദ്ര-സംസ്ഥാന സ്ഥാപനമായ നാഷണൽ ഫിഷറീസ് ഡെവലപ്മെൻറ് ബോർഡ് കേരള സംസ്ഥാന ഫിഷറീസുമായി സഹകരിച്ച് നടപ്പിലാക്കുന്ന ' മത്സ്യകേരളം ' ' രാഷ്ട്രീയ വികാസ് യോജന' എന്നീ പദ്ധതികളിലൂടെ സംരംഭകർക്ക് സബ്സിഡി നൽകുന്നു. വാണിജ്യബാങ്കുകൾ ആയ ബാങ്ക് ഓഫ് ബറോഡ ,ബാങ്ക് ഓഫ് ഇന്ത്യ എന്നിവയും മത്സ്യകർഷകർക്ക് ലോൺ അനുവദിക്കുന്നുണ്ട്. കോവിഡ് മഹാമാരിയെ തുടർന്ന് ഭക്ഷ്യപ്രതിസന്ധി അഭിമുഖീകരിക്കാൻ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച സുഭിക്ഷ കേരളം പദ്ധതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് മത്സ്യ വളർത്തുന്നതിന് സബ്സിഡികൾ നൽകുന്നു. സംരംഭകർക്ക് ആവശ്യമായ പരിശീലനവും നൽകുന്നുണ്ട്. സുഭിക്ഷ കേരളം പദ്ധതിയിലൂടെ പടുതാകുളം, ബയോ ഫ്ലോക്കുകൾ, കരിമീൻ വളർത്തൽ എന്നിവയ്ക്കാണ് പ്രാധാന്യം നൽകിയിരിക്കുന്നത്.





## പടുത കുളം

ഇന്ത്യയിൽ വളരെ പണ്ടുമുതൽ കണ്ടുവരുന്ന ഒരു മത്സ്യകൃഷി രീതിയാണ് പടുത കുളം. ഏകദേശം 2 സെന്റ് സ്ഥലമാണ് പടുത കുളം നിർമ്മിക്കുന്നതിന് ആവശ്യം. 80 ചതുരശ്ര മീറ്റർ വിസ്തീർണമുള്ള കുളത്തിന് 40 സെന്റിമീറ്റർ ആഴത്തിൽ കുഴിയെടുത്ത് അതിനു ചുറ്റുമായി 110 സെന്റിമീറ്റർ ഉയരത്തിൽ ബണ്ട് നിർമ്മിക്കണം. കുളത്തിൽ ഉണ്ടാകുന്ന മാലിന്യം നീക്കം ചെയ്യുന്നതിനായി കുളത്തിന്റെ രണ്ടു ഭാഗത്തുനിന്നും പുറത്തേക്ക് രണ്ടിഞ്ച് പി.വി.സി പൈപ്പ് ഉപയോഗിച്ച് ഒരു സെൻട്രൽ ഡ്രൈനേജ്നിർമ്മിച്ച് ടാർപോളിൻ ഉപയോഗിച്ച് പടുതവിരിക്കണം. ശുദ്ധജലം നിറച്ചതിനുശേഷം ബ്ലീച്ചിംഗ് പൗഡർ ഉപയോഗിച്ച് നശീകരണം നടത്തി, തുടർന്ന് എയറേഷൻവഴി ക്ലോറിനേഷൻ നടത്തണം. ജലത്തിന്റെ പി.എച്ച് കൃത്യമായി നിലനിർത്തുകയും പക്ഷികളിൽ നിന്നും മറ്റു ഇഴജന്തുക്കളിൽ നിന്നും മത്സ്യം സംരക്ഷിക്കുന്നതിനായി സംരക്ഷിത വലയം സ്ഥാപിക്കണം. ഇത്തരം എല്ലാ സൗകര്യത്തോടു കൂടെ ഒരു പടുതാകുളം നിർമ്മിക്കുന്നതിന് ഏകദേശം ഒരു ലക്ഷത്തി ഇരുപതിനായിരം രൂപയോളം കുറഞ്ഞ ചെലവ് വരും. അതിൽ 40 ശതമാനം സബ്സിഡിയായി കർഷകന് ലഭിക്കുമെന്നതിനാൽ ഇതൊരു വലിയ ബാധ്യതയാകുന്നില്ല.

ഗിഫ്റ്റ്, പങ്കേഷ്യസ്, വരാൽ, അനാബസ്, കരിമീൻ തുടങ്ങിയ ഇനങ്ങൾ പടുതകുളത്തിൽ വളർത്താവുന്നതാണ്. മത്സ്യത്തിന്റെ



ശരീരഭാരത്തിന്റെ 5 മുതൽ 10 ശതമാനം വരെ തീറ്റയും നൽകാം. അസം വാള, തിലാപിയ, അനാബസ് എന്നീ മത്സ്യങ്ങൾക്ക് 20 മുതൽ 30 ശതമാനം വരെ പ്രോട്ടീനും മൂന്ന് മുതൽ ആറ് ശതമാനം വരെ ഫൈബറും അടങ്ങിയ തീറ്റയാണ് നൽകേണ്ടത് .കരിമീനിന് 40 ശതമാനത്തിൽ അധികം പ്രോട്ടീനു 10 ശതമാനം കൊഴുപ്പും അടങ്ങിയ തീറ്റ നൽകണം. കൃത്യമായ ജല ഗുണനിലവാരവും പ രിപാലനവും മാലിന്യനിർമ്മാർജ്ജനവുമെല്ലാം മത്സ്യ വളർച്ചയ്ക്കും വിളവിനും സഹായിക്കും. കഠിനാധ്വാന വും വിൽപ്പനതന്ത്രവുമാണ് മത്സ്യകൃഷിയെ വിജയകരമാക്കുന്നത്.

## ബയോഫ്ലോക് മത്സ്യ കൃഷി

ഇസ്രായേൽ സാങ്കേതിക രീതിയിലുള്ള മത്സ്യകൃഷിയാണ് ബയോഫ്ലോക്. അക്വാകൾച്ചറിലെ 'നീലവിപ്ലവം ' എന്നാണ് ഈ രീതിഅറിയപ്പെടുന്നത്. പ്രോ ബയോടെക് പ്രക്രിയ ആയതിനാൽ 50 ശതമാനം തീറ്റ മത്സ്യങ്ങൾക്ക് ന ൽകിയാൽ മതി. 50 ശതമാനംബയോഫ്ലോക്കിൽനിന്ന് തന്നെ ലഭിക്കും. എല്ലായ്പ്പോഴും എയറേഷനുള്ള( വായുസഞ്ചാരം) ടാങ്കിൽ ഹെറ്ററോ ട്രോഫിക്ക് ബാക്ടീരിയകളെ വളർത്തി മത്സ്യം പുറന്തള്ളുന്ന അമോണിയ, നൈട്രേറ്റ് തുടങ്ങിയ ഘടകങ്ങളെ വിഘടിപ്പിക്കുകയും സൂക്ഷ്മജീവി സാന്ദ്രത വർദ്ധിപ്പിക്കുകയുമാണ് രീതി. വൻ തോതിൽ ഉണ്ടാവുന്ന ബാക്ടീരിയകൾ പിന്നീട് മത്സ്യത്തിന് ഭക്ഷണ യോഗ്യമായി മാറുകയും ചെയ്യുന്നു. ജലദൗർലഭ്യം ഉള്ള സ്ഥലങ്ങളിൽ പരീക്ഷിക്കാവുന്ന രീതിയാണിത്. പരിസ്ഥിതിസൗഹൃദമായ ഈ കൃഷി രീതിയിൽ ഉയർന്ന ഉത്പാദനക്ഷമത, ചെലവ് കുറഞ്ഞ തീറ്റ ഉത്പാദനം, പരിമിത അളവിൽ ജലം മാറ്റം, സീറോ ജലമലിനീകരണം, മത്സ്യരോഗങ്ങളുടെ വ്യാപന സാധ്യത കുറവ്, വിഷരഹിത മത്സ്യം തുടങ്ങിയവയെല്ലം ബയോഫ്ലോക്ക് കൃഷി രീതിയുടെ സവിശേഷതകളാണ്.

ഒരു കുളത്തിൽ എത്രത്തോളം മത്സ്യം വളർത്താം എന്നത് ഏതുതരം മത്സ്യങ്ങളാണ് വളർത്താൻ ഉദ്ദേശിക്കുന്നതെന്നതിനെ ആശ്രയി ച്ചിരിക്കുന്നു. എത്ര സമയത്തിനുള്ളിലാണ് വിള വെടുപ്പ് എന്നതിനെ ആശ്രയിച്ചാണ് അത്തരം കാര്യ ങ്ങൾ സംവിധാനം ചെയ്യാൻ സാധിക്കൂകയുള്ളൂ. അസം വാള, അനാബസ് പോലുള്ള മത്സ്യങ്ങളാണ്

**ഇസ്രായേൽ സാങ്കേതിക രീതിയിലുള്ള മത്സ്യകൃഷിയാണ് ബയോഫ്ലോക്. അക്വാകൾച്ചറിലെ 'നീലവിപ്ലവം ' എന്നാണ് ഈ രീതിഅറിയപ്പെടുന്നത്. പ്രോ ബയോടെക് പ്രക്രിയ ആയതിനാൽ 50 ശതമാനം തീറ്റ മത്സ്യങ്ങൾക്ക് നൽകിയാൽ മതി. 50 ശതമാനംബയോഫ്ലോക്കിൽനിന്ന് തന്നെ ലഭിക്കും. എല്ലായ്പ്പോഴും എയറേഷനുള്ള( വായുസഞ്ചാരം) ടാങ്കിൽ ഹെറ്ററോ ട്രോഫിക്ക് ബാക്ടീരിയകളെ വളർത്തി മത്സ്യം പുറന്തള്ളുന്ന അമോണിയ, നൈട്രേറ്റ് തുടങ്ങിയ ഘടകങ്ങളെ വിഘടിപ്പിക്കുകയും സൂക്ഷ്മജീവി സാന്ദ്രത വർദ്ധിപ്പിക്കുകയുമാണ് രീതി.**

ഉദ്ദേശിക്കുന്നതെങ്കിൽ അവയ്ക്ക് ജലത്തിന്റെ ഉപരിതലത്തിലെത്തി അന്തരീക്ഷത്തിൽ നിന്നും ഓക്സിജൻ സ്വീകരിക്കുന്നതിനുള്ള കഴിവുള്ളതിനാൽ സാധാരണയേക്കാൾ കൂടുതൽ മത്സ്യം വളർത്താൻ സാധിക്കും. എന്നാൽ നെക്ടർ, തിലാപ്പിയ എന്നിവയ്ക്ക് നല്ല രീതിയിൽ ഓക്സിജൻ കൊടുക്കുന്നതിനുള്ള സൗകര്യം ഒരുക്കേണ്ടതാണ്. അതുകൊണ്ടുതന്നെ എയറേഷൻ കൃത്യമായി ലഭിക്കുന്ന തരത്തിൽ മാത്രമേ ഇത്തരം മത്സ്യങ്ങളെ വളർത്താൻ സാധിക്കുകയുള്ളൂ .

വിപണി സാധ്യത കുറവാണെന്നതാണ് ഈ സംരംഭകർക്ക് ചിലപ്പോഴെങ്കിലും അഭിമുഖീകരിക്കേണ്ടി വരുന്ന പ്രശ്നം. തീറ്റയുടെ വില. കറന്റ് ചാർജ്ജ്. ലേബർ കോസ്റ്റ് ഇവയെല്ലാം അതിജീവിച്ച് വിപണിയിലെത്തുമ്പോൾ മറ്റു മത്സ്യങ്ങൾ കുറഞ്ഞ വിലയിൽ ലഭിക്കുന്നുണ്ടെങ്കിൽ ഇവയ്ക്ക് അർഹമായ വില ലഭിക്കാതെ വരുന്നു. എന്നാൽ രാസ വസ്തുക്കൾ ഉപയോഗിക്കാതെ വളർത്തിയെടുക്കുന്ന ഇത്തരം മത്സ്യങ്ങളുടെ പ്രാധാന്യം ജനങ്ങൾ മനസ്സിലാക്കുകയും ഭാവിയിൽ ഇവയ്ക്ക് കൂടുതൽ ആവശ്യക്കാർ ഉണ്ടാകുകയും ചെയ്യും. കൂടുതൽപേർ ഇത്തരം സംരംഭത്തിലേക്ക് വന്നുക്കൊണ്ടിരിക്കുകയാണ്. ഫിഷറീസ് വകുപ്പ് ഇതിനായി പല പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. ലാഭകരമായ ഒരു സംരംഭമായി നിരവധിപേർ മത്സ്യകൃഷിയെ സ്വീകരിച്ചു കഴിഞ്ഞു. കടൽ, കായൽ മത്സ്യങ്ങളുടെ ലഭ്യത കുറവും ലഭിക്കുന്നവ കേടുകൂടാതെ സൂക്ഷിക്കുന്നതിന് ഉപയോഗിക്കുന്ന അപകടകരമായ രാസവസ്തുക്കളുമെല്ലാം മത്സ്യകൃഷിക്ക് അനുകൂലമായ ഘടകങ്ങളാണ്. മത്സ്യം നശിക്കാതെ സൂക്ഷിക്കാനുപയോഗിക്കുന്ന സോഡിയം ബെൻസോയേറ്റ് എന്ന രാസവസ്തു ജനിതക വൈകല്യങ്ങൾ, പാർക്കിൻസൺ, കോശങ്ങളുടെ നാശം, ന്യൂറോ സംബന്ധമായ അസുഖങ്ങൾ, കുട്ടികളിലെ ഹൈപ്പർ ആക്ടിവിറ്റി എന്നിവയ്ക്ക് കാരണമാകുന്നുണ്ട്. മറ്റു രാസവസ്തുക്കളായ ഫോർമാലിൻ , അമോണിയ എന്നിവ ജീവഹാനിക്ക് പോലും കാരണമാകുന്നുവെന്ന് പഠനങ്ങൾ പറയുന്നു. ■



30

കവർസ്റ്റോറി



ജി. കൃഷ്ണപിള്ള

# വിദ്യാർത്ഥി സംരംഭകത്വവും ബിസിനസ് പ്ലാനും സർക്കാർ പദ്ധതികളും

സംരംഭകത്വം എന്ന വാക്കിനെ പല രീതിയിൽ വിവക്ഷിക്കാവുന്നതാണ്. സാധാരണ ഭാഷയിൽ സംരംഭകത്വം എന്ന വാക്കിന്റെ അർത്ഥം ഏത് പ്രവൃത്തി ഏറ്റെടുക്കുന്നുവോ അതിനെ സംരംഭകത്വം എന്നു വിളിക്കുന്നു. പ്രവൃത്തി ഏറ്റെടുക്കുന്ന വ്യക്തിയെ സംരംഭകൻ എന്ന് വിളിക്കുന്നു. നല്ല ആശയങ്ങളാണ് സംരംഭകത്വത്തിന്റെ അടിത്തറയായി നിലനിൽക്കുന്നത്. സംരംഭകത്വ വികസനം എന്നാൽ ഏറ്റെടുക്കുന്ന പ്രവൃത്തിയുടെ വികസന പ്രക്രിയ കൂടിയാകുന്നു. സംരംഭകത്വം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നു. സംരംഭകത്വം സ്വയംതൊഴിൽ കൂടിയാണ്. സ്വന്തമായി തൊഴിൽ ലഭിക്കുന്നതോടൊപ്പം മറ്റുള്ളവർക്ക് തൊഴിൽ നൽകുവാനും സംരംഭകന് കഴിയും. സ്വയംതൊഴിൽ സർക്കാർ ജോലിയിൽ നിന്നും തികച്ചും വ്യത്യസ്തമാണ്. സർക്കാർ ജോലിയാണെങ്കിൽ ചുമതലപ്പെടുത്തിയിരിക്കുന്ന ജോലി മാത്രം നിശ്ചിത സമയപരിധിക്കുള്ളിൽ ചെയ്താൽ മതിയാകും. അതൊരു ചട്ടപ്പടി ജോലിയാണ്. സർക്കാർ ജോലി നൽകുന്നത് ഒരു തൊഴിൽ ദാതാവ് (എംപ്ലോയർ) ആയിരിക്കും. എന്നാൽ തൊഴിൽ ദാതാവും തൊഴിലാളിയുമാണ് സംരംഭകൻ. സംരംഭകന്റെ ജോലിയ്ക്ക് ക്ലിപ്തസമയമില്ല. സമയവും ദിവസവും നോക്കാതെ തന്റെ സംരംഭത്തിനുവേണ്ടി ആഴ്ചയിൽ എല്ലാ ദിവസവും 24 മണിക്കൂറും (24 * 7) ചെലവഴിക്കാൻ സംരംഭകൻ ബാധ്യസ്ഥനാണ്. അങ്ങനെയുള്ള സംരംഭകർക്ക് മാത്രമേ സംരംഭം വിജയത്തിലെത്തിക്കുവാൻ കഴിയൂ.

രാജ്യത്തിന്റെ സാമ്പത്തിക വികസനത്തിലും തൊഴിലവസരങ്ങൾ



സൃഷ്ടിക്കുന്നതിലും ഒരു സംരംഭകന്റെ പ്രധാന പങ്കാളിയാകുന്നത് വഴി തന്റെ സാമൂഹ്യപദവി (സോഷ്യൽ സ്റ്റാറ്റസ്) ഉയർത്തുന്നതിന് കഴിയുന്നു. സംരംഭങ്ങൾ തുടങ്ങുന്നതിന് പ്രായപരിധിയില്ല. നമ്മുടെ നാട്ടിൽ വിദ്യാർത്ഥികളും യുവജനങ്ങളും മുതിർന്നവരും സംരംഭകരായിട്ടുണ്ട്.

ആധുനിക കാലഘട്ടത്തിൽ വിദ്യാഭ്യാസരംഗം, സാങ്കേതിക വിദ്യാരംഗം ജനസംഖ്യ എന്നിവയിലുണ്ടായ വളർച്ച എല്ലാവർക്കും അനുയോജ്യമായ തൊഴിൽ ലഭിക്കുന്നതിനുള്ള സാഹചര്യങ്ങൾ പരിമിതപ്പെടുത്തുന്നു. വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ള ഇന്നത്തെ തലമുറ അവരുടെ പ്രധാനപ്പെട്ട ജീവിത ഉപാധിയായി സംരംഭകത്വം തെരഞ്ഞെടുത്ത് തുടങ്ങിയിട്ടുണ്ട്. ഇന്നത്തെ മത്സരാധിഷ്ഠിത ലോകത്ത് സംരംഭകത്വവും നവീനാശയങ്ങളും വിദ്യാർത്ഥികളെ സ്വതന്ത്രമായി ചിന്തിക്കുവാനും അവരുടെ സർഗ്ഗാത്മകത (ക്രിയേറ്റിവിറ്റി) ഉപയോഗിച്ച് സ്വന്തമായി എന്തെങ്കിലും തുടങ്ങണമെന്ന മനോഭാവം സൃഷ്ടിക്കുവാനും കഴിഞ്ഞിട്ടുണ്ട്. മാർക്ക് സൂക്കർ (ഫേസ്ബുക്ക്) ജെഫ് ബിസോസ് (ആമസോൺ), സ്റ്റീവ് ജോബ്സ് (ആപ്പിൾ) റിതേഷ് അഗർവാൾ (ഓയോ) തിലക് മേത്ത (പേപ്പർ- എൻ-പാർസൽസ്) മുഹമ്മദ് അബ്ദുൾ ഗഫൂർ (ഫിക്സ്-ഇറ്റ്) മുതലായവരെല്ലാം വിദ്യാർത്ഥികളായിരിക്കുമ്പോൾ നവീനാശയങ്ങൾ സംരംഭകത്വം തുടങ്ങി വിജയം ചരിത്രം രചിച്ചവരാണ്.

## ഒരു വിദ്യാർത്ഥി സംരംഭകന് അത്യാവശ്യം വേണ്ട ചില സ്വഭാവ സവിശേഷതകളുണ്ട്.

### 1. തുറന്ന മനസ്സ് (ഓപ്പൺ മൈൻഡ്)

നവീനാശയങ്ങളോട് തുറന്ന മനസ്സായിരിക്കണം. എന്താണ് നവീനാശയങ്ങൾ? അത് എവിടെ നിന്നും ലഭിക്കും? ഇത് സംബന്ധിച്ച് യഥാർത്ഥത്തിൽ യാതൊരു അറിവും ഉണ്ടായിരിക്കുകയില്ല. ശ്രദ്ധ, വായന, നിരീക്ഷണം, പഠനം (Listen, Rend, Observe & Learn) എന്നിവ വിദ്യാർത്ഥി സംരംഭകന് അനിവാര്യമാണ്. ചിലപ്പോൾ ആശയമുണ്ടാകുന്നത് ഒരു വ്യവസായത്തിൽ നിന്നോ വിദ്യാർത്ഥി സംരംഭകന്റെ താൽപര്യത്തിന് അപ്പുറമോ ആയിരിക്കാം. അതുകൊണ്ട് ആശയമേതായാലും അതിനോട് ഒരു തുറന്ന മനസ്സോട് കൂടിയ സമീപനം ഉണ്ടായിരിക്കണം.

### 2. താൽപര്യമുള്ള ഉൽപന്നം / സേവനം തെരഞ്ഞെടുക്കുക

വിദ്യാർത്ഥി സംരംഭകന് താൽപര്യമുള്ള ഉൽപന്നം/ സേവനം തെരഞ്ഞെടുക്കുന്നതിലൂടെ അത് കൂടുതൽ പ്രചോദനമാകുകയും അത് നടപ്പിലാക്കുന്നതിനുള്ള വെല്ലുവിളി ഏറ്റെടുക്കുകയും ചെയ്യും. അക്കാദമി തലത്തിൽ നേടിയ കഴിവുകളും അറിവുകളും ഉപയോഗപ്പെടുത്തി സംരംഭം ആരംഭിക്കാവുന്നതാണ്. സമൂഹത്തിൽ സ്വാധീനം

**സംരംഭത്തിന്റെ ലക്ഷ്യം, അത് നേടിയെടുക്കുന്നതിനുള്ള തന്ത്രങ്ങൾ എന്നിവ വിശദമാക്കുന്ന രേഖയാണ് ബിസിനസ് പ്ലാൻ. ഒരു വിദ്യാർത്ഥി സംരംഭകൻ തന്റെ ആശയങ്ങളെ വിജയകരമായി പ്രാവർത്തികമാക്കുന്നതിന് വളരെ സ്പഷ്ടമായ ഒരു ബിസിനസ് പ്ലാൻ തയ്യാറാക്കേണ്ടതാണ്. സംരംഭത്തിന്റെ തുടക്കം മുതൽ വിപണി വിജയം നേടുന്നത് വരെയുള്ള എല്ലാ ഘട്ടങ്ങളെയും സംബന്ധിച്ച് വളരെ വ്യക്തമായും സംക്ഷിപ്തമായും ബിസിനസ് പ്ലാനിൽ പ്രതിപാദിക്കേണ്ടതാണ്.**

ചെലുത്താനും മാറ്റങ്ങൾ കൊണ്ടുവരുവാനും കഴിയും. മാനുഷികമായ ആവശ്യങ്ങളെ പരിഹരിക്കുവാൻ സാധ്യമാകും. മലപ്പുറം ജില്ലയിലുള്ള മുഹമ്മദ് അബ്ദുൾ ഗഫൂർ എന്ന ബി. ബി. എ. വിദ്യാർത്ഥി കോവിഡ് കാലഘട്ടത്തിൽ ഫിക്സ് ഇറ്റ് എന്ന സ്റ്റാർട്ട് അപ് സംരംഭം ആരംഭിച്ചത് തന്റെ പ്രദേശത്തുള്ളവരുടെ ആവശ്യങ്ങൾ പരിഹരിക്കുവാനാണ്. ലോക്ക്ഡൗൺ സമയത്ത് പ്ലംബിങ്ങ്, ഗാർഡനിങ്ങ്, നാളികേരം അടർത്തൽ മുതലായ ജോലികൾ ചെയ്യാൻ തൊഴിലാളികളെ കിട്ടാതെ വന്നപ്പോൾ അതിനു പരിഹാരമായി ഗഫൂറിന്റെ മനസ്സിലുണ്ടായ ആശയമാണ് ഫിക്സ്-ഇറ്റ് എന്ന സംരംഭം സാധ്യമാക്കിയത്. 5,000 രൂപായിൽ തുടങ്ങി പ്രതിമാസം 30 ലക്ഷം രൂപ ടേൺ ഓവർ നേടുന്ന സംരംഭകനാകുവാൻ അദ്ദേഹത്തിന് കഴിഞ്ഞു.

### 3. ബിസിനസ് പ്ലാൻ തയ്യാറാക്കൽ

സംരംഭത്തിന്റെ ലക്ഷ്യം, അത് നേടിയെടുക്കുന്നതിനുള്ള തന്ത്രങ്ങൾ എന്നിവ വിശദമാക്കുന്ന രേഖയാണ് ബിസിനസ് പ്ലാൻ. ഒരു വിദ്യാർത്ഥി സംരംഭകൻ തന്റെ ആശയങ്ങളെ വിജയകരമായി പ്രാവർത്തികമാക്കുന്നതിന് വളരെ സ്പഷ്ടമായ ഒരു ബിസിനസ് പ്ലാൻ തയ്യാറാക്കേണ്ടതാണ്. സംരംഭത്തിന്റെ തുടക്കം മുതൽ വിപണി



വിജയം നേടുന്നത് വരെയുള്ള എല്ലാ ഘട്ടങ്ങളെയും സംബന്ധിച്ച് വളരെ വ്യക്തമായും സംക്ഷിപ്തമായും ബിസിനസ് പ്ലാനിൽ പ്രതിപാദിക്കേണ്ടതാണ്. വലിയ സംരംഭമായാലും ചെറിയ സംരംഭമായാലും അതിന്റെ വിജയകരമായ നടത്തിപ്പിനും സ്ഥാപനത്തിനും സാമ്പത്തിക വിഭവങ്ങൾ കണ്ടെത്തുന്നതിന് നല്ല രീതിയിൽ തയ്യാറാക്കുന്ന ബിസിനസ്സ് പ്ലാൻ അനിവാര്യമായതുകൊണ്ട് അതിനെ സംബന്ധിച്ച കൂടുതൽ കാര്യങ്ങൾ ഇവിടെ തന്നെ തുടർന്നുള്ള പേജുകളിൽ വിശദീകരിക്കുന്നതാണ്.

### 4. വിദ്യാർത്ഥി സംരംഭകനാകുന്നതിന് മുമ്പ് പരമാവധി പഠിക്കുക (Learn as much as possible before to become a student Entrepreneur)

ഒരു വിദ്യാർത്ഥി സംരംഭകൻ അക്കാദമി തലത്തിൽ പഠിച്ച കാര്യങ്ങൾ കൊണ്ട് മാത്രം സംരംഭകത്വം എന്ന ആശയം പ്രാവർത്തികമാക്കുവാൻ കഴിയില്ല. സാമ്പത്തികം, അക്കൗണ്ടൻസി, മാർക്കറ്റിങ്ങ്, സാങ്കേതിക വിദ്യ, മനുഷ്യ വിഭവശേഷി എന്നിവയെ സംബന്ധിച്ച് കൂടുതൽ പഠനം ആവശ്യമാണ്.

### 5. നെറ്റ് വർക്ക് തുടങ്ങുക

അക്കാദകമിക് തലത്തിൽ സ്ഥാപിച്ച സൗഹൃദം, ബന്ധം എന്നിവ ഭാവിയിൽ സംരംഭക പ്രവർത്തനങ്ങൾക്ക് മുതൽകൂട്ടാകും. ശക്തമായ നെറ്റ്‌വർക്ക് സൃഷ്ടിക്കുന്നതിലൂടെ സൗഹൃദം, ബന്ധം, ഉപദേശം, സഹായം എന്നിവ നിലനിർത്തുന്നതിനും സംരംഭത്തിന്റെ തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് അത് കൂടുതൽ ഫലപ്രദമാകുകയും ചെയ്യും. ഹാർവാർഡ് സർവ്വകലാശാല വിദ്യാർത്ഥികളായിരുന്ന മാർക്ക് സൂക്കർ ബർഗ്ഗ്, എഡ്വർഡോ സാവറീൻ, ആൻഡ്രൂ മെക്ക്കോളം ഡസ്റ്റിൻ മൊസ്‌ക്കോവിറ്റ്സ്, ക്രിസ് ഹഗസ്സ് എന്നീ അഞ്ചു പേരുടെ സൗഹൃദ കൂട്ടായ്മയിൽ നിന്നാണ് ഫെയ്സ് ബുക്കിന്റെ ചരിത്രം ആരംഭിക്കുന്നത്. കോളേജുകളിലെ സംരംഭകത്വ പരിപാടികൾ, സംരംഭകത്വ പരിശീലനം, ബിസിനസ് പ്ലാൻ തയ്യാറാക്കൽ ക്ലാസ്സ് മുതലായവയിൽ പങ്കെടുക്കുന്നതിലൂടെ ശക്തമായ നെറ്റ്‌വർക്ക് നിലനിർത്താനും വികസിപ്പിക്കുവാനും കഴിയുന്നതാണ്.



**അക്കാദകമിക് തലത്തിൽ സ്ഥാപിച്ച സൗഹൃദം, ബന്ധം എന്നിവ ഭാവിയിൽ സംരംഭക പ്രവർത്തനങ്ങൾക്ക് മുതൽകൂട്ടാകും. ശക്തമായ നെറ്റ്‌വർക്ക് സൃഷ്ടിക്കുന്നതിലൂടെ സൗഹൃദം, ബന്ധം, ഉപദേശം, സഹായം എന്നിവ നിലനിർത്തുന്നതിനും സംരംഭത്തിന്റെ തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് അത് കൂടുതൽ ഫലപ്രദമാകുകയും ചെയ്യും.**

### 6. വിദ്യാർത്ഥി സംരംഭകർക്കുള്ള അവാർഡ്, മത്സരങ്ങൾ, ഗ്രാന്റ്

വിദ്യാർത്ഥി സംരംഭകർക്കു വേണ്ടിയുള്ള അവാർഡ്, മത്സരങ്ങൾ, ഗ്രാന്റ് എന്നിവയെ കുറിച്ചുള്ള അന്വേഷണത്തിനും കണ്ടെത്തലിനും സമയവും അധ്വാനവും ചെലവഴിക്കുന്നതിലൂടെ അത് പുതിയ സംരംഭക സൃഷ്ടിക്ക് മാർഗ്ഗദർശനവും പ്രചോദന

വുമായിത്തീരും.

**7. സാധ്യമാകുന്നിടത്തോളം പരമാവധി അറിവ് ആർജ്ജിക്കുക**

വിദ്യാഭ്യാസ കാലയളവിൽ ആർജ്ജിച്ച അറിവ് ഏതെങ്കിലും സംരംഭത്തിൽ ഇന്റേൺഷിപ്പ് ചെയ്തുകൊണ്ട് ഉപയോഗപ്പെടുത്തുന്നതു വഴി യഥാർത്ഥ ലോക സാഹചര്യങ്ങളുമായി പൊരുത്തപ്പെടുവാനും അങ്ങനെ ലഭിക്കുന്ന അറിവ് വിദ്യാർത്ഥി സംരംഭകർക്ക് താൽപര്യമുള്ള മേഖലയിലേയ്ക്ക് വിനിയോഗിക്കുവാനും കഴിയുന്നതാണ്.

**8. പരാജയത്തെ ഭയപ്പെടരുത്**

വിജയം ആഘോഷിക്കുവാനുള്ളതാണ്. എന്നാൽ പരാജയത്തിൽ നിന്നും കൂടുതൽ പഠിയ്ക്കുവാൻ കഴിയും. വിദ്യാർത്ഥി സംരംഭകർ പരാജയത്തെ ഭയപ്പെടരുത്.

**9. മെന്റർ/ കൗൺസലറെ കണ്ടെത്തുക**

സംരംഭത്തിന്റെ പ്രാരംഭ ദശയിൽ ആവശ്യമായ ഉപദേശങ്ങൾ നേടുന്നതിന് പരിചയ സമ്പന്നരായ മെന്ററെ കണ്ടെത്തുക വഴി അക്കൗണ്ടൻസി, ഫിനാൻസ്, മാർക്കറ്റിങ്ങ്, സാങ്കേതികവിദ്യ, മനുഷ്യ വിഭവം എന്നിവയെ സംബന്ധിച്ച് ആഴത്തിലുള്ള അറിവും, പരിചയവും നേടുന്നതിന് സഹായകരമാകുന്നതാണ്.

**ബിസിനസ് പ്ലാൻ**

നവ സംരംഭ സൃഷ്ടിക്ക് ഒരു വിദ്യാർത്ഥി സംരംഭകൻ തയ്യാറാക്കേണ്ട അടിസ്ഥാന പ്രമാണമാണ് ബിസിനസ്സ് പ്ലാൻ. ബിസിനസ്സ് പ്ലാൻ സംരംഭത്തിന്റെ ഭാവി ലക്ഷ്യങ്ങളും അത് നേടുന്നതിനാവശ്യമായ തന്ത്രങ്ങളും ഉൾക്കൊള്ളുന്ന രേഖയാണ്. ഒരു സംരംഭത്തിന്റെ ആരംഭം മുതൽ വിപണന വിജയത്തിലൂടെ സംരംഭം വിജയത്തിലെത്തിക്കുന്നത് വരെയുള്ള വിവിധ ഘട്ടങ്ങളുടെ റോഡ് മാപ്പാണ്. നല്ല ബിസിനസ് പ്ലാൻ സംരംഭകരെ ആകർഷിക്കുന്നു. സാമ്പത്തിക സ്ഥാപനങ്ങൾ/ ബാങ്കുകൾ എന്നിവയിൽ നിന്നും നിക്ഷേപ മൂലധനം നേടുന്നതിനുള്ള ആശയവിനിമയ ഉപകരണമാണ് ബിസിനസ്സ് പ്ലാൻ.

**സംരംഭത്തിന്റെ പ്രാരംഭ ദശയിൽ ആവശ്യമായ ഉപദേശങ്ങൾ നേടുന്നതിന് പരിചയ സമ്പന്നരായ മെന്ററെ കണ്ടെത്തുക വഴി അക്കൗണ്ടൻസി, ഫിനാൻസ്, മാർക്കറ്റിങ്ങ്, സാങ്കേതികവിദ്യ, മനുഷ്യ വിഭവം എന്നിവയെ സംബന്ധിച്ച് ആഴത്തിലുള്ള അറിവും, പരിചയവും നേടുന്നതിന് സഹായകരമാകുന്നതാണ്.**

## ഒരു നല്ല ബിസിനസ് പ്ലാനിൽ താഴെപ്പറയുന്ന ഘടകങ്ങളുണ്ടായിരിക്കണം.

**1. എക്സിക്യൂട്ടീവ് സമ്മറി**

സ്ഥാപനത്തിന്റെ പേര്, സംരംഭകന്റെ വിശദാംശങ്ങൾ, വിപണി, ആരംഭ മൂലധനം, ധനാഗമ മാർഗ്ഗങ്ങൾ ഉൾപ്പെടെ സംരംഭത്തിന്റെ ഒരു പൊതുചിത്രം സംക്ഷിപ്തരൂപത്തിൽ വളരെ സ്പഷ്ടമായി എക്സിക്യൂട്ടീവ് സമ്മറിയിലുണ്ടായിരിക്കണം.

**2. പശ്ചാത്തലം**

സംരംഭത്തെ സംബന്ധിച്ച അഭിമുഖം, സംരംഭത്തെ സംബന്ധിച്ച പൊതുചിത്രം, വിഷൻ സ്റ്റേറ്റ്മെന്റ്, മിഷൻ സ്റ്റേറ്റ്മെന്റ്, ഓർഗനൈസേഷൻ ഘടന എന്നിവ സംബന്ധിച്ചുള്ള വിവരണം പശ്ചാത്തലത്തിലുണ്ടായിരിക്കണം.

**3. ഭരണവും മനുഷ്യവിഭവ ആസൂത്രണവും**

ബിസിനസ് തന്ത്രങ്ങൾ സ്റ്റാഫിന്റെ സ്ഥാനം, യോഗ്യത, ജോലി വിവരണം എന്നിവ സംബന്ധിച്ച വിവരങ്ങൾ ഉൾക്കൊള്ളിക്കണം.

**4. മാർക്കറ്റിങ്ങ് പ്ലാൻ**

ആമുഖം, ലക്ഷ്യം, വിശകലനം, ലക്ഷ്യം വയ്ക്കുന്ന ഉപഭോക്താവിന്റെ വിവരം, ഉൽപന്നനയം, വിലനയം, വിതരണ നയം, പ്രൊമോഷൻ നയം എന്നീ കാര്യങ്ങളെക്കുറിച്ചുള്ള വിവരണം ആവശ്യമാണ്.

**5. സാമ്പത്തിക ആസൂത്രണം**

സാമ്പത്തിക ആസൂത്രണത്തെക്കുറിച്ചുള്ള ആമുഖം, ലക്ഷ്യം, നിർവ്വഹണ ചെലവ്, ചെലവ് പട്ടിക, വരുമാന സ്റ്റേറ്റ്മെന്റ്, ക്യാഷ് ഫ്ളോ സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ്, ലാഭസാധ്യത വിശകലനം, ലാഭസാധ്യത വിശകലനം, ലാഭസാധ്യത സൂചകങ്ങൾ എന്നിവയെ സംബന്ധിച്ചുള്ള വ്യക്തമായ



വിവരങ്ങൾ ഉൾപ്പെടുത്തണം.

മുകളിൽ പ്രതിപാദിച്ച കാര്യങ്ങൾ കൂടാതെ ബിസിനസ്സ് പ്ലാനിന്റെ ആരംഭത്തിൽ ആമുഖകത്ത്, ടേബിൾ ഓഫ് കണ്ടൻസ്, അക്നോളഡ്ജ്മെന്റ് എന്നിവ ഉണ്ടായിരിക്കണം. അവസാനഭാഗത്ത് ഉപസംഹാരം, അനുബന്ധം എന്നിവയും ഉണ്ടായിരിക്കണം.

## വിദ്യാഭ്യാസ സംരംഭകത്വം വികസിപ്പിക്കുന്നതിനുള്ള സർക്കാർ പദ്ധതികൾ

### 1. സ്റ്റാർട്ട് അപ്പ് നയം

സംരംഭം ആരംഭിക്കുന്നതിനുള്ള ഏറ്റവും നല്ല ആവാസ വ്യവസ്ഥ (Eco System) സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാന സർക്കാർ സ്റ്റാർട്ട് അപ്പ് നയം പ്രഖ്യാപിച്ചത്. ടെക്നോളജി ട്രാൻസ്ഫർ, ലാബുകൾ, ബിസിനസ്സ് ഇൻകുബേറ്ററുകൾ എന്നിവ പോലെയുള്ള നൂതന അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിച്ചുകൊണ്ട് അക്കാദമി തലം മുതൽ വിദ്യാർത്ഥി സംരംഭകരെ ആകർഷിക്കുന്നതിനുള്ള പ്രവർത്തന പദ്ധതിയാണ് സ്റ്റാർട്ട് അപ്പിലൂടെ ലക്ഷ്യമിടുന്നത്. കേരള സ്റ്റാർട്ട് അപ്പ് മിഷൻ വിദ്യാർത്ഥി സംരംഭകത്വം വളർത്തുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

### 2. സംസ്ഥാന വ്യവസായ വകുപ്പ്

വിദ്യാർത്ഥി സംരംഭകത്വം പരിപോഷിപ്പിക്കുന്നതിന് സംസ്ഥാന വ്യവസായ വകുപ്പ് പല പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. സ്കൂൾ/ കോളേജ്/ ടെക്നിക്കൽ സ്ഥാപനങ്ങൾ എന്നിവയിലെ വിദ്യാർത്ഥികളെ ഉൾപ്പെടുത്തി സംരംഭകത്വ ക്ലബ്ബുകൾ (ഇ. ഡി. ക്ലബ്) ആരംഭിക്കുന്നതിന് പ്രതിവർഷം 20,000/- രൂപ ഗ്രാന്റ് ഓരോ സ്ഥാപനങ്ങൾക്കും നൽകിവരുന്നു. വിദ്യാർത്ഥി സംരംഭകർക്ക് മോട്ടിവേഷൻ സംരംഭകത്വ വികസനം, ബിസിനസ്സ് പ്ലാൻ തയ്യാറാക്കൽ ബിസിനസ്സ് ടൂർ എന്നിവയ്ക്കുവേണ്ടി ബോധവത്കരണവും ക്ലാസ്സും പരിശീലനവും നൽകുകയെന്നുള്ളതാണ് ഇ. ഡി. ക്ലബിന്റെ ലക്ഷ്യങ്ങളിലുൾപ്പെടുന്നവ. സംരംഭകത്വ വികസന ക്ലബിന്റെ (ഇ. ഡി. ക്ലബ്) നേതൃത്വത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇൻകുബേഷൻ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നു വരുന്നു.

വിദ്യാർത്ഥി സംരംഭകത്വത്തിലൂടെ പുതിയ ഒരു സംരംഭകത്വ സംസ്കാരം പരിപോഷിപ്പിച്ച് രാജ്യത്തിന്റെ സാമ്പത്തിക വികസനത്തിലും തൊഴിൽ സൃഷ്ടിയിലും പങ്കാളികളാക്കുവാൻ വിദ്യാർത്ഥി സമൂഹത്തെ വാർത്തെടുക്കുന്നതിന് കഴിയുന്നതാണ്. ■





ലോറൻസ് മാത്യു

# ക്ലൗഡ് ക്യാമ്പസ്
## മാറുന്ന വിദ്യാഭ്യാസ മേഖല

ഏതൊരു ബിസിനസ്സും അതിന് എത്ര സാമൂഹിക മാനം ഉണ്ടുവെന്ന് അവകാശപ്പെട്ടാലും ലാഭം ഇല്ലായെങ്കിൽ തകർന്ന് പോകുമെന്നതിന് പക്ഷാന്തരമില്ല. ഇവിടെയാണ് വിദ്യാഭ്യാസത്തെയും ഒരു ബിസിനസ്സ് എന്ന രീതിയിൽ കാണേണ്ടതിൻറെ ആവശ്യകതയിരിക്കുന്നത്. വിദ്യാഭ്യാസ കച്ചവടം എന്ന ക്ലീഷേ വിലാപത്തിനപ്പുറത്തേക്ക് കടന്ന് യാഥാർത്ഥ്യ ബോധത്തിലൂന്നി ചിന്തിക്കേണ്ടതുണ്ട്. പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കൊപ്പം വളർന്ന് വന്നിട്ടുള്ള സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിശ്ചയമായും ഈ തലത്തിൽ ചിന്തിക്കേണ്ടതാണ്. വിദ്യാർത്ഥികളിൽ നിന്ന് അമിത ഫീസ് ഈടാക്കണമെന്നല്ല ഇതിനർത്ഥം മറിച്ച് ഒരു സംരംഭമെന്ന നിലയിൽ വിദ്യാഭ്യാസത്തെ കാണുമ്പോൾ അതിന് ലാഭം എന്നയൊരു ഘടകം കൂടി ഉണ്ടാവണമെന്നർത്ഥം. ഇത് തിരിച്ചറിഞ്ഞിടത്താണ് പ്രമുഖ എഡ്യുടെക് സ്റ്റാർട്ടപ്പായ ബൈജൂസിൻറെ വിജയവും. ഇവിടെയാണ് ആധുനിക സാങ്കേതിക വിദ്യകളുമായി വിദ്യാഭ്യാസ സംരംഭത്തിനെ യോജിപ്പിക്കേണ്ടുന്നത് ആവശ്യമായി വന്നിരിക്കുന്നത്.

ക്ലൗഡ് ക്യാമ്പസ് എന്ന കൺസെപ്റ്റ് ആണ് ഇപ്പോഴത്തെ ട്രെൻഡ്.

## എന്താണ് ക്ലൗഡ് ക്യാമ്പസ്

സാമ്പ്രദായിക വിദ്യാഭ്യാസ രീതികൾ വിട്ടിട്ട് എവിടെ നിന്നും വിദ്യാഭ്യാസം നേടുക എന്നതാണ് ഈ രീതിയിലൂടെ സാധ്യമാകുന്ന വസ്തുത. ക്ലൗഡ് കമ്പ്യൂട്ടിങ്ങ് എന്ന ആശയത്തിൽ നിന്നാണ് ക്ലൗഡ് ക്യാമ്പസ് എന്നത് ഉരുത്തിരിഞ്ഞ് വന്നത്. എവിടെ ചെന്നാലും ഏത് കമ്പ്യൂട്ടർ ഉപയോഗിച്ചാലും നമ്മുടെ ഫയലുകളും ലഭ്യമാവുക, മുന്നിലിരിക്കുന്ന ഉപകരണം ശേഷി കുറഞ്ഞ ഒരു ഫോൺ ആയാൽ പോലും അതിൽ അതി ശക്തമായ ഒരു സെർവ്വറിൻറെ കഴിവുകൾ കൊണ്ടു വരിക. ലളിതമായ ഭാഷയിൽ പറഞ്ഞാൽ ഇതാണ് ക്ലൗഡ് കമ്പ്യൂട്ടിങ്ങ്. സ്വന്തം കമ്പ്യൂട്ടറിലെ ഗൂഗിൾ ഡ്രൈവിനപ്പുറം ഇൻറർനെറ്റിൽ ഫയലുകൾ സൂക്ഷിക്കുന്ന ക്ലൗഡ് സ്റ്റോറേജ് മുതൽ സ്വയം വളരുന്ന സെർവ്വറുകൾ വരെ പല തലങ്ങളിലുള്ളയൊന്നാണ് ആധുനിക കാലഘട്ടത്തിൽ ക്ലൗഡ് എന്നത്. പ്രധാനപ്പെട്ട ഫയലുകളെല്ലാം ഏതെങ്കിലും ഒരു ഓൺലൈൻ സേവനത്തിൽ സൂക്ഷിക്കുക എന്നത് മാത്രമാണ് സാധാരണക്കാരന് ക്ലൗഡ്. സ്ഥാപനത്തിൻറെ ഫയലുകൾ ഒരു കേന്ദ്രീകൃത സംവിധാനത്തിൽ സൂക്ഷിക്കുകയും അതിൽ വർക്ക് ചെയ്യുവാൻ ഉദ്യോഗസ്ഥർക്ക് അവസരമൊരുക്കുകയുമാണ് ഒരു ഓഫീസ് അന്തരീക്ഷത്തിൽ ക്ലൗഡ് എന്നത്. അതിനായുള്ള റെഡിമെയ്ഡ് ക്ലൗഡ് സേവനങ്ങളും

**സ്വന്തം കമ്പ്യൂട്ടറിലെ ഗൂഗിൾ ഡ്രൈവിനപ്പുറം ഇൻറർനെറ്റിൽ ഫയലുകൾ സൂക്ഷിക്കുന്ന ക്ലൗഡ് സ്റ്റോറേജ് മുതൽ സ്വയം വളരുന്ന സെർവ്വറുകൾ വരെ പല തലങ്ങളിലുള്ളയൊന്നാണ് ആധുനിക കാലഘട്ടത്തിൽ ക്ലൗഡ് എന്നത്. പ്രധാനപ്പെട്ട ഫയലുകളെല്ലാം ഏതെങ്കിലും ഒരു ഓൺലൈൻ സേവനത്തിൽ സൂക്ഷിക്കുക എന്നത് മാത്രമാണ് സാധാരണക്കാരന് ക്ലൗഡ്.**






**പഠിതാവ്, അദ്ധ്യാപകൻ, സ്ഥാപനം എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളിലാണ് രജിസ്ട്രേഷൻ നടക്കുന്നത്. രജിസ്റ്റർ ചെയ്യുമ്പോൾ ലഭിക്കുന്ന യൂസർ നെയിമും പാസ്സ് വേഡും ഉപയോഗിച്ചാണ് സൈൻ ഇൻ ചെയ്യേണ്ടത്. കോഴ്സുകൾ പ്രമോട്ട് ചെയ്യുവാനായി വെബ് പേജുകൾ നിർമ്മിക്കുവാനും സ്പേസുകൾ കണ്ടെത്തുവാനുമെല്ലാം ഇതിലൂടെ സാധിക്കുന്നു.**

ലഭ്യമാണ്. അതായത് ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകളിലും ലാപ്ടോപ്, സ്മാർട്ട്ഫോൺ, ടാബ്ലെറ്റ് കമ്പ്യൂട്ടർ തുടങ്ങിയ മൊബൈൽ ഉപകരണങ്ങളിലും പേഴ്സണൽ ഡേറ്റകളും ആപ്ലിക്കേഷനുകളും സൂക്ഷിച്ച് വക്കുന്ന പഴയ രീതിക്ക് പകരം ഇൻറർനെറ്റ് വഴി ദൂരെയുള്ള സെർവ്വറുകളിൽ ഡേറ്റ പ്രോസസ് ചെയ്യുകയും ഫയലുകൾ സൂക്ഷിക്കുകയും ചെയ്യുന്ന രീതിയാണ് ക്ലൌഡ് കമ്പ്യൂട്ടിങ്ങ്. ഗൂഗിളിൻറെ ക്ലൌഡ് സ്റ്റോറേജ് സേവനമായ ഗൂഗിൾ ഡ്രൈവിൻറെ ഭാഗമായ ക്ലൌഡ് ഓഫീസ് സ്യൂട്ട് ആണ് ഗൂഗിൾ ഡോക്സ്, ഷീറ്റ് & സ്ളൈഡ്സ്. ജി മെയിൽ അക്കൌണ്ട് ഉള്ളവർക്കെല്ലാം ഈ സേവനങ്ങൾ ഉപയോഗിക്കാവുന്നതാണ്. ഇൻറർനെറ്റിലൂടെ എവിടെ നിന്നും ഏത് സമയത്തും പഠിതാവിന് ക്യാമ്പസുമായി ബന്ധപ്പെടുവാൻ ക്ലൌഡ് ക്യാമ്പസിലൂടെ സാധിക്കുന്നതാണ്. വിദ്യാർത്ഥികൾക്കാവശ്യമായ വിവരങ്ങൾ അവരാവശ്യപ്പെടുന്ന സമയത്തും സ്ഥലത്തും വെച്ച് ലഭ്യമാക്കുന്നതോടൊപ്പം ഒരു കോളേജ് ക്യാമ്പസിൽ നിന്ന് ലഭിക്കുന്ന അതേ വിവരങ്ങളോ അതിലധികമോ ക്ലൌഡ് ക്യാമ്പസിലൂടെയും സ്വായത്തമാക്കുവാൻ സാധിക്കും. കഴിഞ്ഞു പോയ ക്ലാസുകളെല്ലാം ഒരിക്കൽ കൂടി ഇതിലൂടെ ലഭ്യമാണ്. പ്രൊഫഷണൽ സ്കിൽ ഡവലപ്മെൻറ് കോഴ്സുകൾ ഉൾപ്പെടെയുള്ള സർട്ടിഫിക്കറ്റ്, ഡിപ്ലോമ , ഡിഗ്രി പ്രോഗ്രാമുകൾ എല്ലാം ഈ പ്ലാറ്റ്ഫോമിൽ ഉണ്ടായിരിക്കുന്നതാണ്. ഡിസ്റ്റൻസ് എഡ്യൂക്കേഷനിൽ നിന്നും ഓൺലൈൻ എഡ്യൂക്കേഷനിൽ നിന്നുമെല്ലാം വ്യത്യസ്തമായി മികച്ച രീതിയിലുള്ള പ്രവർത്തന മികവും അദ്ധ്യാപന രീതിയുമെല്ലാം ഇവിടെയുണ്ട്. ഒട്ടു മിക്ക സർട്ടിഫൈഡ് ആൻറ് നോൺ സർട്ടിഫൈഡ് കോഴ്സുകളുമെല്ലാം ഇതിലൂടെ ലഭ്യമാണ്.

## എങ്ങനെയാണ് രജിസ്ട്രേഷൻ

പഠിതാവ്, അദ്ധ്യാപകൻ, സ്ഥാപനം എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളിലാണ് രജിസ്ട്രേഷൻ നടക്കുന്നത്. രജിസ്റ്റർ ചെയ്യുമ്പോൾ ലഭിക്കുന്ന യൂസർ നെയിമും

പാസ്സ് വേഡും ഉപയോഗിച്ചാണ് സൈൻ ഇൻ ചെയ്യേണ്ടത്. കോഴ്സുകൾ പ്രമോട്ട് ചെയ്യുവാനായി വെബ് പേജുകൾ നിർമ്മിക്കുവാനും സ്പേസുകൾ കണ്ടെത്തുവാനുമെല്ലാം ഇതിലൂടെ സാധിക്കുന്നു. അഡ്മിഷൻ ലഭിക്കുന്ന കുട്ടികളുടെ വിവരങ്ങൾ വളരെ സുരക്ഷിതമായിട്ട് ക്ലൌഡ് ക്യാമ്പസിൽ സൂക്ഷിക്കുവാനും കാര്യക്ഷമമായ രീതിയിൽ തന്നെ സ്കൂളിലെ പ്രവർത്തനങ്ങളരു റെക്കോർഡുകളുമെല്ലാം കമ്പ്യൂട്ടറൈസ്ഡ് ചെയ്യുവാനും സാധ്യമാണ്.

**ഏത് സമയത്തും വളരെ മികച്ച സേവനം ഉറപ്പ് വരുത്തുന്ന ക്ലൌഡ് ക്യാമ്പസ് അത് ഐപാഡ്, ലാപ്ടോപ്പ്, ഡെസ്ക്ടോപ്പ്, മൊബൈൽ തുടങ്ങിയ ഏത് ഡിവൈസുകളിലും ലഭ്യമാണ്. സ്കൂളുകൾ, കോളേജുകൾ, സ്വതന്ത്രമായി പ്രവർത്തിക്കുന്ന അധ്യാപകർ, പ്രൈവറ്റ് ട്രെയിനിങ്ങ് സ്ഥാപനങ്ങൾ തുടങ്ങിയവയ്ക്കെല്ലാം ഈ സേവനം പ്രയോജനപെടുത്താവുന്നതാണ്.**

ഏത് സമയത്തും വളരെ മികച്ച സേവനം ഉറപ്പ് വരുത്തുന്ന ക്ലൌഡ് ക്യാമ്പസ് അത് ഐപാഡ്, ലാപ്ടോപ്പ്, ഡെസ്ക്ടോപ്പ്, മൊബൈൽ തുടങ്ങിയ ഏത് ഡിവൈസുകളിലും ലഭ്യമാണ്. സ്കൂളുകൾ, കോളേജുകൾ, സ്വതന്ത്രമായി പ്രവർത്തിക്കുന്ന അധ്യാപകർ, പ്രൈവറ്റ് ട്രെയിനിങ്ങ് സ്ഥാപനങ്ങൾ തുടങ്ങിയവയ്ക്കെല്ലാം ഈ സേവനം പ്രയോജന പ്പെടുത്താവുന്നതാണ്.

## സവിശേഷതകൾ

സ്വന്തം ഡിവൈസുകൾ ഉപയോഗിച്ച് 24 മണിക്കൂറും എവിടെ വെച്ചും ലഭ്യമാകുന്ന ലാബ് സൌകര്യം.

ക്ലൌഡ് ക്ലാസ് റൂം

ക്ലൌഡ് കോഴ്സ് വെയറുകൾ

ആവശ്യാനുസരണം ലഭ്യമാകുന്ന പാഠഭാഗങ്ങൾ

ഓൺലൈനായിട്ടുള്ള അസൈൻമെൻറുകൾ

തുടങ്ങി നിരവധി സവിശേഷതകളാണ് ഇതിനുള്ളത്. അസൈൻമെൻറുകളും പ്രൊജക്റ്റ് റിപ്പോർട്ടുകളും ഇതിലൂടെ സമർപ്പിക്കാവുന്നതാണ്. കോഴ്സുമായി ബന്ധപ്പെട്ടിട്ടുള്ള സാങ്കേതിക വശങ്ങളെല്ലാം ചർച്ച ചെയ്യുവാനുള്ള സൌകര്യം ഇതിൽ ഉണ്ടായിരിക്കുന്നതോടൊപ്പം ക്ലൌഡ് ക്യാമ്പസുമായി ബന്ധപ്പെട്ടിട്ടുള്ള എല്ലാ വിവരങ്ങളും ഇതിൽ രേഖപ്പെടുത്തുന്നതാണ്. സപ്ലിമെൻററി സ്റ്റഡി മെറ്റീരിയലുകളും റഫറൻസ് ലിങ്കുകളുമെല്ലാം ക്ലൌഡ് ക്യാമ്പസിൽ പോസ്റ്റ് ചെയ്യപ്പെട്ടിട്ടുണ്ട്.






അധ്യയന വർഷം അവസാനിക്കുമ്പോൾ ക്ലൌഡ് ക്യാമ്പസ് പരീക്ഷ ചോദ്യങ്ങൾ അപ് ലോഡ് ചെയ്യപ്പെടുകയും എവിടെയിരുന്നു കൊണ്ടും ഇൻറർനെറ്റ് കണക്ഷനുള്ള ഏതൊരു ഡിവൈസ് ഉപയോഗിച്ചും പരീക്ഷ എഴുതാവുന്നതാണ്. ഒരിക്കൽ പരീക്ഷ തുടങ്ങിക്കഴിഞ്ഞാൽ പിന്നീട് അതു പൂർത്തീകരിക്കാതെ ക്ലോസ് ചെയ്യുവാൻ കഴിയുന്നതല്ല. ഇടവേളകൾ പോലും അനുവദനീയമല്ല. മാർക്ക് ഷീറ്റും റിസൾട്ടുമെല്ലാം ഓൺലൈനായിത്തന്നെ ലഭ്യമാകുന്നതാണ്.

## നേട്ടങ്ങൾ എന്തൊക്കെ

വിദ്യാഭ്യാസം ക്ലൌഡിലേക്ക് മാറുമ്പോൾ ഒരു വിദ്യാഭ്യാസ സംവിധാനവുമായി ബന്ധപ്പെട്ട് നിൽക്കുന്ന അധ്യാപകർ, മാനേജ്മെന്റ്, രക്ഷകർത്താക്കൾ, വിദ്യാർത്ഥികൾ തുടങ്ങിയെല്ലാവർക്കും അത് നേട്ടങ്ങൾ നൽകുന്നുണ്ട്.

സ്വന്തമായി സോഫ്റ്റ് വെയറുകൾ നിർമ്മിക്കുന്നതിനുപരിയായി ഒരു മാനേജ്മെന്റിന് പബ്ലിക് ക്ലൌഡിൻറെ സേവനം ഉപയോഗപ്പെടുത്തുവാൻ സാധിക്കും. സ്വന്തം സോഫ്റ്റ് വെയറുകളുടെ കേടുപാടുകൾ മൂലം പ്രവർത്തനം തടസ്സപ്പെടുന്ന ഒരു സാഹചര്യം ഇല്ലാതെയാവുന്നു. പ്രിൻസിപ്പാളിന് തന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമായി

**സ്വന്തമായി സോഫ്റ്റ് വെയറുകൾ നിർമ്മിക്കുന്നതിനുപരിയായി ഒരു മാനേജ്മെന്റിന് പബ്ലിക് ക്ലൌഡിൻറെ സേവനം ഉപയോഗപ്പെടുത്തുവാൻ സാധിക്കും. സ്വന്തം സോഫ്റ്റ് വെയറുകളുടെ കേടുപാടുകൾ മൂലം പ്രവർത്തനം തടസ്സപ്പെടുന്ന ഒരു സാഹചര്യം ഇല്ലാതെയാവുന്നു. പ്രിൻസിപ്പാളിന് തന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമായി നിർവ്വഹിക്കുവാനുള്ള സോഫ്റ്റ് വെയർ മാനേജ്മെന്റ് സിസ്റ്റവും ഇതിലുണ്ടാവും.**

നിർവ്വഹിക്കുവാനുള്ള സോഫ്റ്റ്വെയർ മാനേജ്മെന്റ് സിസ്റ്റവും ഇതിലുണ്ടാവും.

ഒരു ഓഫീസ് അഡ്മിനിസ്ട്രേറ്ററെ സംബന്ധിച്ച് എവിടെ വെച്ചും ഏത് സമയത്തും ഓഫീസ് റെക്കോർഡുകൾ ലഭ്യമാണ്. ഇത് ഒരു ചെറിയ കാര്യമല്ല. അത് കൊണ്ട് തന്നെ ഇതുമായി ബന്ധപ്പെട്ട വർക്കുകൾ സമയ ഭേദമെന്യെ അസൈൻ ചെയ്ത് നൽകുവാൻ സാധിക്കും.

അദ്ധ്യാപകർക്ക് തങ്ങളുടെ ജോലി ഭാരം കുറച്ച് അത് സോഫ്റ്റ് വെയറുകളുടെ സഹായത്തോടെ മുന്നോട്ട് കൊണ്ട് പോകാവുന്നതാണ്. മാത്രവുമല്ല കാല താമസം കൂടാതെ അധ്യാപകർക്ക് വിദ്യാർത്ഥികളുമായും രക്ഷിതാക്കളുമായും ബന്ധപ്പെടുവാൻ സാധിക്കുന്നതാണ്.

വിദ്യാർത്ഥികൾക്കും തങ്ങളുടെ പഠന പുരോഗതിക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുവാൻ സാധിക്കുന്നതാണ്. ക്ലൗഡ് സംവിധാനത്തിലൂടെയുള്ള ലൈബ്രറി ഉപയോഗിക്കുവാൻ കഴിയുന്നതോടൊപ്പം കൂടുതൽ കാര്യക്ഷമമായി പഠിക്കുവാൻ കഴിയുന്നതാണ്. വിദ്യാർത്ഥികൾക്ക് തങ്ങളുടെ പഠന മികവ് പരിശോധിക്കുവാനും അത് മെച്ചപ്പെടുത്തുവാനും കഴിയുന്നതാണ്.

രക്ഷിതാക്കൾക്ക് തങ്ങളുടെ കുട്ടികളുടെ പഠന നിലവാരം തൽസമയം അറിയുന്നതോടൊപ്പം അതേക്കുറിച്ച് അധ്യാപകരുമായി ആശയ വിനിമയം നടത്തുവാനും ഇതിലൂടെ സാധ്യമാണ്.



**വിദ്യാർത്ഥികൾക്കും തങ്ങളുടെ പഠന പുരോഗതിക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുവാൻ സാധിക്കുന്നതാണ്. ക്ലൗഡ് സംവിധാനത്തിലൂടെയുള്ള ലൈബ്രറി ഉപയോഗിക്കുവാൻ കഴിയുന്നതോടൊപ്പം കൂടുതൽ കാര്യക്ഷമമായി പഠിക്കുവാൻ കഴിയുന്നതാണ്. വിദ്യാർത്ഥികൾക്ക് തങ്ങളുടെ പഠന മികവ് പരിശോധിക്കുവാനും അത് മെച്ചപ്പെടുത്തുവാനും കഴിയുന്നതാണ്.**

## ഇന്ത്യയും ക്ലൗഡ് ക്യാമ്പസും

ആഗോള വിദ്യാഭ്യാസം ഇന്ന് ക്ലൗഡ് ക്യാമ്പസിലേക്ക് മാറിക്കൊണ്ടിരിക്കുകയാണ്. ഇന്ത്യയിൽ ആദ്യമായി ഇതവതരിപ്പിച്ചത് NIIT ആണ്. 50 കോടി രൂപയാണ് NIIT ഈ മേഖലയിൽ നിക്ഷേപിച്ചിരിക്കുന്നത്. ഐടി, ബാങ്കിങ്ങ്, ഗ്ലോബൽ ഫിനാൻസ് മാനേജ്മെൻറ്, ഡിജിറ്റൽ മീഡിയ മാർക്കറ്റിങ്ങ്, സോഷ്യൽ മീഡിയ മാർക്കറ്റിങ്ങ് ഉൾപ്പെടെ ഏതാണ്ട് നൂറിലധികം കോഴ്സുകളാണ് ഇവിടെ ലഭ്യമാകുന്നത്.

മുൻ നിര സ്ഥാപനങ്ങളെല്ലാം ഈ രീതിയിലേക്ക് മാറുന്നതോട് കൂടി ഈ രംഗത്ത് നിരവധി തൊഴിലവസരങ്ങളും സംരംഭക സാധ്യതകളും ഉടലെടുക്കുന്നതാണ്. മാറുന്ന കാലഘട്ടത്തിൽ വിദ്യാഭ്യാസവും അത് നൽകുന്ന സ്ഥാപനങ്ങളും ഒരു സംരംഭമായി കണക്കാക്കേണ്ടിയിരിക്കുന്നു. ലാഭമുണ്ടാക്കുന്ന സംരംഭങ്ങൾ ആയി എങ്കിൽ മാത്രമേ അത് നില നിൽക്കുകയുള്ളൂ. വിവര സാങ്കേതിക വിദ്യയുടെ വിവിധ മേഖലകൾ അതിവേഗം വിപുലപ്പെടുമ്പോൾ ഉടലെടുക്കുന്ന തൊഴിലവസരങ്ങൾ ഏതൊക്കെയാവും എന്ന് പ്രവചിക്കുന്നത് അസാധ്യമാകും. ക്ലൗഡ് അധിഷ്ഠിത സേവനങ്ങൾ വിദ്യാഭ്യാസ രംഗത്തും കടന്ന് വരുമ്പോൾ സൈബർ സൈക്യൂരിറ്റിയുൾപ്പടെയുള്ള മേഖലകളിലും തൊഴിലവസരങ്ങൾ ഉണ്ടാകും. എല്ലാവർക്കും മെച്ചപ്പെട്ട വിദ്യാഭ്യാസം എന്ന ലക്ഷ്യം നേടുന്നതോടൊപ്പം ഉടലെടുക്കുന്ന തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടുന്ന നൂതന സംരംഭങ്ങളും നിരവധിയാവട്ടെ. ■

മനോജ് മാതിരപ്പള്ളി

# റെസ്പോൺസിബിൾ ടൂറിസത്തിന്റെ പതിനഞ്ച് വർഷങ്ങൾ

സംസ്ഥാനത്ത് റെസ്പോൺസിബിൾ ടൂറിസം അഥവാ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനം ആരംഭിച്ചിട്ട് വിജയകരമായ 15 വർഷങ്ങൾ പൂർത്തിയായിരിക്കുന്നു. വിനോദസഞ്ചാരമേഖലയ്ക്ക് മുന്നിൽ കേരളം അവതരിപ്പിച്ച ഈയൊരു മാതൃക ഇന്ന് വ്യാപകമായി ഏറ്റെക്കപ്പെട്ടിരിക്കുന്നുവെന്ന സവിശേഷതയുമുണ്ട്. നവംബറിൽ ലണ്ടനിൽ നടന്ന വേൾഡ് ട്രാവൽ മാർട്ടിൽ ഉത്തരവാദിത്ത ടൂറിസത്തിനുള്ള ഗ്ലോബൽ അവാർഡ് കേരളത്തിന് ലഭിച്ചുവെന്നതുതന്നെ ഇതിന് ഉദാഹരണമാണ്. ഉത്തരവാദിത്തടൂറിസത്തിന്റെ ഭാഗമായി കോട്ടയം ജില്ലയിലെ മറവൻതുരുത്തിൽ നടപ്പാക്കിയ വാട്ടർസ്ട്രീറ്റ് പദ്ധതിയാണ് കേരളത്തെ അന്തർദ്ദേശീയ പുരസ്കാരത്തിന് അർഹമാക്കിയത്. ടൂറിസം മേഖലയിൽ ജനപങ്കാളിത്തത്തോടെ നടപ്പാക്കിയ ജലസംരക്ഷണ പ്രവർത്തനങ്ങൾ പരിഗണിച്ചായിരുന്നു പുരസ്കാരം.

ഇന്ത്യയിൽ ആദ്യമായാണ് ഇക്കഴിഞ്ഞ മാർച്ച് മുപ്പത്തൊന്നാം തീയതി കേരളത്തിൽ സ്ട്രീറ്റ്





(Sustainable, Tangible, Responsible, Experiential, Ethnic, Tourism hubs) ടൂറിസം പദ്ധതിക്ക് തുടക്കമായത്. കോട്ടയം ജില്ലയിലെ മറവൻതുരുത്ത് പഞ്ചായത്തിൽ തുടക്കമിട്ട പദ്ധതി ഫലപ്രദമായ രീതിയിൽ പുരോഗമിക്കുകയും ചെയ്യുന്നു. ഇവിടുത്തെ വിവിധ ജലാശയങ്ങളുടെയും കനാലുകളുടെയും ആഴം കൂട്ടുകയും അവ വൃത്തിയായി സംരക്ഷിക്കുകയും ചെയ്തുകൊണ്ട് ടൂറിസം പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതായിരുന്നു പദ്ധതി. കയർ ഭൂവസ്ത്രം വിരിക്കുന്നത് ഉൾപ്പെടെയുള്ള ജൈവസൗഹൃദ പ്രവർത്തനങ്ങൾ നടപ്പാക്കിക്കൊണ്ടാണ് മറവൻതുരുത്തിൽ വാട്ടർസ്ട്രീറ്റ് പദ്ധതി വിജയകരമായി മുന്നോട്ടു പോകുന്നത്. കയാക്കിംഗ് ഉൾപ്പെടെയുള്ള ടൂറിസം പ്രവർത്തനങ്ങൾക്ക് ഇപ്പോൾ ഇവിടം ഉപയോഗിക്കുകയും ചെയ്യുന്നുണ്ട്. ഓരോ മേഖലയിലും ജനകീയമായ കൂടുതൽ ടൂറിസം ഡെസ്റ്റിനേഷനുകൾ രൂപപ്പെടുത്തുക എന്നതാണ് സ്ട്രീറ്റ് പദ്ധതിയുടെ ലക്ഷ്യം.

**ഇവിടുത്തെ വിവിധ ജലാശയങ്ങളുടെയും കനാലുകളുടെയും ആഴം കൂട്ടുകയും അവ വൃത്തിയായി സംരക്ഷിക്കുകയും ചെയ്തുകൊണ്ട് ടൂറിസം പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതായിരുന്നു പദ്ധതി. കയർ ഭൂവസ്ത്രം വിരിക്കുന്നത് ഉൾപ്പെടെയുള്ള ജൈവസൗഹൃദ പ്രവർത്തനങ്ങൾ നടപ്പാക്കിക്കൊണ്ടാണ് മറവൻതുരുത്തിൽ വാട്ടർസ്ട്രീറ്റ് പദ്ധതി വിജയകരമായി മുന്നോട്ടു പോകുന്നത്.**

## ഉത്തരവാദിത്ത ടൂറിസവും ആർടി മിഷനും

2007-ൽ കോട്ടയം ജില്ലയിലെ കുമരകത്താണ് സംസ്ഥാനത്ത് ആദ്യമായി ഉത്തരവാദിത്ത ടൂറിസം



പദ്ധതി നടപ്പാക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചത്. ഇതിന് മുന്നോടിയായി പല തരത്തിലുള്ള പഠനങ്ങൾ നടക്കുകയും കൂട്ടായ്മകൾ സംഘടിപ്പിക്കുകയും ചെയ്തിരുന്നു. പഠനങ്ങൾക്കുശേഷം പദ്ധതിക്ക് തുടക്കമായതോടെ കോവളം, തേക്കടി, വയനാട് എന്നീ നാലു കേന്ദ്രങ്ങൾ കൂടി ഉൾപ്പെടുത്തി. ഇപ്പോൾ, ഈ നാലു മേഖലകളിലെയും ആയിരക്കണക്കിന് വനിതകളും കർഷകരും കരകൗശലവിദഗ്ധരും കലാകാരന്മാരുമെല്ലാം ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമാണ്. പദ്ധതി വിജയകരമായതോടെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് ജനകീയപങ്കാളിത്തത്തോടെ ഈ പദ്ധതി വ്യാപിപ്പിക്കുകയും ചെയ്തു.

**സംസ്ഥാന സർക്കാർ നടപ്പാക്കിവരുന്ന ഔദ്യോഗികമായ ഒരു ടൂറിസം നയമാണ് ഇപ്പോൾ ഉത്തരവാദിത്ത ടൂറിസം. ഇവിടുത്തെ ചെറുതും വലുതുമായ എല്ലാ ടൂറിസ്റ്റ് കേന്ദ്രങ്ങളോട് അനുബന്ധിച്ചും ഇത് നടപ്പാക്കാവുന്നതാണ്. വിനോദസഞ്ചാരികൾക്ക് എത്താനും താമസിക്കാനും ആസ്വദിക്കാനും കഴിയുന്ന കേന്ദ്രമാക്കി ഓരോ ടൂറിസ്റ്റ് കേന്ദ്രത്തെയും മാറ്റിയെടുക്കുകയാണ് ഇതിന്റെ ലക്ഷ്യം.**

സംസ്ഥാന സർക്കാർ നടപ്പാക്കിവരുന്ന ഔദ്യോഗികമായ ഒരു ടൂറിസം നയമാണ് ഇപ്പോൾ ഉത്തരവാദിത്ത ടൂറിസം. ഇവിടുത്തെ ചെറുതും വലുതുമായ എല്ലാ ടൂറിസ്റ്റ് കേന്ദ്രങ്ങളോട് അനുബന്ധിച്ചും ഇത് നടപ്പാക്കാവുന്നതാണ്. വിനോദസഞ്ചാരികൾക്ക് എത്താനും താമസിക്കാനും ആസ്വദിക്കാനും കഴിയുന്ന കേന്ദ്രമാക്കി ഓരോ ടൂറിസ്റ്റ് കേന്ദ്രത്തെയും മാറ്റിയെടുക്കുകയാണ് ഇതിന്റെ ലക്ഷ്യം. എന്നാൽ, അതിനേക്കാൾ സുപ്രധാനം ഇത്തരത്തിൽ സഞ്ചാരികൾ എത്തുമ്പോഴും ആ നാട്ടിലെ ജനങ്ങൾക്ക് നന്നായി ജീവിക്കാൻ കഴിയുന്ന തരത്തിൽ ആ പ്രദേശത്തെ നിലനിർത്തുകയെന്നതാണ്. ഇതോടൊപ്പം ടൂറിസം മേഖലയിൽനിന്നുള്ള വരുമാനത്തിന്റെ നല്ലൊരു പങ്കും പ്രദേശവാസികൾക്ക് തന്നെ ലഭ്യമാകുകയും വേണം. ഈ കാഴ്ചപ്പാടുകളെല്ലാം ഒത്തുചേർന്നാൽ അത് ഉത്തരവാദിത്ത ടൂറിസമായി.

ഇതോടൊപ്പം, ഓരോ മേഖലയുടെയും കലാ–സാംസ്കാരിക പൈതൃകം സംരക്ഷിക്കാനും പ്രാദേശിക ജനതയുടെ ജീവിതരീതികൾക്കുമേൽ ആഘാതമേൽപ്പിക്കാതെ ടൂറിസത്തെ മുന്നോട്ടു കൊണ്ടുപോകാനും കഴിയണം. പരിസ്ഥിതി ആഘാതങ്ങൾ പരമാവധി ലഘൂകരിക്കുക എന്നതും ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമാണ്. ഇത്തരമൊരു



പദ്ധതി നടപ്പാക്കപ്പെടുന്ന മേഖലകളുടെ പൊതുവികാസവും അവിടുത്തെ പ്രാഥമികസൗകര്യങ്ങളും സ്വാഭാവികമായും പുരോഗമിക്കപ്പെടും. ടൂറിസം സംരംഭകരും പ്രാദേശികജനതയും ഒത്തുചേരുന്ന വേദികൾ രൂപപ്പെടുന്നതോടെ ഇത് എളുപ്പത്തിൽ സാധ്യമാകുന്നു. കർഷകർക്കായാലും കൈത്തൊഴിലുകാർക്കായാലും കുടുംബശ്രീ പ്രവർത്തകർക്കായാലും കലാപ്രവർത്തകർക്കായാലും അവർ ജീവിക്കുന്ന നാട്ടിലെ ടൂറിസം പ്രവർത്തനങ്ങളിൽനിന്നും നിശ്ചിത വരുമാനമോ അധികവരുമാനമോ ലഭിച്ചുതുടങ്ങുമ്പോൾ അവരുടെകൂടി പങ്കാളിത്തം ആ മേഖലയിലുണ്ടാവും.

റെസ്പോൺസിബിൾ ടൂറിസം വിജയകരമാണെന്ന് ബോധ്യപ്പെട്ടതോടെ ഇത്തരമൊരു സന്ദേശം കേരളത്തിന്റെ എല്ലാ ഭാഗങ്ങളിലും എത്തിക്കുക എന്ന ലക്ഷ്യവുമായി രൂപീകരിച്ചതാണ് ഉത്തരവാദിത്ത ടൂറിസം മിഷൻ (ആർടി മിഷൻ). സംസ്ഥാന സർക്കാരിന്റെ പ്രാഥമിക കേന്ദ്ര എജൻസിയാണിത്. റെസ്പോൺസിബിൾ ടൂറിസം പ്രവർത്തനം തുടങ്ങി പത്തുവർഷത്തിനുശേഷം, 2017 ഒക്ടോബർ ഇരുപതാം തീയതി, മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തതോടെ മിഷൻ പ്രവർത്തനം ആരംഭിച്ചു. പ്രാദേശിക വികസനത്തിന് ടൂറിസത്തെ ഫലപ്രദമായി വിനിയോഗിക്കുകയും സ്ത്രീശാക്തീകരണത്തിന് ഊന്നൽ നൽകിയുള്ള വികസനവുമാണ് ഉത്തരവാദിത്ത ടൂറിസം മിഷന്റെ ലക്ഷ്യം. സഞ്ചാരികൾക്ക് ഗ്രാമജീവിതവും സംസ്കാരികാനുഭവവും നാടൻ ജീവിതവും ആസ്വദിച്ചറിയാനുള്ള സാഹചര്യവും ഇതിലൂടെ ഒരുക്കപ്പെടും.

## വിജയകരമായ മാതൃക

കുമരകത്തെയും കോവളത്തെയും തേക്കടിയിലെയും വയനാട്ടിലെയും പരീക്ഷണാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ വിജയകരമായതോടെ റെസ്പോൺസിബിൾ ടൂറിസം എന്ന ആശയം സംസ്ഥാനത്തെ കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിച്ചു. വൈക്കം, ബേപ്പൂർ, ബേക്കൽ, അമ്പലവയൽ, വൈത്തിരി, കണ്ണൂർ, അയ്മനം, കോഴിക്കോട്, പൊന്നാനി, മടവൂർപ്പാറ തുടങ്ങിയ സ്ഥലങ്ങളിലെ ഉത്തരവാദിത്ത ടൂറിസം പദ്ധതികളൊക്കെ ഇത്തരത്തിൽ ആരംഭിച്ചതാണ്. കേരളത്തിലേക്ക് വരുന്ന വിദേശസഞ്ചാരികളുടെയും ആഭ്യന്തരടൂറിസ്റ്റുകളുടെയും എണ്ണത്തിൽ ക്രമാനുഗതമായ വർദ്ധന ഉണ്ടാകുന്നതിൽ റെസ്പോൺസിബിൾ ടൂറിസത്തിനും പങ്കുണ്ടെന്ന കാര്യത്തിൽ തർക്കമില്ല.

സഞ്ചാരികളെ ആകർഷിക്കുന്ന ഓരോ മേഖലയിലെയും തദ്ദേശവാസികളുടെ സാമ്പത്തികശാക്തീകരണത്തിനുള്ള പ്രധാനപ്പെട്ട പദ്ധതിയായി ഇന്ന് ഉത്തരവാദിത്ത ടൂറിസം മാറിക്കഴിഞ്ഞു. "കോവിഡാനന്തര ടൂറിസം മേഖലയുടെ പുനരുജ്ജീവനത്തിന് കേരളത്തിന്റെ ഉത്തരവാദിത്ത ടൂറിസം ആഗോളമാതൃകയാണ്. വിനോദസഞ്ചാരമേഖലയുടെ സുസ്ഥിരവികസനത്തിൽ നിർണ്ണായകപങ്ക് വഹിക്കാൻ റെസ്പോൺസിബിൾ ടൂറിസത്തിന് സാധിക്കുമെന്നത് സംസ്ഥാനത്തിന്റെ അനുഭവത്തിലൂടെ തെളിയുന്നുണ്ട്. കോവിഡ് സാഹചര്യത്തിൽനിന്നും ദ്രുതഗതിയിലുള്ള തിരിച്ചുവരവിന് ഉത്തരവാദിത്തടൂറിസം പ്രധാന ഘടകമായി വർത്തിച്ചു;'' ലണ്ടനിൽ നടന്ന വേൾഡ് ട്രാവൽ മാർട്ട് അവാർഡ് സ്വീകരിച്ച ശേഷം



**കുമരകത്തെയും കോവള ത്തെയും തേക്കടിയിലെയും വയനാട്ടിലെയും പരീക്ഷണാടി സ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ വിജയകരമായതോടെ റെസ്പോൺസിബിൾ ടൂറിസം എന്ന ആശയം സംസ്ഥാനത്തെ കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിച്ചു. വൈക്കം, ബേപ്പൂർ, ബേക്കൽ, അമ്പലവയൽ, വൈത്തി രി, കണ്ണൂർ, അയ്മനം, കോഴി ക്കോട്, പൊന്നാനി, മടവൂർപ്പാറ തുടങ്ങിയ സ്ഥലങ്ങളിലെ ഉത്തരവാ ദിത്ത ടൂറിസം പദ്ധതികളൊക്കെ ഇത്തരത്തിൽ ആരംഭിച്ചതാണ്.**

ടൂറിസം മന്ത്രി പി.എ. മുഹമ്മദ് റിയാസ് പറഞ്ഞ വാക്കുകൾ ശ്രദ്ധേയമാണ്.

ആർടി മിഷന് കീഴിൽ ഇപ്പോൾ ഇരുപത്തയ്യാ യിരത്തിലധികം യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ചെറുകിട സംരംഭകർ, കലാകാരൻമാർ, കരകൗശല വിദഗ്ധർ, പരമ്പരാഗത തൊഴിലാളികൾ, കർഷകർ, മറ്റു സേവനദാതാക്കൾ തുടങ്ങിയവരെല്ലാം ഇതിലുൾപ്പെടും. ഇവിടുത്തെ ഉത്തരവാദിത്ത ടൂറി സത്തിന്റെ ഫലപ്രദമായ പ്രവർത്തനം ബോധ്യപ്പെ ട്ടതോടെ മറ്റു പല സംസ്ഥാനങ്ങളും ഇതേ ശൈലി അവിടെയും നടപ്പാക്കാൻ രംഗത്തെത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ആർടി മിഷനുമായി മധ്യപ്രദേശ് ഉൾപ്പെടെയുള്ള പല സംസ്ഥാനങ്ങളും ധാരണാപ ത്രവും ഒപ്പിട്ടുകഴിഞ്ഞു. ഇതനുസരിച്ച് ഓരോ സംസ്ഥാനത്തിന്റെയും സാഹചര്യങ്ങൾക്ക് അനുസൃ തമായ രീതിയിലുള്ള പദ്ധതി ആർടി മിഷൻ തയ്യാ റാക്കും. നൂതനമായ ആക്ഷൻ പ്ലാൻ തയ്യാറാക്കൽ, ഓരോ ജില്ലയിലെയും ടൂറിസം പ്രമോഷൻ കൗൺസി ലുകളുടെ രൂപീകരണം, ഓരോ വിനോദസഞ്ചാര കേന്ദ്രങ്ങളിലും ഉത്തരവാദിത്വ ടൂറിസം നടപ്പാക്കാ നുള്ള പഠനം നടത്തൽ, മനുഷ്യവിഭവശേഷി കണ്ടെ ത്തൽ, പ്രദേശവാസികൾക്ക് ആവശ്യമായ പരിശീലന പരിപാടി നടപ്പാക്കൽ, ഓരോ കേന്ദ്രത്തിലും ആവ ശ്യമായ പെരുമാറ്റച്ചട്ടം രൂപീകരിക്കൽ തുടങ്ങിയവ യെല്ലാം ഇതിൽ ഉൾപ്പെടുന്നു.

## മാറുന്ന കാഴ്ചപ്പാട്

ഒരുകാലത്ത് ഫോർട്ടുകൊച്ചിയും ആലപ്പുഴയും കോവളവും തേക്കടിയും മൂന്നാറുമൊക്കെ ആയി രുന്നു കേരളത്തിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളെങ്കിൽ ഇപ്പോൾ സ്ഥിതി മാറുകയാണ്. കേരളത്തെയാകെ ഒരു ടൂറിസം ഡെസ്റ്റിനേഷനായി വികസിപ്പിക്കുന്ന തിനുള്ള ശ്രമങ്ങളാണ് സർക്കാർ തലത്തിൽ നടക്കു ന്നത്. ഇതിന്റെ ഭാഗമായി പുതിയ ആശയങ്ങൾ

കണ്ടെത്തുകയും പ്രാവർത്തികമാക്കുകയും ചെയ്തു കൊണ്ടിരിക്കുന്നു. വേൾഡ് ട്രാവൽ മാർട്ടിൽ കേരളത്തിന് അന്തർദ്ദേശീയപുരസ്കാരം നേടിക്കൊടുത്ത ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമായ സ്ട്രീറ്റും ഇത്തരത്തിലൊന്നാണ്. ആർടി മിഷനിലൂടെ സംസ്ഥാനത്തെ പത്തു കേന്ദ്രങ്ങളാണ് സ്ട്രീറ്റ് പദ്ധതിക്കായി തെരഞ്ഞെടുത്തത്. കോട്ടയം ജില്ലയിലെ മറവൻതുരുത്ത്, കോഴിക്കോട് ജില്ലയിലെ കടലുണ്ടി, ഇടുക്കി ജില്ലയിലെ കാന്തല്ലൂർ, കാസർകോഡ് ജില്ലയിലെ വലിയപറമ്പ്, വയനാട് ജില്ലയിലെ ചേകാടി, കണ്ണൂർ ജില്ലയിലെ പിണറായി, അഞ്ചരക്കണ്ടി, പാലക്കാട് ജില്ലയിലെ തൃത്താല, പട്ടിത്തറ തുടങ്ങിയ സ്ഥലങ്ങളിലാണ് ആദ്യഘട്ടമായി സ്ട്രീറ്റ് പദ്ധതി നടപ്പാക്കുന്നത്.

ഓരോ പ്രദേശത്തിന്റെയും പ്രത്യേകതകൾ കണ്ടറിയാനും അനുഭവിക്കാനും സാധിക്കുന്ന തെരുവുകളാണ് സ്ട്രീറ്റിലൂടെ രൂപപ്പെടുത്തുക. ഗ്രീൻ സ്ട്രീറ്റ്, കൾച്ചറൽ സ്ട്രീറ്റ്, എത്നിക് ക്യൂസിൻ/ ഫുഡ് സ്ട്രീറ്റ്, വില്ലേജ് ലൈഫ് എക്സ്പീരിയൻസ്/ എക്സ്പീരിയൻഷ്യൽ ടൂറിസം സ്ട്രീറ്റ്, അഗ്രി ടൂറിസം സ്ട്രീറ്റ്, വാട്ടർ സ്ട്രീറ്റ്, ആർട്ട് സ്ട്രീറ്റ് തുടങ്ങിയുള്ള തെരുവുകൾ പദ്ധതിയുടെ ഭാഗമായി വരും. ഏറ്റവും കുറഞ്ഞത് മൂന്നു സ്ട്രീറ്റുകളെങ്കിലും ഓരോ കേന്ദ്രങ്ങളിലും രൂപപ്പെടുത്തുകയാണ് ലക്ഷ്യം. ഇതിലൂടെയെല്ലാം തദ്ദേശീയരായ ജനങ്ങൾക്ക് വരുമാനവും, ടൂറിസത്തിൽ ഊന്നിയുള്ള പ്രാദേശികമായ വികസനവും സാധ്യമാകും.

പ്രദേശവാസികൾക്ക് തൊഴിലവസരവും ജനപങ്കാളിത്തവുമില്ലാത്ത വിനോദസഞ്ചാരത്തിന് ലോകത്തൊരിടത്തും നിലനിൽപ്പില്ലെന്ന തരത്തിലുള്ള ചർച്ചകൾ ഇപ്പോൾ ലോകത്തിന്റെ പല ഭാഗങ്ങളിലും ആരംഭിച്ചിട്ടുണ്ട്. ഇത് മുന്നിൽ കണ്ടുള്ള പ്രവർത്തനങ്ങളിലാണ് കേരളവും ഏർപ്പെട്ടിട്ടുള്ളത്. ആർടി മിഷനാണ് പദ്ധതിക്ക് നേതൃത്വം നൽകുകയെങ്കിലും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ പങ്കാളിത്തവും ഈ രംഗത്ത് ഉറപ്പാക്കും. പ്രാദേശികമായി കൂടുതൽ ടൂറിസ്റ്റ് കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള ഡെസ്റ്റിനേഷൻ ചലഞ്ചും സംസ്ഥാനത്തിന്റെ വിനോദസഞ്ചാരമേഖലയ്ക്ക് ഗുണകരമാകും. ■





# നല്ലൊരു വിൽപ്പനക്കാരനായി മാറാൻ നിങ്ങൾ അറിയേണ്ടത്



ഡോ. സുധീർ ബാബു

ഒരു ദിവസം ഓഫീസിൽ ഇരിക്കുമ്പോഴാണ് ആ സെയിൽസ് എക്സിക്യൂട്ടീവ് കടന്നു വന്നത്.

"സർ, ഈ ഉൽപ്പന്നങ്ങളെല്ലാം യാതൊരുവിധ കെമിക്കലുകളും ചേർക്കാതെ നിർമ്മിച്ചതാണ്. തികച്ചും പ്രകൃതിദത്തമായ ചേരുവകൾ മാത്രമാണ് ഉപയോഗിച്ചിട്ടുള്ളത്. താങ്കൾ ഇത് വാങ്ങി ഉപയോഗിച്ചു നോക്കൂ. തീർച്ചയായും ഇഷ്ടപ്പെടും.''

അയാൾ മുന്നിലെ മേശയിലേക്ക് സോപ്പ്, ലിപ് ബാം തുടങ്ങിയ ചില ഉൽപ്പന്നങ്ങൾ എടുത്തുവെച്ചു. ഞാൻ അവ എടുത്തുനോക്കി. നന്നായി പാക്ക് ചെയ്തിരിക്കുന്നു, പ്രീമിയം വിലയുമാണ്. ഉൽപ്പന്നങ്ങൾ തിരിച്ചും മറിച്ചും നോക്കി ഞാനയാളോട് ചോദിച്ചു.

"ഇത് നിങ്ങൾ ഉപയോഗിക്കുന്നുണ്ടോ?''

"ഇല്ല സർ, ഞാനിതുവരെ ഉപയോഗിച്ചു നോക്കിയിട്ടില്ല. പക്ഷേ എന്റെ കസ്റ്റമേഴ്സിനൊക്കെ നല്ല അഭിപ്രായമാണ്. ഇതൊക്കെ തുടർച്ചയായി വാങ്ങുന്ന ധാരാളം പേരുണ്ട്.''

ഞാനയാളുടെ മുഖത്തേക്ക് നോക്കി. പിന്നീട് വാങ്ങാമെന്നു പറഞ്ഞ് തൽക്കാലം ഒഴിവാക്കി. ഞാനിനിയും വരും എന്നു പറഞ്ഞയാൾ യാത്രയായി. പിന്നീടൊരിക്കൽ എന്റെ അരികിൽ വന്ന ഒരു എൽ ഐ സി ഏജന്റിനോട് ഞാൻ ചോദിച്ചു. "താങ്കൾ എൽ ഐ സി ഏജന്റ് ആയതിനു ശേഷമുള്ള ആദ്യത്തെ കസ്റ്റമർ ആരായിരുന്നു.'' അയാൾ ചിരിച്ചു കൊണ്ട് പറഞ്ഞു "ആദ്യത്തെ പോളിസികൾ ഞാനും എന്റെ ഭാര്യയും തന്നെയാണ് എടുത്തത്.''

നാമിപ്പോൾ കണ്ടത് രണ്ട് വിൽപ്പനക്കാരെയാണ്. ഒരാൾ താൻ വിൽക്കുന്ന ഉൽപ്പന്നം ഉപയോഗിച്ചു പോലും നോക്കിയിട്ടില്ല. മറ്റെയാളോആദ്യത്തെ ഉൽപ്പന്നം സ്വയം വാങ്ങുകയും ചെയ്തു. ഇവർ തമ്മിൽ അടിസ്ഥാനപരമായ ഒരു വ്യത്യാസമുണ്ട്.

## വിൽപ്പനയുടെ ആദ്യ പാഠം

താൻ വിൽക്കുന്ന ഉൽപ്പന്നം സ്വയം ബോധ്യപ്പെടുക എന്നതാണ് വിൽപ്പനയുടെ ആദ്യ പാഠം. തനിക്ക് ഉറച്ച ബോധ്യമുള്ള കാര്യങ്ങളാണ് കസ്റ്റമറോട് സംവദിക്കുന്നതെങ്കിൽ വിൽപ്പനക്കാരന്റെ ശബ്ദത്തിൽ, ശരീരഭാഷയിൽ, ആത്മവിശ്വാസത്തിൽ എല്ലാം ആ ബോധ്യപ്പെടലിന്റെ ശക്തിയുണ്ടാകും. അല്ലെങ്കിലോ തനിക്ക് തീർച്ചയില്ലാത്ത കാര്യങ്ങൾ സംസാരിക്കുന്ന ഒരാളിന്റെ പതർച്ച കസ്റ്റമർക്ക് കാണാൻ സാധിക്കും.

നിങ്ങളൊരു വിൽപ്പനക്കാരനാണെങ്കിൽ നിങ്ങൾ ഇവിടെ നിന്നും ആരംഭിക്കുക. എല്ലാ ഉൽപ്പന്നങ്ങളും ഉപയോഗിച്ചു നോക്കി വിൽക്കുക പ്രായോഗികമായി നടപ്പുള്ള കാര്യമല്ല. പക്ഷേ താൻ വിൽക്കുന്ന ഉൽപ്പന്നത്തെ അടിമുടി അറിഞ്ഞിരിക്കുക എന്നത് വിൽപ്പനക്കാരന്റെ ഉത്തരവാദിത്തമാണ്. നിങ്ങൾ സ്വയം ചോദിക്കേണ്ട ചില ചോദ്യങ്ങളുണ്ട്.

**നിങ്ങളൊരു വിൽപ്പനക്കാരനാണെങ്കിൽ നിങ്ങൾ ഇവിടെ നിന്നും ആരംഭിക്കുക. എല്ലാ ഉൽപ്പന്നങ്ങളും ഉപയോഗിച്ചു നോക്കി വിൽക്കുക പ്രായോഗികമായി നടപ്പുള്ള കാര്യമല്ല. പക്ഷേ താൻ വിൽക്കുന്ന ഉൽപ്പന്നത്തെ അടിമുടി അറിഞ്ഞിരിക്കുക എന്നത് വിൽപ്പനക്കാരന്റെ ഉത്തരവാദിത്തമാണ്. നിങ്ങൾ സ്വയം ചോദിക്കേണ്ട ചില ചോദ്യങ്ങളുണ്ട്.**



1. ഞാൻ വിൽക്കുന്ന ഉൽപ്പന്നത്തെക്കുറിച്ച് എത്രമാത്രം അറിവ് തനിക്കുണ്ട്?
2. ആ അറിവ് മറ്റൊരാൾക്ക് പകർന്നു നൽകാൻ പാകത്തിലുള്ള കഴിവ് താൻ നേടിയോ?
3. ഉൽപ്പന്നത്തെക്കുറിച്ചുള്ള കസ്റ്റമറുടെ ഏതു ചോദ്യത്തിനും ഉത്തരം നൽകാൻ തനിക്ക് സാധിക്കുമോ?
4. താൻ വിൽക്കുന്ന ഉൽപ്പന്നം കസ്റ്റമറെ ഏതു വിധത്തിലാണ് സഹായിക്കുവാൻ പോകുന്നത്?
5. ഉൽപ്പന്നം അവതരിപ്പിക്കുവാനുള്ള പൂർണ്ണമായ ആത്മവിശ്വാസം താൻ കരസ്ഥമാക്കിയോ?

താൻ വിൽക്കുന്നതെന്താണോ അതിൽ അറിവില്ലാത്ത ഒരു വിൽപ്പനക്കാരനും വിജയിക്കുവാൻ പോകുന്നില്ല. കുറച്ചെന്തെങ്കിലും പഠിക്കുകയും അതുപയോഗിച്ച് കസ്റ്റമറെക്കൊണ്ട് ഉൽപ്പന്നങ്ങൾ വാങ്ങിപ്പിക്കാൻ കഴിയുമെന്നത് വെറുമൊരു തോന്നൽ മാത്രമാണ്. വിജയിച്ച വിൽപ്പനക്കാരെ നോക്കുക. അവരിൽ നിങ്ങൾക്ക് കാണാൻ കഴിയുന്ന ഏറ്റവും വലിയ കഴിവ് ഉൽപ്പന്നങ്ങളെക്കുറിച്ച് അവർക്കുള്ള ആഴത്തിലുള്ള അറിവാണ്. അത് അവരുടെ ആത്മവിശ്വാസത്തിൽ മാറ്റം കൊണ്ടുവരുന്നു. എത്ര മനോഹരമായാണ്, സ്വയം ബോധ്യപ്പെട്ട കാര്യങ്ങൾ അവർ അവതരിപ്പിക്കുന്നത്.

സ്വന്തം ഉൽപ്പന്നങ്ങൾ മാത്രമല്ല എതിരാളികളുടെ ഉൽപ്പന്നങ്ങൾ കൂടി പഠിക്കേണ്ടതുണ്ട്. എന്തുകൊണ്ട് തന്റെ ഉൽപ്പന്നങ്ങൾ എതിരാളികളുടെ ഉൽപ്പന്നങ്ങളെക്കാൾ മികച്ചു നിൽക്കുന്നുവെന്ന് കസ്റ്റമറെ ബോധ്യപ്പെടുത്തേണ്ട കടമ കൂടി വിൽപ്പനക്കാരനുണ്ട്. വിൽപ്പനയുടെ ആദ്യഘട്ടങ്ങളിൽ ഈ താരതമ്യം തീർച്ചയായും ഉയർന്നു വരും. തന്റെ ആ ഉൽപ്പന്നത്തിന്റെ പ്രത്യേകതകൾ വിവരിച്ചു നൽകാനും അത് കസ്റ്റമറെ ബോധ്യപ്പെടുത്താനും വിൽപ്പനക്കാരന് കഴിയേണ്ടതുണ്ട്.

## എന്റെ പ്രയോജനം എന്താണ്?

കസ്റ്റമറുടെ ആശങ്ക ഒന്നു മാത്രമാണ്. നിങ്ങളുടെ ഉൽപ്പന്നം കൊണ്ട് എനിക്കുള്ള പ്രയോജനം എന്താണ്? അതെന്നെ എങ്ങിനെ സഹായിക്കുന്നു? ഇതുപോലുള്ള മറ്റ് ഉൽപ്പന്നങ്ങളിൽ നിന്നും വ്യത്യസ്തമായി നിങ്ങൾക്കെന്ത് പ്രത്യേകതയാണുള്ളത്?

## അതെ, എനിക്കുള്ള പ്രയോജനം എന്താണ്?

നിങ്ങൾക്കത് ബോധ്യപ്പെടുത്താൻ കഴിയണം. അതിന് നിങ്ങൾക്കത് ആദ്യമേ ബോധ്യപ്പെടണം. നിങ്ങൾക്ക് ബോധ്യപ്പെടാത്തത് മറ്റൊരാളെ ബോധ്യപ്പെടുത്തുക എളുപ്പമല്ല. താനെന്താണ് വിൽക്കുന്നതെന്ന് പൂർണ്ണമായി ബോധ്യമുള്ള ഒരു വിൽപ്പനക്കാരന്റെ കയ്യിൽ നിന്നും കസ്റ്റമർക്ക് രക്ഷപ്പെടുക എളുപ്പമല്ല.

## മധുരമായി സംസാരിച്ചാൽ കസ്റ്റമറെ വീഴ്ത്താൻ സാധിക്കും

ഇത് വലിയൊരു തെറ്റിദ്ധാരണയാണ്. നന്നായി സംസാരിച്ചാൽ മതി കസ്റ്റമറെ പോക്കറ്റിലാക്കാം എന്നത് വിൽപ്പനക്കാരൻ ആദ്യം പഠിക്കുന്ന ഒരു മണ്ടത്തരമാണ്. ആവശ്യമുള്ള കാര്യങ്ങൾ നന്നായി സംസാരിച്ചാൽ എന്ന് നിങ്ങളത് തിരുത്തി മനസ്സിലാക്കണം. മധുരമായി സംസാരിക്കുവാൻ കഴിയുക എന്നത് വലിയൊരു സിദ്ധിയാണ്. ഉൽപ്പന്നത്തെക്കുറിച്ചറിയാത്ത വിൽപ്പനക്കാരന് ആ സിദ്ധി ഒരു പ്രയോജനവും ചെയ്യില്ല. എന്നാൽ ഉൽപ്പന്നത്തെക്കുറിച്ച് അറിവ് നേടിയ വിൽപ്പനക്കാരന് ഈ സിദ്ധി കൂടി ഉണ്ടെങ്കിലോ?

## എന്താണ് കസ്റ്റമറോട് സംസാരിക്കേണ്ടത്?

ഇത് പഠിക്കുക. ഇരുന്നും നിന്നും കിടന്നും പഠിക്കുക. കണ്ണാടിക്ക് മുന്നിൽ നിന്ന് പരിശീലിക്കുക. പഠിക്കുംതോറും നിങ്ങളുടെ ആത്മവിശ്വാസത്തിൽ,

**നന്നായി സംസാരിച്ചാൽ മതി കസ്റ്റമറെ പോക്കറ്റിലാക്കാം എന്നത് വിൽപ്പനക്കാരൻ ആദ്യം പഠിക്കുന്ന ഒരു മണ്ടത്തരമാണ്. ആവശ്യമുള്ള കാര്യങ്ങൾ നന്നായി സംസാരിച്ചാൽ എന്ന് നിങ്ങളത് തിരുത്തി മനസ്സിലാക്കണം. മധുരമായി സംസാരിക്കുവാൻ കഴിയുക എന്നത് വലിയൊരു സിദ്ധിയാണ്.**



ശരീരഭാഷയിൽ, സംസാരത്തിൽ, പെരുമാറ്റത്തിൽ ഒക്കെ വരുന്ന വ്യത്യാസം ശ്രദ്ധിക്കുക. നിങ്ങൾ മറ്റൊരു വ്യക്തിയായി മാറുകയാണ്. കസ്റ്റമറുടെ മുന്നിൽ ചൂളി നിൽക്കുന്ന ഒരു വിൽപ്പനക്കാരനല്ല നിങ്ങളിപ്പോൾ. നിങ്ങളുടെ ബോധ്യം ഇപ്പോൾ മുഖത്തുണ്ട് ശരീരമാകമാനമുണ്ട്.

## എന്തുകൊണ്ട് എനിക്ക് വിൽക്കാൻ സാധിക്കുന്നില്ല?

ഒറ്റ ഉത്തരമേയുള്ളൂ. നിങ്ങൾക്ക് ബോധ്യപ്പെട്ടിട്ടില്ല. നിങ്ങൾ കസ്റ്റമറോട് സംസാരിക്കുന്നത് ആത്മവിശ്വാസത്തോടെയല്ല. നിങ്ങളിൽ ഉത്സാഹമില്ല. നിങ്ങളിൽ ഉത്സാഹം നിറയണമെങ്കിൽ നിങ്ങൾക്ക് സ്വയം ബോധ്യപ്പെടണം. എന്നോട് സംസാരിച്ച സെയിൽസ് എക്സിക്യൂട്ടീവ് പറയുകയാണെന്നു കരുതുക "സർ, ഈ സോപ്പ് ഞാൻ ഉപയോഗിക്കുന്നതാണ്. സാറിന് ഞാൻ വ്യക്തിപരമായി ഉറപ്പു തരുന്നു. ധൈര്യമായി വാങ്ങൂ. ഞാനാണ് ഗ്യാരണ്ടി.'' ഇത് എന്തു വ്യത്യാസമാകും കസ്റ്റമറിൽ കൊണ്ടുവരുന്നത് എന്ന് ഞാൻ പ്രത്യേകം പറയേണ്ട കാര്യമില്ലല്ലോ.

## കസ്റ്റമർക്ക് സമ്മർദ്ദമില്ലാതെ വിൽക്കുക

കസ്റ്റമറെ പെട്ടെന്ന് സമർദ്ദത്തിലാക്കി ഉൽപ്പന്നം വാങ്ങിപ്പിക്കാം എന്ന തെറ്റിദ്ധാരണയുണ്ടോ? എങ്കിലത് മാറ്റിവയ്ക്കുക. കസ്റ്റമർക്ക് സ്വസ്ഥത നൽകാൻ വിൽപ്പനക്കാരന് സാധിക്കണം. ഈ ഉൽപ്പന്നം തനിക്ക് ആവശ്യമാണെന്ന തോന്നലാണ് ആദ്യം കസ്റ്റമറിൽ ജനിപ്പിക്കേണ്ടത്. പിന്നീട് മെല്ലെ വിൽപ്പന പൂർത്തീകരിക്കുവാൻ ശ്രമിക്കുക. അനാവശ്യമായ തിടുക്കം കസ്റ്റമറിൽ അസ്വസ്ഥത സൃഷ്ടിക്കും. കസ്റ്റമറുടെ പ്രയോജനത്തിനായി പ്രവർത്തിക്കുന്ന ഒരാളാണ് താനെന്ന ബോധ്യം കസ്റ്റമറിൽ ഉടലെടുപ്പിക്കുവാൻ വിൽപ്പനക്കാരൻ ശ്രമിക്കേണ്ടതുണ്ട്.

ഒരു സർജറി നടത്തുന്ന ഡോക്ടറുടെ സൂക്ഷ്മതയോടെയാവണം ഓരോ വിൽപ്പനയും പൂർത്തീകരിക്കേണ്ടത്. ഞാൻ പറയുന്നത് അത്രമാത്രം ശ്രദ്ധ വിൽപ്പനയിൽ ഉണ്ടാവണം എന്നതാണ്. തന്നെ ശ്രദ്ധിക്കുന്ന, പരിഗണിക്കുന്ന, തന്നോട് നന്നായി ഇടപെടുന്ന, തന്നെ സഹായിക്കുവാൻ സന്നദ്ധതയുള്ള വിൽപ്പനക്കാരനോടാണ് കസ്റ്റമർക്ക് ഇഷ്ടം തോന്നുന്നത്. കസ്റ്റമറും വിൽപ്പനക്കാരനും തമ്മിൽ ഒരു കെമിസ്ട്രി ഉടലെടുക്കുന്നുണ്ട്. അതെങ്ങിനെ ഉണ്ടാക്കിയെടുക്കണം എന്നതിലാണ് വിൽപ്പനക്കാരന്റെ മിടുക്ക്.

വിൽക്കുന്നത് സ്വയം ബോധ്യപ്പെടുക, അത് കസ്റ്റമറെ ബോധ്യപ്പെടുത്തുക. നിങ്ങളിൽ ആത്മവിശ്വാസവും ഉത്സാഹവും നിറയട്ടെ. നിങ്ങൾ നല്ലൊരു വിൽപ്പനക്കാരനായി മാറട്ടെ. ■

Volume 55 Issue 2
November 2022

# Vyavasaya Keralam
MONTHLY

₹ 30
Date of publication-
28nd November 2022

**Francis Paul**
Managing Director
Mob : 9447513410



# SONEX MACHINE COMBINES INDIA (P) LTD.
## CIN : U29253 KL 2014 PTC 037031

Regd. Office & Works
Nalukettu,
Nalukettu P.O.,
Thrissur Dist.,
Kerala-680 308

Mob: 9847801372
E-mail : sonexmachinecombines@gmail.com

Printed and Published by the Kerala Bureau of Industrial Promotion (K-Bip)
on behalf of the Director of Industries & Commerce, Govt. of Kerala, Vikasbhavan, Thiruvananthapuram.
Printed at Akshara Offset, Vanchiyoor, Thiruvananthapuram. Ph.0471 2471174.

Editor : Baiju R.S.